# ഗിരിദീപം

ജനുവരി 2025

ജനുവരി 06 ദനഹാത്തിരുനാൾ



2025

HAPPY NEW YEAR




# നവവൈദികർക്ക് അഭിനന്ദനങ്ങൾ



**Rev. Fr. James (Bodwin) Attarackal**



**Rev. Fr. Augustine (Nidhin) Cherunilam**



**Rev. Fr. Joseph (Cyril) Cherukarakunnel**



**Rev. Fr. Augustine (Josbin) Ettackal**



**Rev. Fr. Chacko (Ribin) Kalappurackal**



**Rev. Fr. Sebastian (Jubin) Kaniparambil**



**Rev. Fr. Martin Pazhooparambil**



**Rev. Fr. John (Binish) Valiyaparambil**



**Rev. Fr. Thomas (Amal) Valliyil**




# തലശേരി അതിരൂപത
# ദിവ്യകാരുണ്യ കോൺഗ്രസ്








തലശേരി അതിരൂപതയുടെ 19-ാം മത് പാസ്റ്ററൽ കൗൺസിലിന്റെ നാലാം യോഗം 2024 ഡിസംബർ 21 ന് വിമൽജ്യോതി എഞ്ചിനീയറിങ് കോളേജിൽ വച്ച് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു.




തലശ്ശേരി അതിരൂപതാ KCYM / SMYM ന്റെ നേതൃത്വത്തിൽ 2024 ഡിസംബർ 21 ന് ഇരിട്ടിയിൽ നടന്ന ക്രിസ്തുമസ് ആഘോഷം, ബോൺ നത്താലെ.



The newly elected Provincial team of CMC, St. Joseph CMC Province, Thalassery

അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിന



The newly elected Provincial team of Nazarath Sisters, Thalassery

## നവസന്യാസിനികൾക്ക് അഭിനന്ദനങ്ങൾ



റവ. സി. അൽഫോൻസാ
എം. എസ്. എം. ഐ.



റവ. സി. റ്റെസി ജോസഫ്
എം. എസ്. എം. ഐ.




റവ. സി. അനഘ പോളി
എം. എസ്. എം. ഐ.



The newly elected Provincial team of SABS, St. Joseph Adoration Province, Thalassery

അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ



The newly elected Provincial team of FCC, St. Joseph FCC Province, Thalassery

അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ



The newly elected Provincial team of S H, St. Joseph S H Province, Thalassery

അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ അഭിനന്ദനങ്ങൾ

ജനുവരി 2025

വാല്യം 08
ലക്കം 01

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. കച്ചേരിക്കാര്യം ............ 09
2. വൈദികസമ്മേളനം - റിപ്പോർട്ട് ............ 12
3. മരിയൻ തീർത്ഥാടനം - റിപ്പോർട്ട് ............ 16
4. ദിവ്യകാരുണ്യ കോൺഗ്രസ്സ് - റിപ്പോർട്ട് ............ 20
5. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ - റിപ്പോർട്ട് ............ 24
6. ഹെൽപ്പ് ഡെസ്ക് ............ 27
7. കാറ്റകെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ............ 28
8. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ............ 35
9. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ............ 38
   തിരുബാലസഖ്യം ............ 42
10. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ............ 44
11. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ............ 48
12. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ............ 54
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ............ 59
   സാൻജോസ് അക്കാദമി ............ 60
13. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എകെസിസി ............ 61
   കുടുംബക്കൂട്ടായ്മ ............ 65
   ADAM ............ 68
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ............ 71
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ............ 73
   ഇൻഫാം ............ 78
15. ധ്യാനകേന്ദ്രങ്ങളിലൂടെ ............ 81
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............ 82
17. Engagements - January (Archbishop Mar Joseph Pamplany) ............ 86
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............ 87
19. Engagements - January (Archbishop Mar George Njaralakatt) ............ 88
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............ 89
21. Engagements - January (Archbishop Mar George Valiamattam) ............ 90

# കച്ചേരിക്കാര്യം
ജനുവരി 2025

**1. പുതിയ നിയമനങ്ങൾ**

i) റവ. ഫാ. ജോസഫ് കൊട്ടാരത്തിൽ – വികാരി, വിമലഗിരി (പരപ്പ) (29.12.2024 മുതൽ)

ii) റവ. ഫാ. ജോസഫ് ആനക്കല്ലിൽ – വികാരി, വിമലശ്ശേരി (29.12.2024 മുതൽ)

**2. സീറോ മലബാർ പ്രേഷിതവാരാചരണം**

2025 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആഘോഷിക്കുകയാണ്. നമ്മുടെ അതിരൂപതയിലെ മുഴുവൻ ഇടവകളിലും പ്രേഷിതവാരം അർത്ഥവത്തായി നടത്തുവാൻ ശ്രമിക്കുമല്ലോ. സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി 2025 ജനുവരി 12–ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച സമാഹരിക്കുകയും ജനുവരി അവസാനത്തോടെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ

**3. പുതുക്കിയ തിരുക്കർമ്മങ്ങളുടെ നിരക്ക്**

തിരുക്കർമ്മങ്ങളുടെ പുതുക്കിയ നിരക്കിനെ സംബന്ധിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ അറിയിപ്പ് ചുവടെ ചേർക്കുന്നു


**അറിയിപ്പ്**

കെ.സി.ബി.സിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും മലബാർ പ്രൊവിൻസിലെ സീറോമലബാർ രൂപതകളിലെ ബഹു. വികാരി ജനറാളച്ചന്മാരുടെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലും തിരുക്കർമ്മങ്ങളുടെ (പടിസാധനം) പുതുക്കിയ നിരക്ക് ചുവടെ ചേർക്കുന്നു. **2025 ജനുവരി 01 മുതലാണ് വി. കുർബാനയുടേത് ഒഴികെയുള്ള തിരുക്കർമ്മങ്ങളുടെ പുതുക്കിയ നിരക്ക് നിലവിൽ വരുന്നത്.** കുർബാനധർമ്മത്തിന്റെ പുതുക്കിയ നിരക്ക് കെ.സി.ബി.സിയുടെ നിർദ്ദേശപ്രകാരം 2025 ഏപ്രിൽ 01 മുതലാണ് നിലവിൽ വരുന്നത്.

| പുതുക്കിയ നിരക്ക് | | | | |
|---|---|---|---|---|
| **ഇനങ്ങൾ** | **നിരക്ക്** | **കാർമ്മികന്** | **കപ്യാർക്ക്** | **പള്ളിക്ക്** |
| സാധാരണ കുർബാന | 150 | 150 | - | - |
| ആഘോഷമായ കുർബാന | 250 | 210 | 40 | - |
| റാസ കുർബാന | 1500 | 700 (മുഖ്യകാർമികന്) സഹകാർമികർക്ക് 350 X 2 | 100 | - |
| ഗ്രിഗോറിയൻ കുർബാന | 7500 | 7500 | - | - |
| നിത്യ കുർബാന | 10,000 | നിലവിലുള്ള കുർബാന ധർമ്മ ത്തിന്റെ ഇരട്ടി | - | 10,000 FD ആയി നിക്ഷേപിക്കണം |
| കഴുന്ന്, മുടി, അടിമ | 50 | - | - | 50 |
| ഒപ്പീസ്, (പള്ളിയിൽ) | 30 | 20 | 10 | - |
| ഒപ്പീസ്, (സെമിത്തേരിയിൽ) | 50 | 30 | 20 | - |
| നൊവേന | 150 | - | - | 150 |
| ലദീഞ്ഞ് | 100 | - | - | 100 |

**4. ആദരാഞ്ജലികൾ**

**1. റവ. ഫാ. എഫ്രേം പൊട്ടനാനിക്കൽ (84)** : താമരശ്ശേരി



രൂപതാംഗമായ ബഹു. എഫ്രേം പൊട്ടനാനിക്കൽ അച്ചൻ 2024 ഡിസം. 18 ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിലെ ചന്ദനയ്ക്കാംപാറ, പാണത്തൂർ, മാങ്ങോട് എന്നീ ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. മാങ്ങോട് പള്ളിയുടെ പണി പൂർത്തിയാക്കിയത് ബഹു. എഫ്രേം അച്ചനാണ്. മാങ്ങോട് സ്കൂളിന്റെ പ്രഥമ മാനേജരും അച്ചനായിരുന്നു. ഈരൂട് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുവരവേയാണ് അച്ചന്റെ ദേഹവിയോഗം സംഭവിച്ചത്. മൃതസംസ്കാ ശുശ്രൂഷകൾ 2024 ഡിസംബർ 18 ന് അഭി. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമ്മികത്വത്തിൽ ഈരൂട് സെന്റ് ജോസഫ്സ്

ദൈവാലയ സെമിത്തേരിയിൽ നടന്നു. ബഹു. എഫ്രേം അച്ചന്റെ ആത്മ ശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**5. സ്നേഹസ്മൃതി**

| | | |
|---|---|---|
| 1. | റവ. ഫാ. തോമസ് പറമ്പേട്ട് | – 02-01-2015 |
| 2. | റവ. ഫാ. ജോസഫ് പരിയാരം | – 06-01-1979 |
| 3. | റവ. ഫാ. ജോബ് മൈലാടിയിൽ സിഎംഐ | – 06-01-2016 |
| 4. | റവ. ഫാ. മാത്യു വള്ളോംകുന്നേൽ | – 09-01-2016 |
| 5. | റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ | – 10-01-1994 |
| 6. | റവ. ഫാ. ജോസഫ് ആലക്കൽ | – 17-01-2014 |
| 7. | മോൺ. ജോസഫ് കണിയാമറ്റം | – 17-01-2014 |
| 8. | റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ | – 18-01-1960 |
| 9. | റവ. ഫാ. ബർനാർഡിൻ സിഎംഐ | – 18-01-1989 |
| 10. | റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ | – 21-01-2007 |
| 11. | റവ. ഫാ. ജോസഫ് മൈലാടൂർ | – 21-01-2016 |
| 12. | റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ | – 23-01-2003 |
| 13. | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ | – 31-01-1986 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മരിയൻ പിൽഗ്രിം മിനിസ്ട്രി 2025 ജൂബിലി വർഷത്തിൽ വിശുദ്ധ നാട്ടിലേയ്ക്കും (2025 ഏപ്രിൽ 21) യൂറോപ്പിൻ രാജ്യങ്ങളി ലേയ്ക്കും (2025 മെയ് 11) തീർത്ഥാടനം സംഘടിപ്പിക്കുന്നുണ്ട്.

യാത്രകളെക്കുറിച്ച് കൂടുതൽ അറിയാനും സീറ്റുകൾ ബുക്ക് ചെയ്യുവാനും 7306266198 എന്ന നമ്പറിൽ ബന്ധപ്പെടാവു ന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി**

# വൈദിക സമ്മേളനം
# റിപ്പോർട്ട്

തലശ്ശേരി അതിരൂപതയിലെ ബഹു. വൈദികരുടെ സമ്മേളനം 2024 നവംബർ 30 ന് ചെമ്പേരി വിമൽ ജ്യോതി എഞ്ചനീയറിംഗ് കോളേജിൽ വച്ച് രാവിലെ 10 മണിക്ക് ആരംഭിച്ചു. ബഹു. സെബാസ്റ്റ്യൻ തൈപ്പറമ്പിലച്ചൻ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. സഭയെ ഈ കാലഘട്ടത്തിൽ നവീകരിക്കുന്ന പരിശുദ്ധാരൂപിയുടെ മാർഗ്ഗമാണ് സിനഡൽ ചർച്ച് എന്ന ആശയമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു. ദൈവജനമാണ് സഭയുടെ പ്രധാനഭാഗമെന്നും ജ്ഞാനസ്നാനത്തിൽ നാം സ്വീകരിക്കുന്ന ദൈവകൃപയാണ് എല്ലാറ്റിന്റെയും അടിസ്ഥാനമെന്നും പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. 2024 ഒക്ടോബറിൽ റോമിൽ സമാപിച്ച സിനഡാലിറ്റിയെക്കുറിച്ചുള്ള മെത്രാൻ സിനഡിന്റെ Final Document പഠനവിധേയമാക്കുവാനും കർമ്മപദ്ധതി രൂപീകരിക്കുവാനും പിതാവ് നിർദ്ദേശിച്ചു.

തുടർന്ന് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. 2025 സമുദായ ശാക്തീകരണ വർഷമായി ആചരിക്കുന്നതിനെക്കുറിച്ചുള്ള വിഷയാവതരണം പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ നടത്തി. സമുദായ ശാക്തീകരണവർഷത്തിന്റെ കർമ്മപദ്ധതികൾ രൂപീകരിക്കുവാൻ മോൺ. ആന്റണി മുതുകുന്നേൽ ചെയർമാനായി കൂരിയാംഗങ്ങളെയും ബഹു. ആന്റണി തെക്കേമുറിയിൽ അച്ചനെയും ബഹു. മാത്യു ആശാരിപ്പറമ്പിലച്ചനെയും ബഹു. ജോർജ് എളൂക്കുന്നേലച്ചനെയും ബഹു. ജോൺ നൂറാമ്മാക്കൽ അച്ചനെയും ഉൾപ്പെടുത്തിയുള്ള ഒരു കമ്മിറ്റിക്ക് രൂപം നല്കി.

ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഒരുക്കങ്ങളെക്കുറിച്ച് തോമാപുരം ഫൊറോനാ വികാരി ബഹു. മാണി മേൽവെട്ടം അച്ചൻ വൈദിക സമ്മേളനത്തെ അറിയിച്ചു. മരിയൻ തീർത്ഥാടനത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചനും വൈദികസമ്മേളനത്തെ അറിയിച്ചു.

മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന കോഴിക്കോട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവിനെ വൈദിക സമ്മേളനം ആദരിച്ചു. തലശ്ശേരി അതിരൂപതയ്ക്ക് കോഴിക്കോട് രൂപതയോടുള്ള കടപ്പാടും സ്നേഹവും ഈ അവസരത്തിൽ അനുസ്മരിക്കുന്നുവെന്ന് അനുമോദനപ്രസംഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പറഞ്ഞു. അഭി. വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവ് യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഈ വർഷം ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികരെ യോഗം ആദരിച്ചു. കരുവഞ്ചാൽ വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദികരെ യോഗം ആദരിച്ചു. ദിവ്യകാരുണ്യവർഷത്തിൽ ദിവ്യകാരുണ്യമായി അജപാലനമേഖലയിൽ ജീവിതം സമർപ്പിച്ച ശ്രേഷ്ഠ വൈദികർക്കുള്ള ആദരവാണ് വൈദികസമ്മേളനം നല്കിയത്. ഉപരിപഠനം പൂർത്തിയാക്കിയ ബഹു. മാത്യു ആനുകുത്തിയേൽ അച്ചനെയും ബഹു. ലൂക്കോസ് മാടശ്ശേരി അച്ചനെയും, ബഹു. ജോൺസൺ പുലിയുറുമ്പിൽ അച്ചനെയും, ബഹു. കുര്യാക്കോസ് പുതുകുളങ്ങര അച്ചനെയും, ബഹു. സ്കറിയ ചിരണയ്ക്കൽ അച്ചനെയും, ബഹു. ജോസഫ് റാത്തപ്പിള്ളിൽ അച്ചനെയും, ബഹു. വർഗ്ഗീസ് കളപ്പുരയ്ക്കൽ അച്ചനെയും, ബഹു. അലക്സ് നിരപ്പേൽ അച്ചനെയും യോഗം അനുമോദിച്ചു.

ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്ന ബഹു. ഡീക്കന്മാർ വൈദിക സമ്മേളനത്തിൽ എത്തിച്ചേരുകയും ബഹു. വൈദികരെ തിരുപ്പട്ടത്തിന് ക്ഷണിക്കുകയും ചെയ്തു. ബഹു. ചാക്കോ കുടിപ്പറമ്പിൽ അച്ചൻ തയ്യാറാക്കിയ അനുദിന പ്രാർത്ഥനകൾ എന്ന പുസ്തകത്തിന്റെ പ്രകാശനം അഭിവന്ദ്യ വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവ് നിർവ്വഹിച്ചു. പുസ്തകത്തിന്റെ വിതരണം KCYM പ്രവർത്തകരുടെ നേതൃത്വത്തിലായിരിക്കും നടത്തുക.

ഉച്ചഭക്ഷണത്തിനുശേഷം P.P.F.-ന്റെ കണക്ക് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അവതരിപ്പിച്ചു. P.P.F.-ന്റെ ഇടവക വിഹിതം കുടിശിഖ ഉള്ള പള്ളികൾ ഒറ്റത്തവണ തീർപ്പാക്കൽ രീതിയിൽ ബഹു. വികാരിയച്ചന്മാർ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനുമായി സംസാരിച്ച് കുടിശിഖ തീർക്കുവാനും നിർദ്ദേശിച്ചു. ഇടവകയുടെ P.P.F. - വിഹിതം അടച്ചാൽ മാത്രമേ ആണ്ട് തിരട്ട് പാസ്സാക്കുകയുള്ളൂ എന്ന

നിബന്ധന വൈദികസമ്മേളനം അംഗീകരിച്ചു. നിലവിൽ വൈദികരെ അംഗങ്ങളാക്കിയിരിക്കുന്ന മെഡിക്കൽ ഇൻഷൂറൻസ് പദ്ധതികളുടെ പോരായ്മകളെക്കുറിച്ച് പഠിക്കുവാൻ Priest Welfare Committee അംഗങ്ങളായി ബഹു. ഫ്രാൻസീസ് റാത്തപ്പിള്ളിൽ അച്ചനെയും ബഹു. ജോസഫ് റാത്തിപ്പിള്ളി അച്ചനെയും ബഹു. തോമസ് വടക്കേമുളഞ്ഞനാൽ അച്ചനെയും ഉൾപ്പെടുത്തിയുള്ള കമ്മിറ്റി രൂപീകരിച്ചു. 2024 ഡിസം 31 ന് മുൻപായി ഇൻഷൂറൻസ് പോളിസികളെകുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ബഹു. തോമസ് മാപ്പിളപ്പറമ്പിൽ (സീനി.) അച്ചനെ വൈദിക സമ്മേളനം ആദരിച്ചു. ബഹു. തോമസച്ചൻ നേതൃത്വം നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയിലൂടെ അനേകം കുട്ടികൾക്ക് സഹായം ലഭിക്കുന്നതിനെക്കുറിച്ചും അതിരൂപതയിലെ വിവിധ പ്രോജക്റ്റുകൾക്കായി ബഹു. തോമസച്ചൻ വഴി സാമ്പത്തിക സഹായം ലഭിക്കുന്നതിനെക്കുറിച്ചും അഭി. പിതാവ് അനുസ്മരിച്ചു. പൊന്നാട അണിയിച്ചു ബഹു. തോമസ് മാപ്പിളപ്പറമ്പിൽ അച്ചനെ ആദരിച്ചു.

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെക്കുറിച്ചുള്ള കാര്യങ്ങൾ ഡയറക്ടർ ബഹു. സ്കറിയ നിരപ്പേൽ അച്ചൻ അവതരിപ്പിച്ചു. ഇടവകകൾ ബയോമൗണ്ടന്റെ ഷെയർ എടുത്ത് സഹകരിക്കണമെന്നും അഭ്യർത്ഥിച്ചു. വിയാനി നിധിയെക്കുറിച്ചുള്ള കാര്യങ്ങൾ ചാൻസലർ യോഗത്തെ അറിയിച്ചു. പള്ളി ജീവനക്കാർക്ക് അധിക ശമ്പളം നല്കുന്നുവെങ്കിൽ അത് പ്രത്യേകമായി മാറ്റി എഴുതി നല്കണമെന്ന് നിർദ്ദേശിച്ചു. വൈദികസമ്മേളനങ്ങൾ കൂടുതൽ സമയം എടുത്ത് ചർച്ചകൾ ചെയ്യാൻ പറ്റുംവിധം ക്രമീകരിക്കണമെന്ന് നിർദ്ദേശമുണ്ടായി. ബോൺ നത്താലെ ഇരിട്ടിയിൽ വച്ച് നടത്തുന്നതിനെക്കുറിച്ചുള്ള വ്യത്യസ്തമായ അഭിപ്രായങ്ങൾ ബഹു. വൈദികർ പ്രകടിപ്പിച്ചു. ബോൺ നത്താലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ഓരോ വർഷവും നടത്തുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായമുണ്ടായി.

മതവ്യത്യാസം (Disparty of cult) എന്ന തടസ്സം ഒഴിവാക്കിയുള്ള വിവാഹാനുമതികൾ പെട്ടെന്ന് നല്കുന്ന രീതി മാറ്റേണ്ടതാണെന്ന് പിതാവ് അറിയിച്ചു. ഇടവകയിൽ ഇത്തരം വിവാഹ സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ അത് ബഹു. വികാരിയന്മാർ കൂരിയായിൽ അറിയി

ക്കുകയും കൂരിയായിൽനിന്നും ഇത്തരം ആളുകളെ ബന്ധപ്പെടുകയും അവരുടെ സാഹചര്യങ്ങൾ മനസ്സിലാക്കി മാത്രം അനുമതി നല്കുകയും ചെയ്യുന്ന രീതിയാണ് ഇനി ഉണ്ടാകുക എന്നും അഭിവന്ദ്യ പിതാവ് വൈദികരെ അറിയിച്ചു.

ഇടവകയിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി ബാങ്ക് ലോൺ എടുക്കുവാൻ അപേക്ഷ കൂരിയായിൽ സമർപ്പിക്കുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 60% സമാഹരിച്ചതിനുശേഷം മാത്രമേ ലോൺ എടുക്കാനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിക്കാവൂ എന്ന് യോഗത്തെ അഭിവന്ദ്യ പിതാവ് അറിയിച്ചു. പള്ളിയുടെ ആവശ്യങ്ങൾക്ക് വ്യക്തികളിൽ നിന്നും കടം വാങ്ങുന്നവർ സ്വന്തം ഉത്തരവാദിത്വത്തിൽ അത് വീട്ടേണ്ടതാണെന്നും യോഗത്തെ അറിയിച്ചു. 2025 ഏപ്രിൽ മാസം മുതൽ ബഹു. വൈദികർക്കുള്ള അലവൻസ് 1000/- വർദ്ധിപ്പിക്കുവാൻ ഇന്റർ കൂരിയാ മീറ്റിംഗിൽ തീരുമാനിച്ച വിവരം യോഗത്തെ അറിയിച്ചു. വർഷത്തിൽ ഒരു മാസത്തെ ബഹു. വൈദികരുടെ മാസധ്യാനം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ച് ഒരുമിച്ച് Night Vigil -ലോടുകൂടി നടത്തുവാൻ തീരുമാനിച്ചു. വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചൻ യോഗത്തിന് നന്ദി പറഞ്ഞു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## മരിയൻ തീർത്ഥാടനം
## റിപ്പോർട്ട്

തലശ്ശേരി അതിരൂപതാ പ്രഥമ മരിയൻ തീർത്ഥാടനം 2024 ഡിസംബർ 6, 7 തീയതികളിലായി മലബാറിലെ ഏറ്റവും വലിയ തീർത്ഥാടനത്തിനാണ് തലശ്ശേരി അതിരൂപത സാക്ഷ്യം വഹിച്ചത്. ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് എടൂർ, ആലക്കോട്, ചെമ്പന്തൊട്ടി, പൈസക്കരി, വായാട്ടുപറമ്പ്, കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനാ കേന്ദ്രങ്ങളിൽ നിന്നാണ് പ്രധാനമായും ഡിസംബർ 6 ന് മരിയൻ തീർത്ഥാടനം ആരംഭിച്ചത്. എടൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ ഡിസംബർ 6 വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് മദർഹോം ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ജെയിംസ് പുത്തൻനടയിൽ അച്ചൻ നേതൃത്വം കൊടുത്ത പരി. കന്യകാ മറിയത്തെ സംബന്ധിച്ചുള്ള വചനചിന്തനവും ദിവ്യകാരുണ്യ ആരാധനയും ഉൾപ്പെടെയുള്ള മരിയൻ സന്ധ്യ നടന്നു. തുടർന്ന് 6.30ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വി. കുർബാന അർപ്പിക്കുകയും എടൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തെ അതിരൂപതാ മരിയൻ തീർത്ഥാടനമാക്കി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് 7.30 ന് എടൂർ ഫൊറോനായിൽ നിന്നുള്ള തീർത്ഥാടനം ആരംഭിച്ചു. കുന്നോത്ത് ഫൊറോനയിൽ നിന്നുള്ള തീർത്ഥാടകർ മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ സമ്മേളിക്കുകയും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും  തുടർന്ന് എടൂരിൽ നിന്നും പുറപ്പെട്ട മരിയൻ തീർത്ഥാടക സംഘത്തോടൊപ്പം ചേരുകയും ചെയ്തു. മാടത്തിൽനിന്നും വിളമന വഴി ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ തീർത്ഥാടകർ എത്തിച്ചേർന്നു. മണിക്കടവ് സെന്റ് തോമസ് ഫൊറോനാ ദൈവാലയത്തിൽ ഡിസംബർ 6 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ബഹു. ജോസഫ് മഞ്ഞളാംകുന്നേൽ അച്ചൻ നേതൃത്വം നല്കിയ മരിയൻ നൈറ്റിനു ശേഷം മണിക്കടവ് ഫൊറോനായിലെ ബഹു. വൈദികർ സമൂഹബലിക്കുശേഷം തീർത്ഥാടനം ആരംഭിച്ച് ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ എത്തിച്ചേർന്നു. ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽ നടന്ന മരിയൻ നൈറ്റിന് ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചൻ നേതൃത്വം നല്കി. നെല്ലിക്കാംപൊയിൽ ഫൊറോനയിൽനിന്നുള്ള തീർത്ഥാടകരും ഉളിക്കല്ലിൽ എത്തിച്ചേർന്നു. അല്പസമയത്തെ വിശ്ര

മത്തിനുശേഷം എടൂർ, മണിക്കടവ്, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, ഫൊറോനകളിലെ തീർത്ഥാടകർ ചെമ്പേരിയിലേക്ക് തീർത്ഥാടനം തുടർന്നു. കോട്ടയം അതിരൂപതയിലെ പയ്യാവൂർ കണ്ടകശ്ശേരി പള്ളി യിൽ എത്തിച്ചേർന്ന് അല്പസമയത്തെ വിശ്രമത്തിനുശേഷം ചെമ്പേ രിയിലേക്ക് തീർത്ഥാടനം തുടരുകയും ചെയ്തു. പൈസക്കരിയിൽ നിന്നുള്ള തീർത്ഥാടകർ പൈസക്കരി ദേവമാതാ ഫൊറോനാ ദൈവാ ലയത്തിൽ സമ്മേളിക്കുകയും ഡിസംബർ 7 ശനിയാഴ്ച പുലർച്ചെ 2 മണിക്ക് ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കയിലേക്ക് തീർത്ഥാടനം ആരംഭിക്കുകയും ചെയ്തു. ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പുലർച്ചെ 4 മണിക്ക് എത്തിച്ചേർന്ന തീർത്ഥാടകർ അല്പ സമയത്തെ വിശ്രമത്തിനുശേഷം ലൂർദ്ദ് മാതാ ബസിലിക്കയിൽ ശനിയാഴ്ച പുലർച്ചെ 5 മണിക്ക് എത്തിച്ചേർന്നു.

ഡിസം. 6 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ മരിയൻ നൈറ്റ് ആരംഭിച്ചു. അതിരൂപതാ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചൻ മരി യൻ നൈറ്റിന് നേതൃത്വം നൽകി. രാത്രി 9 മണിക്ക് പ്രോട്ടോ സിഞ്ചെ ല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ അർപ്പിച്ച ദിവ്യബലി ക്കുശേഷം രാത്രി 10.30 ന് ചെമ്പേരിയിലേക്ക് തീർത്ഥാടനം ആരം ഭിച്ചു. വായാട്ടുപറമ്പ് ഫൊറോനാ ദൈവാലയത്തിൽ വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് മരിയൻ നൈറ്റ് ആരംഭിച്ചു. തുടർന്ന് വികാരി ജന റാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ മുഖ്യകാർമ്മികത്വ ത്തിൽ ദിവ്യബലിയർപ്പണം നടന്നു. ആലക്കോട് നിന്ന് വന്ന തീർത്ഥാ ടകസംഘം വായാട്ടുപറമ്പിൽ എത്തിച്ചേർന്ന് അല്പസമയത്തെ വിശ്ര മത്തിനുശേഷം ചെമ്പേരിയിലേക്ക് തീർത്ഥാടനം തുടരുകയും ചെയ്തു. പുലുക്കുരുമ്പ സെന്റ് അഗസ്റ്റ്യൻസ് ദൈവാലയത്തിൽ എത്തിയ തീർത്ഥാടകർ അല്പസമയത്തെ വിശ്രമത്തിനുശേഷം ശനിയാഴ്ച പുലർച്ചെ 4.30 ന് ചെമ്പേരി ബസിലിക്കയിൽ എത്തിച്ചേർന്നു. ചെമ്പ ന്തൊട്ടി സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ വെള്ളിയാഴ്ച നടന്ന മരിയൻ നൈറ്റിനും ദിവ്യബലിക്കും അതിരൂപതാ പ്രൊക്യൂറേ റ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചൻ നേതൃത്വം നല്കി. ചെമ്പ ന്തൊട്ടിയിൽ നിന്നുള്ള തീർത്ഥാടകർ ചേപ്പറമ്പ് പള്ളിയിൽ എത്തു കയും തുടർന്ന് തീർത്ഥാടനമായി ചെമ്പേരിയിൽ ശനിയാഴ്ച പുലർച്ചെ എത്തിച്ചേരുകയും ചെയ്തു.

ചെമ്പേരി ബസിലിക്കാ ദൈവാലയത്തിൽ നടന്ന മരിയൻ നൈറ്റിന് മോൺ. മാത്യു ഇളംതുരുത്തിപടവിൽ അച്ചനും ബഹു. ലൂയി മരിയദാസ് മേനാച്ചേരി അച്ചനും നേതൃത്വം നല്കി. രാത്രി മുഴുവൻ സമയവും ചെമ്പേരി ബസിലിക്കയിയിൽ ആരാധന നടന്നു.

ശനിയാഴ്ച രാവിലെ 5 മണിക്ക് തീർത്ഥാടകർക്കായി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പണം നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും ബഹു. ജനറാളച്ചന്മാരും ബഹു. വൈദികരും സഹകാർമ്മികരായി. ദിവ്യബലി മധ്യേ തലശ്ശേരി അതിരൂപതയിലെ മുഴുവൻ കുടുംബങ്ങളെയും പരിശുദ്ധ കന്യകാമറിയത്തിന്റെ വിമല ഹൃദയത്തിന് അഭിവന്ദ്യ പിതാവ് പ്രതിഷ്ഠിച്ചു. ദിവ്യബലിക്കുശേഷം തീർത്ഥാടകർക്ക് നേർച്ചഭക്ഷണം ക്രമീകരിച്ചിരുന്നു.

തലശ്ശേരി അതിരൂപതാ പ്രഥമ മരിയൻ തീർത്ഥാടനം അവിസ്മരണീയമാക്കിയത് ബഹു. വൈദികരുടെ കൂട്ടായ പരിശ്രമമായിരുന്നു. ആലക്കോട് ഫൊറോനാവികാരി ബഹു. ആന്റണി പുന്നൂര്, എടൂർ ഫൊറോനാ വികാരി ബഹു. തോമസ് വടക്കേമുറിയിൽ, കുന്നോത്ത് ഫൊറോനാ വികാരി ബഹു. സെബാസ്റ്റ്യൻ മൂക്കിലിക്കാട്ട്, നെല്ലിക്കാംപൊയിൽ ഫൊറോനാ വികാരി ബഹു. ജോസഫ് കാവനാടി, ചെമ്പന്തൊട്ടി ഫൊറോനാ വികാരി ബഹു. ആന്റണി മഞ്ഞളാംകുന്നേൽ, വായാട്ടുപറമ്പ് ഫൊറോനാ വികാരി ബഹു. തോമസ് തെങ്ങുംപള്ളിൽ, പൈസക്കരി ഫൊറോനാ വികാരി ബഹു. നോബിൾ ഓണംകുളം, മണിക്കടവ് ഫൊറോനാ വികാരി ബഹു. പയസ് പടിഞ്ഞാറെമുറിയിൽ എന്നീ വൈദികരെ നന്ദിയോടെ ഓർമ്മിക്കുന്നു. ചെമ്പേരി ബസിലിക്കയിൽ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയ ബസലിക്ക റെക്ടർ ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചനെയും അസി. വികാരി ബഹു. ചെറിയാൻ ചെമ്പകശ്ശേരി അച്ചനെയും നന്ദിയോടെ ഓർമ്മിക്കുന്നു.

തീർത്ഥാടകർക്ക് വിശ്രമസ്ഥലങ്ങളിൽ സൗകര്യങ്ങൾ ഒരുക്കിയ ഉളിക്കൽ ഉണ്ണിമിശിഹാ ഇടവകവികാരി ബഹു. തോമസ് കിടാരത്തിൽ അച്ചനും പയ്യാവൂർ കണ്ടകശ്ശേരി പള്ളിവികാരി ബഹു. ജോയി കട്ടിയാങ്കൽ അച്ചനും പയ്യാവൂർ കരുണാമയൻ ഈശോ ഇടവക വികാരി ബഹു. ജോൺ വാഴകാട്ടച്ചനും വായാട്ടുപറമ്പ് ഫൊറോനാ വികാരി ബഹു. തോമസ് തെങ്ങുംപള്ളിൽ അച്ചനും പുലുക്കുരുമ്പ പള്ളി

വികാരി ബഹു. തോമസ് പൈമ്പിള്ളിൽ അച്ചനും വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ബഹു. വൈദികരെയും നന്ദിയോടെ സ്മരിക്കുന്നു.

തീർത്ഥാടനത്തിന് ദൈവജനത്തെ ഒരുക്കിയ ബഹു. വൈദികർക്ക് ഹൃദ്യമായ നന്ദി. നൂറ്റമ്പതോളം വൈദികർ തീർത്ഥാടകർക്കൊപ്പം അന്നേദിവസം ബസിലിക്കയിൽ എത്തിച്ചേർന്നിരുന്നു. പ്രഥമ മരിയൻ തീർത്ഥാടനത്തിന് നേതൃത്വം നല്കിയ ബഹു. ജനറാളച്ചന്മാർക്കും അതിരൂപതാ കേന്ദ്രത്തിലെ ബഹു. വൈദികർക്കും പ്രത്യേകിച്ച് വൈസ് ചാൻസലർ ബഹു. ജോസഫ് റാത്തപ്പിള്ളിൽ അച്ചനും ഹൃദ്യമായ നന്ദി. തീർത്ഥാടകർക്കായി ഹൃദയവിശാലതയോടെ വാഹനങ്ങൾ വിട്ടു നല്കിയ കോട്ടൂർ CST ആശ്രമത്തിലെ ബഹു. വൈദികർക്കും, പൊടിക്കളം ബഹു. CST ബ്രദേഴ്സിനും, ചെമ്പേരി Fusco സ്കൂളിലെ അധികൃതർക്കും, എടത്തൊട്ടി എസ്.എച്ച്. കോൺവെന്റിലെ ബഹു. സിസ്റ്റേഴ്സിനും. ചെമ്പേരി DST കോൺവെന്റിലെ സിസ്റ്റേഴ്സിനും, ഇരിട്ടി ബെൻഹിൽ സ്കൂൾ അധികൃതർക്കും, വിമൽ ജ്യോതി എഞ്ചിനീറിംഗ് കോളേജ് മാനേജർ ബഹു. ജെയിംസ് ചെല്ലങ്കോച്ചനും ഹൃദ്യമായ നന്ദി.

എടൂരിൽ നിന്ന് ചെമ്പേരിയിലേയ്ക്ക് 35 കിലോമീറ്ററോളം കാൽനടയായി തീർത്ഥാടനം നടത്തിയ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവാണ് ഈ തീർത്ഥാടനത്തെ മുമ്പിൽനിന്ന് നയിച്ചത്. അഭിവന്ദ്യ പിതാവിന്റെ ത്യാഗവും നിശ്ചയദാർഢ്യവും ദൈവജനത്തിന് ആവേശമായി മാറി. 12,000 ആളുകളെയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 23,000 ആളുകൾ ചെമ്പേരിയിൽ എത്തിച്ചേർന്നു. അഭിവന്ദ്യ പിതാവിന്റെ പ്രത്യേക താല്പര്യവും ത്യാഗവും മരിയൻ തീർത്ഥാടനത്തെ അവിസ്മരണീയമാക്കി. അടുത്ത വർഷത്തെ മരിയൻ തീർത്ഥാടനം 2025 ഡിസംബർ 5,6 തീയതികളിലാണ് നടക്കുക.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*കോർഡിനേറ്റർ, മരിയൻ തീർത്ഥാടനം*

# ദിവ്യകാരുണ്യ കോൺഗ്രസ്സ് റിപ്പോർട്ട്

ദിവ്യകാരുണ്യവർഷാചരണത്തിന്റെ സമാപനം 2024 ഡിസംബർ 11 മുതൽ 14 വരെ തോമാപുരത്ത് ദിവ്യകാരുണ്യകോൺഗ്രസ്സോടെയാണ് നടന്നത്. മാലോം, വെള്ളരിക്കുണ്ട്, ചെറുപുഴ, തോമാപുരം ഫൊറോനകളുടെ നേതൃത്വത്തിലാണ് ദിവ്യകാരുണ്യകോൺഗ്രസിന്റെ ഒരുക്കങ്ങൾ നടത്തിയത്. തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിലാദ്യമായി നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സ് വിശ്വാസികളുടെ മഹാസംഗമമായി മാറി. ദിവ്യകാരുണ്യകോൺഗ്രസിന് ഒരുക്കമായി 750 പേരടങ്ങുന്ന 24 കമ്മറ്റികൾ രൂപീകരിച്ച് മാസങ്ങൾക്കുമുമ്പേ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ദിവ്യകാരുണ്യ കോൺഗ്രസിന്റെ ആദ്യ മൂന്നു ദിനങ്ങൾ (ഡിസംബർ 11-13) പ്രശസ്ത ധ്യാനഗുരു ബഹു. ഡാനിയേൽ പൂവണ്ണത്തിലച്ചൻ നയിച്ച ദിവ്യകാരുണ്യ കൺവെൻഷനായിരുന്നു. തോമാപുരം ഹൈസ്കൂൾ ഗ്രൗണ്ടിൽ മനോഹരമായി ഒരുക്കിയ ദിവ്യകാരുണ്യ നഗറിലാണ് ദിവ്യകാരുണ്യകോൺഗ്രസ് നടന്നത്.

ഡിസംബർ 11 ബുധനാഴ്ച വൈകിട്ട് 4:30 ന് ജപമാലയും തുടർന്ന് 5 മണിക്ക് മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിലുള്ള ദിവ്യബലിയർപ്പണവും നടന്നു. ദിവ്യബലിക്കുശേഷം തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഉദ്ഘാടനം നിർവഹിച്ചു. മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, പ്രൊവിൻഷ്യൽ സുപ്പീരിയർമാർ, ഫൊറോനാ വികാരിമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. തുടർന്ന് രാത്രി 9:30 വരെ ബഹു. ഡാനിയേലച്ചന്റെ വചനപ്രഘോഷണം ഉണ്ടായിരുന്നു.

ദിവ്യകാരുണ്യ കോൺഗ്രസിന്റെ രണ്ടും മൂന്നും ദിനങ്ങളിൽ (ഡിസംബർ 12,13) യുവജനങ്ങൾക്കായി സംഘടിപ്പിച്ച 'യു ടോക്ക്' എന്ന പേരിലുള്ള യുവജന സിംബോസിയം നടന്നു. സിംബോസിയത്തിന്റെ ഉദ്ഘാടനം മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ നിർവഹിച്ചു. തലശ്ശേരി അതിരൂപത കെ.സി.വൈ.എം/ എസ്.എം.വൈ.എം ഡയറക്ടർ ബഹു. മാത്യു മുക്കുഴി അച്ചൻ അദ്ധ്യക്ഷത വഹിച്ചു. ബഹു. മാണിമേൽവെട്ടം അച്ചനും കെ.സി.വൈ.എം. തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ജോയേൽ പുതുപ്പറമ്പിൽ എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ പ്രസംഗിച്ചു. സിംബോസിയത്തിന്റെ ആദ്യസെഷനിൽ 'ദൈവവിശ്വാസം' എന്ന വിഷയത്തിൽ ആലുവ സി.എസ്.ടി മേജർ സെമിനാരി അദ്ധ്യാപകനായ റവ. ഡോ. അഗസ്റ്റിൻ പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി.

അഡ്വ. സി. ജോസിയ എസ്.ഡി വിഷയാവതരണം നടത്തി. എ.കെ. സി.സി ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ആദ്യ സെഷന്റെ മോഡറേറ്ററായിരുന്നു. സിംബോസിയത്തിന്റെ ആദ്യദിന ത്തിലെ രണ്ടാം സെഷനിൽ 'സമുദായം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ ഡോ. സജിമോൻ പാലയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ പ്രൊക്യുറേറ്റർ റവ. ഡോ. ജോസഫ് കാക്കരമറ്റ ത്തിൽ വിഷയാവതരണം നടത്തി. മി. ജോബി ജോൺ മൂലയിൽ, സിജോ അമ്പാട്ട്, അബിൻ വടക്കേക്കര, വിപിൻ ജോസഫ്, എബിൻ കുമ്പുക്കൽ എന്നിവർ യുവജന സിംബോസിയത്തിന് നേതൃത്വം നല്കി.

ദിവ്യകാരുണ്യ കൺവെൻഷന്റെ രണ്ടാംദിനം കോട്ടയം രൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരി മുഖ്യകാർമ്മികനായി ബലിയർപ്പിച്ചു. തുടർന്ന് രാത്രി 9:30 വരെ ദിവ്യകാരുണ്യകൺവെൻഷൻ നടന്നു.

യുവജന സിംബോസിയത്തിന്റെ രണ്ടാംദിനം ദൈവവചനവ്യാ ഖ്യാനം എന്ന വിഷയത്തിൽ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യുവജനങ്ങളുമായി സംവ ദിച്ചു. റവ. ഫാ. അഗസ്റ്റിൻ പാംപ്ലാനി മുഖ്യപ്രഭാഷണം നടത്തി. ഡോ. സജിമോൻ പാലയ്ക്കൽ ചർച്ചകൾ നിയന്ത്രിച്ചു. ഉച്ചകഴിഞ്ഞുള്ള സെഷ നിൽ കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി പ്രൊഫസർ റവ. ഡോ. ആന്റണി തറേക്കടവിൽ മുഖ്യപ്രഭാഷണം നടത്തി. മി. സിജോ അമ്പാട്ട് വിഷയാവതരണം നടത്തി. കെ.സി.വൈ.എം സംസ്ഥാന സിൻഡിക്കേറ്റ് അംഗം വിപിൻ ജോസഫ് ചർച്ചകൾ നിയ ന്ത്രിച്ചു. കെ.സി.വൈ.എം അതിരൂപതാ പ്രസിഡണ്ട് ജോയേൽ പുതു പ്പറമ്പിൽ കെ.സി.വൈ.എം ഡയറക്ടർ റവ. ഫാ. മാത്യു മുക്കുഴി എന്നി വർ സിംബോസിയത്തിന് നേതൃത്വം നല്കി.

ദിവ്യകാരുണ്യകൺവെൻഷന്റെ മൂന്നാംദിനത്തിൽ മാനന്തവാടി രൂപത സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് മുഖ്യകാർമികനായി ദിവ്യബലിയർപ്പിച്ചു. തുടർന്ന് 7 മണി വരെ ബഹു. ഡാനിയേലച്ചന്റെ വചനപ്രഘോഷണവും ഉണ്ടായിരുന്നു. രാത്രി 7 മുതൽ 8:30 വരെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ദിവ്യ കാരുണ്യകൺവെൻഷനിൽ വചനപ്രഘോഷണം നടത്തി. തുടർന്ന് നടന്ന ദിവ്യകാരണ്യആരാധനയ്ക്ക് മദർഹോം ധ്യാനകേന്ദ്രം ഡയറ ക്ടർ ബഹു. ജെയിംസ് പുത്തൻനടയിൽ അച്ചൻ നേതൃത്വം നല്കി.

ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ സമാപനദിനമായ ഡിസംബർ 14 ശനിയാഴ്ച ദിവ്യകാരുണ്യ പഠനശിബിരം - *Vox DEI* മാർ ജോർജ് ഞറ ളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ.

ആന്റണി മുതുകുന്നേൽ അദ്ധ്യക്ഷനായിരുന്നു. തൃശൂർ മേരിമാതാ മേജർ സെമിനാരി പ്രൊഫസർ റവ. ഡോ. ഫ്രീജോ പാറയ്ക്കൽ ആലുവ മംഗലപ്പുഴ സെമിനാരി പ്രൊഫസർ റവ. ഡോ. ജിജോ നെല്ലിക്കാകണ്ടത്തിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. ഫാ. അമൽ മുഞ്ഞനാട്ട്, ഫാ. സെബാൻ ചെരിപുറത്ത്, റവ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ, റവ. ഡോ. ജോസഫ് മുട്ടത്തുകുന്നേൽ എന്നിവർ പ്രസംഗിച്ചു.

ദിവ്യാകാരുണ്യപഠന ശിബിരത്തിനുശേഷം തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമികത്വത്തിൽ ദിവ്യബലിയർപ്പണം നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്, അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം എന്നീ പിതാക്കന്മാരും ബഹു. ജനറാളച്ചന്മാർ തലശ്ശേരി അതിരൂപതയിലെ 200 ഓളം വൈദികരും സന്യാസസമൂഹങ്ങളിൽ നിന്നുള്ള ബഹു. വൈദികരും സഹകാർമികരായിരുന്നു.

ദിവ്യബലിക്കുശേഷം ദിവ്യകാരുണ്യപ്രദക്ഷിണത്തിനുള്ള ഒരുക്കങ്ങൾ നടന്നു. തോമാപുരം ഫൊറോനായിലെ ഇടവകകളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യനഗറിന്റെ വിവിധ ഭാഗങ്ങളിൽ ഈശോയുടെ പെസഹാ രഹസ്യങ്ങളുടെ ലൈവ് ഷോ ഒരുക്കിയിരുന്നു. തുടർന്ന് ദിവ്യകാരുണ്യപ്രദക്ഷിണമായിരുന്നു. ആയിരക്കണക്കിനു വിശ്വാസികൾ പ്രദക്ഷിണത്തിൽ പങ്കെടുത്തു. പ്രത്യേകം തയ്യാറാക്കിയ പേടകത്തിലാണ് ദിവ്യകാരുണ്യം വഹിച്ചത്. വെളിപാട് പുസ്തകത്തിലെ ദർശനത്തിനു സമാനമായി 12 അപ്പസ്തോലന്മാരും 12 മൂപ്പന്മാരും വഹിച്ച പേടകത്തിന്റെ മാതൃകയിലാണ് ദിവ്യകാരുണ്യപേടകം തയ്യാറാക്കിയത്. 24 വൈദികർ തിരുവസ്ത്രങ്ങൾ അണിഞ്ഞ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യപേടകം വഹിച്ച് നടത്തിയ ദിവ്യകാരുണ്യപ്രദക്ഷിണം ഹൃദയസ്പർശിയായ അനുഭവമായിരുന്നു. ദിവ്യകാരുണ്യനഗറിൽ നിന്നാരംഭിച്ച് ചിറ്റാരിക്കാൽ ടൗൺ ചുറ്റിയാണ് പ്രദക്ഷിണം കടന്നുപോയത്. ദിവ്യകാരുണ്യപേടകം പുഷ്പാലംകൃതമായ പല്ലക്കിലാണ് സംവഹിച്ചത്. ആദ്യകുർബാന സ്വീകരിച്ച 1500 കുട്ടികൾ പുഷ്പതാലങ്ങൾ വഹിച്ചു. 40 അൾത്താരബാലന്മാർ കൈമണികളേന്തി, വലിയ തിരികളുമായി 40 അൾത്താരബാലന്മാർ, 40 ധൂപക്കുറ്റികളുമായി ഡീക്കന്മാരും വൈദികവിദ്യാർഥികളും പ്രദക്ഷിണത്തിൽ അണിനിരന്നു. ഇരുന്നൂറിലേറെ വൈദികരും 800 ഓളം സന്യാസിനികളും ഇടവകകളിൽനിന്നും വന്ന പ്രതിനിധികളും ദിവ്യകാരുണ്യപേടകത്തിന്റെ മുന്നിലും പിന്നിലുമായി പ്രദക്ഷിണമായി നീങ്ങി. മുത്തുക്കുടകളേന്തിയ 1500 അമ്മമാർ മുഖാഭിമുഖമായി പ്രദക്ഷിണം കടന്നുപോയ വഴികളിൽ അണിനിരന്നു. തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിൽ കാണാത്ത വിധത്തിലുള്ള ജനസാഗരമാണ് അന്നേദിവസം ദിവ്യകാരുണ്യത്തിനു ചുറ്റും വന്ന് ചേർന്നത്. ചിറ്റാരി

ക്കാൽ ടൗൺ ചുറ്റി ദിവ്യകാരുണ്യനഗറിൽ എത്തി രാത്രി 9:30ന് ദിവ്യകാരുണ്യപ്രദക്ഷിണം സമാപിച്ചു.

ബഹു. വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും കൂട്ടായ പ്രവർത്തനമാണ് ദിവ്യകാരുണ്യകോൺഗ്രസിനെ വൻവിജയമാക്കിയത്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ആശയവും കാഴ്ചപ്പാടുകളുമാണ് ദിവ്യകാരുണ്യ കോൺഗ്രസ്സ് നടത്തുവാൻ ഇടയാക്കിയത്. തിരുവസ്ത്രങ്ങൾ അണിഞ്ഞ് ബഹു. വൈദികർക്കൊപ്പം ദിവ്യകാരുണ്യപേടകം വഹിച്ചു പ്രദക്ഷിണത്തിനു നേതൃത്വം നല്കിയ പിതാവ് ദൈവജനത്തിന്റെ മനസ്സിൽ ഈശോയിലേക്ക് തന്റെ ജനത്തെ നയിക്കുന്ന ഇടയന്റെ ചിത്രം ആഴത്തിൽ പതിപ്പിച്ചു. ദിവ്യകാരുണ്യകോൺഗ്രസിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത് പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചനായിരുന്നു. ബഹു. ജനറാളച്ചന്മാരുടെയും മറ്റ് വൈദികരുടെയും സഹകരണം വലിയ സഹായകമായി. ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചനെയും ബഹു. ജോൺസൺ അന്ത്യാംകുളം അച്ചനെയും ബഹു. ജോസ് തൈക്കുന്നുംപുറം അച്ചനെയും ചെറുപുഴ, വെള്ളരിക്കുണ്ട്, മാലോം, തോമാപുരം ഫൊറോനകളിലെ ബഹു. വൈദികരെയും നന്ദിയോടെ അനുസ്മരിക്കുന്നു.

ദിവ്യകാരുണ്യപേടകം ഒരുക്കിയ അനുഗ്രഹീത കലാകാരൻ ബഹു. തോമസ് കീഴാരത്തിലച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ തലമുറയിൽ ആർക്കും മറക്കാനാവാത്ത ദിവ്യകാരുണ്യ പ്രദക്ഷിണമാണ് തോമാപുരത്ത് ബഹു. തോമസ് കീഴാരത്തിലച്ചന്റെ നേതൃത്വത്തിൽ ഒരുക്കിയത്.

ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ ജനറൽ കോർഡിനേറ്ററായി പ്രവർത്തിച്ചത് തോമാപുരം ഫൊറോനാ വികാരി റവ. ഡോ. മാണി മേൽവെട്ടം അച്ചനാണ്. ബഹു. മാണിയച്ചന്റെ സംഘാടക മികവും നേതൃത്വപാടവവും ദിവ്യകാരുണ്യകോൺഗ്രസിനെ വിജയിപ്പിച്ചതിനു നിർണ്ണായക പങ്കുവഹിച്ചു. ബഹു. മാണിയച്ചനെപ്പോലെ ഒരു സംഘാടകൻ നമ്മുടെ അതിരൂപതയിലുള്ളത് തലശ്ശേരി അതിരൂപതയ്ക്കുമുഴുവൻ അനുഗ്രഹമാണ്. മാണിയച്ചന്റെ കഠിനാദ്ധ്വാനവും നിശ്ചയദാർഢ്യവും നന്ദിയോടെ അതിരൂപത ഓർമിക്കുന്നു. തോമാപുരം ഫൊറോന അസി. വികാരി ബഹു. ജോർജ് തെങ്ങുംപള്ളിൽ അച്ചനും തോമാപുരത്തെ വിശ്വാസസമൂഹത്തിനും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗറിപ്പോർട്ട്

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ നാലാം സമ്മേളനം 2024 ഡിസംബർ 21 ന് ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്നു. നസ്രത്ത് കോൺഗ്രിഗേഷൻ ജനറാൾ റവ. സി. ജെസീന്ത പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. വികാരി ജനറാൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി യോഗത്തിന് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിന് അദ്ധ്യക്ഷത വഹിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. വനം ഭേദഗതി നിയമം കർഷകദ്രോഹമാണെന്നും അടിയന്തരമായി പിൻവലിക്കണമെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ പിതാവ് ആവശ്യപ്പെട്ടു. കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനുള്ള നടപടിക്രമങ്ങൾ ഉറപ്പ് വരുത്തണമെന്നും ജനപ്രതിനിധികളുടെയും കർഷകരുടെയും അഭിപ്രായങ്ങൾ സ്വീകരിച്ചാവണം പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതെന്നും അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു. 2025 സമുദായ ശാക്തീകരണവർഷമായി ആചരിക്കുന്നതിന്റെ പ്രസക്തി അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ പരാമർശിച്ചു. സമുദായം ശക്തിപ്പെടുത്തുക എന്നത് എല്ലാവർക്കും തുല്യനീതി എന്നതാണെന്നും നമ്മുടെ സമുദായത്തിന് ലഭിക്കേണ്ടത് നമുക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതുപോലെ മറ്റ് സമുദായങ്ങൾക്ക് അർഹതപ്പെട്ടത് അവർക്കും ലഭ്യമാകണം എന്നതാണ് ക്രൈസ്തവ കാഴ്ചപ്പാടെന്നും അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ക്രൈസ്തവ സമുദായത്തിന് ഒരിക്കലും ക്രൈസ്തവർക്കവേണ്ടി മാത്രം പ്രവർത്തിക്കുന്ന രീതി അല്ലായെന്നും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഒപ്പം നിലകൊണ്ട ചരിത്രമാണ് സഭയ്ക്ക് ഉള്ളതെന്നും പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു.

വഖഫ് നിയമത്തെ സംബന്ധിച്ച് മി. സ്റ്റാലിൻ ദേവൻ ക്ലാസ്സ് നയിക്കുകയും യോഗാംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്തു. സമുദായ ശാക്തീകരണവർഷത്തെ കർമ്മപദ്ധതികളെക്കുറിച്ചുള്ള വിഷയാവതരണം പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ നടത്തി. 2025 ജനുവരി 5 ന് മുമ്പായി കർമ്മപദ്ധതി തയ്യാറാക്കി നല്കുമെന്ന് അറിയിച്ചു. വിവിധ സന്യാസ സമൂഹങ്ങൾക്ക് എപ്രകാരം സമുദായ ശാക്തീകരണത്തിൽ പങ്കെടുക്കാൻ സാധിക്കുമെന്ന് ആലോചിക്കാനും ദൈവവിളി പ്രോത്സാഹനം സമുദായ ശാക്തീകരണവർഷത്തിൽ പ്രധാന വിഷയമായി സന്യാസസമൂഹങ്ങൾ കാണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. സമുദായ ശാക്തീകരണവർഷത്തിന്റെ ഭാഗമായി 2025 മാർച്ച് 31 ന് മുമ്പായി എല്ലാ ഇടവകകളിലും

AKCC-യുടെ യൂണിറ്റുകൾ ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ടായി. നാടിന്റെയും ഇടവകയുടെയും വളർച്ചയ്ക്ക് സംഭാവനകൾ നല്കിയ ബഹു. വൈദികരെയും അത്മായ നേതാക്കളെയും പുതുതലമുറകൾക്കു പരിചയപ്പെടുത്തും വിധത്തിലുള്ള വീഡിയോകൾ ഇടവകകളുടെ നേതൃത്വത്തിൽ തയ്യാറാക്കണമെന്നും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ സംഗമങ്ങൾ സംഘടിപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി. പൗരോഹിത്യ സ്വീകരണത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കുന്ന വൈദികരെയും വിവാഹ ജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കിയവരെയും ആദരിക്കണമെന്നും അഭിപ്രായമുണ്ടായി. ജനുവരി 5 ഞായറാഴ്ച എല്ലാ ഇടവകകളിലും സമുദായ ശാക്തീകരണവർഷം ബഹു. വികാരിയച്ചന്മാർ ഉദ്ഘാടനം ചെയ്യേണ്ട കാര്യവും ദൈവാലയത്തിൽ ബോർഡ് സ്ഥാപിക്കേണ്ട കാര്യവും അഭിവന്ദ്യ പിതാവ് അറിയിച്ചു. ഇടവകയിലെ മുതിർന്ന വ്യക്തികളെ പങ്കെടുപ്പിച്ച് സമുദായ ശാക്തീകരണവർഷം ഉദ്ഘാടനം ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും നിർദ്ദേശമുണ്ടായി. സമുദായ ശാക്തീകരണ വർഷത്തിൽ ഓരോ ഇടവകളുടെയും നേതൃത്വത്തിൽ ആ നാടിന്റെ ചരിത്രം രചിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിന് യോഗം ജൂബിലി ആശംസകൾ നേർന്നു. ബൽത്തങ്ങാടി രൂപതയുടെ വളർച്ചയ്ക്ക് അഭിവന്ദ്യ ലോറൻസ് പിതാവ് നല്കിയ സംഭാവനകൾ അനുമോദപ്രസംഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അനുസ്മരിച്ചു. തലശ്ശേരി അതിരൂപത ബൽത്തങ്ങാടി രൂപതയ്ക്ക് നല്കിയ സഹായങ്ങളും സഹകരണവും നന്ദി പ്രസംഗത്തിൽ അഭിവന്ദ്യ ലോറൻസ് പിതാവ് അനുസ്മരിച്ചു.

സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ് ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. സിസ്റ്റേഴ്സിനെ യോഗം അനുമോദിച്ചു. നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറാൾ റവ. സി. ജെസീന്ത എൻ.എസ്., ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ റവ. സി. അഞ്ജലി എഫ്.സി.സി., കർമ്മലീത്ത സന്യാസസഭയുടെ പ്രൊവിൻഷ്യൽ റവ. സി. ലിറ്റിൽ തെരേസ് സി.എം.സി., അഡോറേഷൻ കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ റവ. സി. അനില മണ്ണൂർ എസ്.എ.ബി.എസ്., തിരുഹൃദയ സന്യാസിനീ സഭയുടെ പ്രൊവിൻഷ്യൽ റവ. സി. ട്രീസാ പാലയ്ക്കൽ എസ്. എച്ച് എന്നിവരെ യോഗം അനുമോദിച്ചു.

ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിൽ ആളുകളുടെ ഉപയോഗത്തിനായി തയ്യാറാക്കിയ ഹാൻഡ് ബുക്ക് അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിന് നല്കികൊണ്ട് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി

പിതാവ് നിർവ്വഹിച്ചു. ഉച്ചഭക്ഷണത്തിനുശേഷം കരിന്തളം – വയനാട് 400 കെ.വി. വൈദ്യുതലൈൻ പദ്ധതിയെ സംബന്ധിച്ചുള്ള വിഷയാവതരണം മണിക്കടവ് ഫൊറോനാ വികാരി വെരി. റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ നടത്തി. കർഷകർക്ക് പരമാവധി നഷ്ടപരിഹാരം കിട്ടുന്ന നഷ്ടപരിഹാര പാക്കേജുകൾ നടപ്പിലാക്കാൻ ഗവൺമെന്റിൽ നിരന്തര സമ്മർദ്ദം ചെലുത്താനുള്ള പ്രതിഷേധപരിപാടികളും ഇടപെടലുകളും നടത്തണമെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി. EWS പരിസ്ഥിതിലോല വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള വിഷയാവതരണം പേരാവൂർ MLA അഡ്വ. സണ്ണി ജോസഫ് നടത്തി. കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളോട് സർക്കാർ സംവിധാനങ്ങൾ പുലർത്തുന്ന നിസംഗത യോഗാംഗങ്ങൾ ചൂണ്ടിക്കാട്ടി.

ദിവ്യകാരുണ്യ വർഷാചരണത്തിന്റെ വിലയിരുത്തൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ നടത്തി. ഈ വർഷം ഇടവകകളിലും അതിരൂപതയിലും പൊതുവായി നടന്നതും വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ നേതൃത്വത്തിൽ നടന്നതുമായ പ്രവർത്തനങ്ങളും പരാമർശിക്കപ്പെട്ടു. 2024 ഡിസംബർ 11 മുതൽ 14 വരെ തോമാപുരത്ത് വച്ച് നടന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു. കുറ്റമറ്റവിധം ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിച്ച ജനറൽ കൺവീനർ തോമാപുരം ഫൊറോനാ വികാരി റവ. ഫാ. മാണി മേൽവെട്ടം അച്ചനെ യോഗം പ്രത്യേകം അഭിനന്ദിച്ചു. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിന് നേതൃത്വം നല്കിയ വെള്ളരിക്കുണ്ട് ഫൊറോനാ വികാരി വെരി റവ. ഡോ. ജോൺസൺ അന്ത്യാകുളം, മാലോം ഫൊറോനാ വികാരി വെരി റവ. ഫാ. ജോസ് തൈക്കുന്നുംപുറം, ചെറുപുഴ ഫൊറോനാ വികാരി വെരി റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് എന്നിവരെയും യോഗത്തിൽ അഭിനന്ദിച്ചു. ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഭാഗമായി നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ഉപയോഗിച്ച ദിവ്യകാരുണ്യപേടകം രൂപകല്പന ചെയ്ത മണ്ഡപം വികാരി ബഹു. തോമസ് കീഴാരത്തിൽ അച്ചനെ യോഗം പ്രത്യേകം അഭിനന്ദിച്ചു. തോമാപുരം, വെള്ളരിക്കുണ്ട്, മാലോം, ചെറുപുഴ ഫൊറോനായുടെ ബഹു. വൈദികരുടെയും സമർപ്പിതരുടെയും അത്മായ സഹോദരങ്ങളുടെയും കഠിനാധ്വാനമാണ് ദിവ്യകാരുണ്യ കോൺഗ്രസിനെ വിജയിപ്പിച്ചതെന്ന് യോഗം അഭിപ്രായപ്പെട്ടു. വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപടവിൽ യോഗാംഗങ്ങൾക്ക് നന്ദി പറഞ്ഞു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ഹെൽപ്പ് ഡെസ്ക്
## തലശ്ശേരി അതിരൂപത

### പരിശീലന പരിപാടി

തലശ്ശേരി അതിരൂപതയുടെ ഹെൽപ്പ് ഡെസ്ക്കിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാൻ ഇടവകാതലത്തിലും ഫൊറോനാതലത്തിലും തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടിയുള്ള ഒരു പരിശീലന പരിപാടി 2025 ജനുവരി മാസം അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനം കൂടുതൽ ക്രിയാത്മകമാക്കുവാനും ഹെൽപ്പ് ഡെസ്ക് വോളണ്ടിയേഴ്സിന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുവാനുമാണ് ഈ പരിശീലന പരിപാടി ക്രമീകരിച്ചിരിക്കുന്നത്. വിവിധ റീജിയണുകളിൽ വച്ച് നടത്തപ്പെടുന്ന ഹെൽപ്പ് ഡെസ്ക് വോളണ്ടിയേഴ്സിന്റെ ഈ മീറ്റിംഗിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആളുകളെ വികാരിയച്ചന്മാർ പറഞ്ഞയക്കേണ്ടതാണ്.

### പരിശീലന സ്ഥലങ്ങളും പങ്കെടുക്കേണ്ട ഫൊറോനകളും തീയതിയും സമയവും

| തീയതി | സ്ഥലം, പങ്കെടുക്കേണ്ട ഫൊറോനകൾ | സമയം |
|---|---|---|
| ജനു.04 ശനി | **ഇരിട്ടി, സെന്റ് ജോസഫ് ചർച്ച്**<br>പേരാവൂർ, എടൂർ, കുന്നോത്ത്<br>നെല്ലിക്കാംപൊയിൽ, മണിക്കടവ് | 02:30 pm |
| ജനു. 07 ചൊവ്വ | **ആലക്കോട്, സെന്റ് മേരീസ് ഫൊറോന ചർച്ച്**<br>ആലക്കോട്, മേരിഗിരി, വായാട്ടുപറമ്പ്,<br>തളിപ്പറമ്പ് | 10:00 am |
| ജനു. 07 ചൊവ്വ | **ചെമ്പേരി, ലൂർദ്ദ് മാതാ ബസലിക്ക**<br>ചെമ്പേരി, പൈസക്കരി, ചെമ്പന്തൊട്ടി | 02:30 pm |
| ജനു. 08 ബുധൻ | **തോമാപുരം, സെന്റ് തോമസ് ഫൊറോന ചർച്ച്**<br>ചെറുപുഴ, തോമാപുരം, മാലോം,<br>വെള്ളരിക്കുണ്ട് | 10:00 am |
| ജനു. 08 ബുധൻ | **പടിമരുത്, സെന്റ് സെബാസ്റ്റ്യൻ ചർച്ച്**<br>പനത്തടി | 02:30 pm |
| ജനു. 10 വെള്ളി | **പടന്നക്കാട്, ഗുഡ് ഷെപ്പേഡ് ചർച്ച്**<br>കാഞ്ഞങ്ങാട്, കാസർഗോഡ് | 02:00 pm |

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നേൽ**
*പ്രോട്ടോസിഞ്ചെല്ലൂസ്*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരും തലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

### 1. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. ചോദ്യപേപ്പർ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചുനൽകുന്നതാണ്.

### 2. പരീക്ഷാ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

### 3. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

a. പരീക്ഷ 2025 ജനുവരി 26-നു ഉച്ചയ്ക്കു 2 മണി മുതൽ 4 മണി വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷ പേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30-നു മുൻപായി എത്തുക.

c. ഡിപ്ലോമ പരീക്ഷ ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തു

ന്നതാണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്ന തെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തരക്കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകി യിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടി കൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേ ണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യ ണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കുചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ് മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോള ത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തര ക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവ ശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ ‘Center Head Sheet’ എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്ര ത്തിലെത്തിക്കുക. ജനുവരി 27-ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാ സപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീ ലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9447952958

### 4. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേ സ്കൂളുകളിലു ണ്ട്. സൺഡേസ്കൂൾ പഠനകാലഘട്ടത്തിന്റെയും ലഭിച്ച ദൈവാനുഭവ ത്തിന്റെയും ഓർമ്മ നിലനിർത്തുന്നതിനായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണ ങ്ങൾ നടത്തുമല്ലോ.

### 5. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റ് എല്ലാ സൺഡേസ്കൂളുകളും സമയത്തിനുള്ളിൽതന്നെ ഓഫീസിൽ എത്തിച്ചു നല്കി. അസൈൻമെന്റ് എഴുതാൻ പരിശീലനം നല്കിയ വിശ്വാസപരിശീലകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

### 6. ഡിപ്ലോമ ചോദ്യപേപ്പർ വിതരണം

ജനുവരി 20, 21, 22, 23 തീയതികളിലായിരിക്കും ചോദ്യപേപ്പർ വിതരണം നടത്തുക. ചോദ്യപേപ്പർ വിതരണ ദിവസം ഡയറക്ടറച്ചൻ എല്ലാ ഫൊറോനകളിലും വരുന്നുണ്ട്. അന്നേ ദിവസം പരീക്ഷയുടെ നടത്തിപ്പിനെക്കുറിച്ചും എൻലൈറ്റ് പ്രോഗ്രാമിനെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ നല്കുന്നതാണ്. ഓരോ ഫൊറോനയിലും വരുന്ന തീയതിയും സമയവും താഴെകൊടുക്കുന്നു.

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 20-01-2025 തിങ്കൾ | 09.00 am |
| എടൂർ | 20-01-2025 തിങ്കൾ | 10.30 am |
| കുന്നോത്ത് | 20-01-2025 തിങ്കൾ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 20-01-2025 തിങ്കൾ | 02.15 pm |
| മണിക്കടവ് | 20-01-2025 തിങ്കൾ | 03.45 pm |
| പൈസക്കരി | 20-01-2025 തിങ്കൾ | 05.00 pm |
| ചെമ്പേരി | 21-01-2025 ചൊവ്വ | 09.00 am |
| ചെമ്പന്തൊട്ടി | 21-01-2025 ചൊവ്വ | 10.30 am |
| വായാട്ടുപറമ്പ് | 21-01-2025 ചൊവ്വ | 12.00 pm |
| ആലക്കോട് | 21-01-2025 ചൊവ്വ | 02.15 pm |
| മേരിഗിരി | 21-01-2025 ചൊവ്വ | 03.45 pm |
| ചെറുപുഴ | 21-01-2025 ചൊവ്വ | 05.00 pm |
| തോമാപുരം | 22-01-2025 ബുധൻ | 09.00 am |
| മാലോം | 22-01-2025 ബുധൻ | 11.00 am |
| വെള്ളരിക്കുണ്ട് | 22-01-2025 ബുധൻ | 12.30 pm |
| പനത്തടി | 22-01-2025 ബുധൻ | 03.00 pm |
| കാഞ്ഞങ്ങാട് | 23-01-2025 വ്യാഴം | 09.30 am |
| തളിപ്പറമ്പ് | 23-01-2025 വ്യാഴം | 12.00 pm |
| കാസർഗോഡ് | 23-01-2025 വ്യാഴം | 02.30 pm |

### 7. വിശ്വാസോത്സവം - ഏപ്രിൽ 01 മുതൽ 04 വരെ

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം സമയബന്ധിതമായി പൂരിപ്പിച്ച് നൽകിയ എല്ലാവർക്കും നന്ദി. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 35

രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

**8. വാർഷികപരീക്ഷ I - XI :** അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 06 ഞായറാഴ്ച രാവിലെ 11 മണി മുതൽ 01 മണിവരെ** ആയിരിക്കും.

**9. അവധിക്കാല വേദപാഠം ഏപ്രിൽ 21-25**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 21 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 25-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 7-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**10. ആസ്പെക്ട് 2024-2025**

2024-2025 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് **"ദിവ്യകാരുണ്യത്തിൽ നിന്ന് ജീവകാരുണ്യത്തിലേക്ക്"** എന്ന പുസ്തകമാണ്. മാർച്ച് 09 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെയായിരിക്കും എഴുത്തുപരീക്ഷ. മോഡൽ ചോദ്യങ്ങൾ കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് തയ്യാറാക്കി നൽകുന്നതാണ്. പരീക്ഷയ്ക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതാനുള്ള 100 ചോദ്യങ്ങൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**11. സ്റ്റാഫ് മീറ്റിംഗ്**

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജനുവരി 19 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഡിപ്ലോമ പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

**12. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ,

ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജന പ്പെടുത്താവുന്നതാണ്.

### 13. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തല ശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുക ളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ് ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 14. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2024-2025 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വില യിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേഞായറാഴ്ച കുട്ടികളെ അറിയി ക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിം ഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണു ന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാ സ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ജനുവരി മാസത്തിലെ അതിരൂപത വിസിറ്റ്**

**ജനുവരി 05:** മണ്ടളം, ദീപഗിരി, മാലോം, കൊളക്കാട്, ഉദയപുരം, വെള്ളാട്, പച്ചാണി. **ജനുവരി 12:** ചെമ്പന്തൊട്ടി, പൊട്ടൻപ്ലാവ്, പേരാവൂർ, നീലേശ്വരം, മേരിഗിരി. **ജനുവരി 19:** പേരാവൂർ, കാലിച്ചാനടുക്കം.

### 15. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറി യുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാ ണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

### 16. "എൻലൈറ്റ് 2024-2025"

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. ▸ സെമിനാർ ഒരു ഫൊറോന യിൽ ഒന്നോ, രണ്ടോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸ ജനുവരി 5, 12, 19 ഫെബ്രുവരി 2, 9, 16 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തു ക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവ

സാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

## 17. Mission Quest 2024

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തിയ മിഷൻ ക്വിസ് മത്സരത്തിൽ (**Mission Quest**) അതിരൂപതയിൽ നിന്നും ധാരാളം പേർ പങ്കെടുത്തു. സമ്മാനർഹരായവരുടെ പേരുകൾ താഴെ നൽകുന്നു.

**അതിരൂപതാതല വിജയികൾ**

| **കുട്ടികളുടെ വിഭാഗം** | | |
|---|---|---|
| **പേര് വീട്ടുപേര്** | **ഇടവക** | **റാങ്ക്** |
| ബിയ മരിയ ബോബി ഇല്ലിമൂട്ടിൽ | ചെട്ടിയാംപറമ്പ് | ഒന്നാം റാങ്ക് |
| ആൽവിൻ തോമസ് കുളത്തിങ്കൽ | എടൂർ | രണ്ടാം റാങ്ക് |
| മാത്യൂസ് ജോൺ അന്തീനാട്ട് | വെളിമാനം | മൂന്നാം റാങ്ക് |
| **സീനിയർ വിഭാഗം** | | |
| **പേര് വീട്ടുപേര്** | **ഇടവക** | **റാങ്ക്** |
| ഡോ. ലിസ്ബി ജോസ് മണിമലത്തറപ്പിൽ | മണിക്കടവ് | ഒന്നാം റാങ്ക് |
| സി. ഡോ. ജോൺസിയ എസ്സ്വി | കരുവൻചാൽ | രണ്ടാം റാങ്ക് |
| അനിത പോൾ വടക്കൻ | ശ്രീകണ്ഠാപുരം | മൂന്നാം റാങ്ക് |

## 18. സീറോമലബാർ പ്രതിഭാസംഗമം

ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടകൾക്കും സഭാതലത്തിൽ സീറോമലബാർ വിശ്വാസപരിശീലന കമ്മിഷൻ ഡിസംബർ 29, 30, 31 തിയതികളിൽ പ്രത്യേക പരിശീലനം നൽകുന്നു.

**അതിരൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

| **പേര് വീട്ടുപേര്** | **ഇടവക** | **ഫൊറോന** |
|---|---|---|
| സ്കറിയ പൂത്തോട്ടാൽ | കരിക്കോട്ടക്കരി | എഡൂർ |
| ആൽബിൻ പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| ഡോണമരിയ ചാമക്കാലായിൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| മെർലിൻ സോജൻ മനാട്ട് | പുലിക്കുരുമ്പ | ചെമ്പേരി |

## 19. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024–2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേ

ണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**20. റിട്ടയർമെന്റ്**

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

**21. ദിവ്യകാരുണ്യ വചനമത്സരം**

ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് വിശ്വാസപരിശീലകർക്കായി തിരുവചന എഴുത്തുമത്സരം നടത്തുന്നു. വി. ഗ്രന്ഥത്തിലെ വി. കുർബാനയുമായി ബന്ധപ്പെട്ട വചനങ്ങളും വി. കുർബാനയിലേക്ക് സൂചന നൽകുന്ന വചനങ്ങളുമാണ് പഠിക്കേണ്ടത്. അതിരൂപതാതല വിജയികൾക്ക് 10000, 7000, 5000 രൂപ സമ്മാനം നൽകുന്നതാണ്. ഫൊറോനാതലത്തിലെ ഒന്നാം സ്ഥാനക്കാർക്ക് 1000 രൂപ സമ്മാനമായി നൽകുന്നതാണ്. അവധിക്കാലത്തായിരിക്കും എഴുത്തുപരീക്ഷ നടത്തുക.

**22. ഡയറക്ടറച്ചന്മാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ നെല്ലിയടുക്കം, നിർമ്മലഗിരി, കരുണാപുരം (അട്ടേങ്ങാനം), ഭീമനടി, രണ്ടാംകടവ്, മടപ്പുരച്ചാൽ എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ഇരിട്ടി, ഉദയപുരം, കുറ്റിക്കോൽ, തേർമല എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ലോഗോസ് ക്വിസ് 2024**

ലോഗോസ് ക്വിസ് 2024 സെപ്റ്റംബർ മാസം 29-ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. 163 ഇടവകകളിൽ നിന്നായി 22250 പേരാണ് പരീക്ഷയ്ക്കായി രജിസ്ട്രർ ചെയ്തത്. അതിൽ 18452 പേർ പരീക്ഷ എഴുതി. ഒക്ടോബർ മാസം 19-ാം തീയതി ശനിയാഴ്ച അതിരൂപതാതല പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. നവംബർ 10-ാം തീയതി കോഴിക്കോടു വച്ചു നടന്ന സെമിഫൈനൽ മത്സരത്തിൽ അതിരൂപതയെ പ്രതിനിധീകരിച്ച് 9 പേർ പങ്കെടുത്തു. നവംബർ 23-ാം തീയതി എറണാകുളത്തു വച്ചു നടന്ന ഫൈനൽ മത്സരത്തിൽ 2 പേർ പങ്കെടുക്കുകയും തോമാപുരം ഇടവകാംഗമായ ദിയ എലിസബത്ത് മൂലയിൽ എ ഗ്രൂപ്പിൽ നിന്നും മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ദിയക്ക് അഭിനന്ദനങ്ങൾ.

2024 നവംബർ മാസം 30-ാം തീയതി ശനിയാഴ്ച ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെട്ട പ്രെസ്ബിത്തേരിയം മീറ്റിങ്ങിൽ വച്ച് ഇടവകയിലെ അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ മത്സരാർത്ഥികളെ ലോഗോസ് ക്വിസിൽ പങ്കെടുപ്പിച്ച ഇടവകകൾക്കുള്ള സമ്മാനങ്ങൾ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വിതരണം ചെയ്തു. ഇടവകയിലെ ആളുകളുടെ അംഗസംഖ്യയനുസരിച്ചു 5 ഗ്രൂപ്പുകളായി മുഴുവൻ ഇടവകകളെയും തിരിച്ചു. അതിരൂപതയിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടത്തിയ ഇടവക കൊളക്കാട് - 833 പേർ. അംഗസംഖ്യയനുസരിച്ച് ബി ഗ്രൂപ്പിൽ ഉൾപ്പെടുന്നു. എ ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടത്തിയത് പേരാവൂർ ഇടവക - 537 പേർ; സി ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ രജീസ്ട്രേഷൻ നടത്തിയത് പനത്തടി ഇടവക - 346 പേർ; ഡി ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടത്തിയത് ചരൾ ഇടവക - 324 പേർ; ഇ ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടത്തിയത് തടിക്കടവ് ഇടവക - 132 പേർ. ലോഗോസ് ക്വിസ് വിജയമാക്കിത്തീർക്കാൻ അത്യധ്വാനം ചെയ്ത എല്ലാ വികാരിയച്ചൻമാർക്കും, പ്രത്യേകമായി ബഹു.

തോമസ് പട്ടാംകുളം അച്ചൻ, ബഹു. മാത്യു തെക്കേമുറിയച്ചൻ, ബഹു. ജോസഫ് വാരണത്തച്ചൻ, ബഹു. സനൽ അച്ചാണ്ടിയിലച്ചൻ, ബഹു. ഷിന്റോ പുലിയുറുമ്പിലച്ചൻ എന്നിവർക്കും എല്ലാ സിസ്റ്റേഴ്സിനും സൺഡേസ്കൂൾ അധ്യാപകർക്കും സർവ്വോപരി നന്നായി വചനം പഠിച്ച് പരീക്ഷ എഴുതിയ എല്ലാ പഠിതാക്കൾക്കും അഭിനന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു.

## ലോഗോസ് ഫമിലിയ ക്വിസ് - ഫൊറോന തല വിജയികൾ

ലോഗോസ് ഫമിലിയ ക്വിസിന്റെ ഭാഗമായി കുടുംബസമേതം മത്സരത്തിൽ പങ്കെടുത്തത് 6 ഫൊറോനകളിൽ നിന്നുള്ള മത്സരാർത്ഥികൾ ആയിരുന്നു. അവരിൽ നിന്നും ഓരോ ഫൊറോനയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയവരുടെ പേരുവിവരങ്ങൾ താഴെ പറയുന്നു.

| **ഫൊറോന** | **ഇടവക** | **വീട്ടുപേരും പേരും** | **മാർക്ക്** |
|---|---|---|---|
| ചെറുപുഴ | തിരുമേനി | മേടയിൽ അന്ന, ജോർജ്, മരിയ | 111 |
| കാഞ്ഞങ്ങാട് | എണ്ണപ്പാറ | പുല്ലുകാലായിൽ ജോൺ മാത്യു, ഷീതു ജോസ്, ജൊവാൻ മരിയ | 232 |
| കുന്നോത്ത് | ചരൾ | മുയ്യപ്പള്ളിൽ ജോണി, ഷൈനി, ആൻസലറ്റ് | 200 |
| മേരിഗിരി | വെള്ളരിയാനം | പടിഞ്ഞാറേടത്ത് തോമസ്, ബിന്ദു, ജോസഫ് | 108 |
| പേരാവൂർ | കൊളക്കാട് | തലയണക്കുഴി ലിജിൻ, അൻസാ മരിയ, അൽനാ റോസ് | 243 |
| തളിപ്പറമ്പ് | തളിപ്പറമ്പ് | കാരന്താനം സീമ, അൽഫോൻസ് റോസ് എയ്ഞ്ചൽ റോസ് | 202 |

## ലോഗോസ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും

2024 ലെ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഫൊറോന കേന്ദ്രങ്ങളിൽ 2025 ജനുവരി മാസം എത്തിക്കുന്നതാണ്. ഓരോ ഇടവകയും നടത്തിയ രജിസ്ട്രേഷന് ആനുപാതികമായിട്ടാണ് സമ്മാനങ്ങൾ ലഭിക്കുക. അവയുടെ ലഭ്യതയനുസരിച്ച് ഓരോ ഗ്രൂപ്പിലും കൂടുതൽ മാർക്ക് ലഭിച്ചവർക്ക് അവ വിതരണം ചെയ്യുമല്ലോ. സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഇടവകകളിലെത്തിച്ച് അർഹതയുള്ളവർക്കു നൽകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

## ബൈബിൾ ഞായർ

അതിരൂപതയിലെ ദൈവാലയങ്ങളിൽ 2024 ഡിസംബർ 22-ാം തീയതി ബൈബിൾ ഞായർ ആചരണം സമുചിതമായി നടത്തപ്പെട്ടു. വി. ഗ്രന്ഥത്തോട്

ദൈവജനത്തിന് ആഭിമുഖ്യം വരത്തക്കവിധത്തിൽ ബൈബിൾ ഞായറും ബൈബിൾ പാരായണമാസവും ഇടവകകളിൽ സംഘടിപ്പിച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും അഭിനന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു.

## സഭാ നവീകരണ വർഷധ്യാനം

കേരള സഭാ നവീകരണ വർഷാചരണത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയിൽ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ നടത്തി വന്ന നവീകരണ ധ്യാനങ്ങൾ 19 ഫൊറോനകളിലും പൂർത്തിയായി. വലിയ ദൈവാനുഗ്രഹവും ഉണർവുമാണ് ഈ ധ്യാനത്തിലൂടെ നമ്മുടെ ഇടവകാ സമൂഹങ്ങൾക്ക് ലഭിച്ചത്. ധ്യാനടീമുകളെ ആത്മീയമായി ഒരുക്കി ധ്യാനദിവസങ്ങളിൽ എല്ലാ ഇടവകകളും സന്ദർശിച്ച് വചന സന്ദേശം നൽകിയ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും ധ്യാനത്തിന്റെ കൺവീനറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് എല്ലാക്കാര്യങ്ങളും ചിട്ടയോടെ സംഘടിപ്പിച്ച വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും, ധ്യാനത്തിന്റെ തുടക്കം മുതൽ 2024 ജനുവരി വരെ കോർഡിനേറ്ററായി പ്രവർത്തിച്ച ബഹു. ടോം ഓലിക്കരോട്ടച്ചനും, ധ്യാനവിജയത്തിനായി അക്ഷീണം പ്രയത്നിച്ച് കഠിനാദ്ധ്വാനം ചെയ്ത ഓരോ ധ്യാനഗുരുക്കന്മാർക്കും ടീമംഗങ്ങൾക്കും ഹോംമിഷൻ നടത്തിയ ബഹു. സമർപ്പിതർക്കും ഏറെ താല്പര്യത്തോടെ ഈ ധ്യാനങ്ങൾ ഇടവകകളിൽ സംഘടിപ്പിച്ച ബഹു. വികാരിയച്ചൻമാർക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു.

*ഏവർക്കും പുതുവത്സരാശംസകൾ*

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പ്രതീക്ഷകളുടെ പുതുസുഗന്ധം പരത്തി 2025 വരവായി. കളിച്ചും, ചിരിച്ചും, പഠിച്ചും, പ്രാർത്ഥിച്ചും നമുക്കൊപ്പമായിരുന്ന 2024 യവനികയ്ക്കുള്ളിലേയ്ക്ക് മറയുമ്പോൾ ദൈവം ഈ ഒരു വർഷം ചൊരിഞ്ഞ അവർണ്ണനീയമായ ദാനങ്ങൾക്ക് നന്ദി പറയാം. ഒപ്പം പുത്തൻ പ്രതീക്ഷകളുടെ പൊൻചിറകുകളുമായി പുതുവർഷത്തെ നമുക്ക് എതിരേൽക്കാം. ഈ പുതുവർഷത്തിൽ ചെറിയ ഒരു പുഞ്ചിരിയിലൂടെ, നല്ല വാക്കുകളിലൂടെ, കൊച്ചുകൊച്ചു സഹായങ്ങളിലൂടെ അനേകരിൽ പ്രതീക്ഷകളുടെയും, നന്മയുടെയും പുതുനാമ്പുകൾ മുളപ്പിക്കുവാനും ഈ പുതുവർഷത്തിൽ നമുക്ക് ഉത്സാഹിക്കാം. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ...

അനുസ്മരിക്കുന്ന തിരുനാൾ : ദനഹാതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
പ്രാർത്ഥനാനിയോഗം : എല്ലാ മിഷണറിമാർക്കും വേണ്ടി
സുകൃതജപം : ഈശോയെ ഞാൻ അങ്ങിൽ ശരണപ്പെടുന്നു.
*വിശുദ്ധയെ അറിയാൻ സ്നേഹിക്കാൻ* : നവമാലിക അദ്ധ്യായം 6

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ബുധൻ : പുതുവർഷാരംഭം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

3 വെള്ളി : വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ

6 തിങ്കൾ : ദനഹാതിരുനാൾ, സീറോ മലബാർ മിഷൻ വാരാഘോഷം ആരംഭം

12 ഞായർ : പ്രേഷിതവാരം സമാപനം

18 ശനി : ജീവന്റെ മൂല്യം പ്രസംഗമത്സരം (ശാഖകളിൽ)

25 ശനി : വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്, ടീം ക്വിസ്
26 ഞായർ: കയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.
30 വ്യാഴം: ലോകസമാധാനദിനം

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി, ഓർഗനൈസിംഗ് ടീം മീറ്റിംഗ്. ടീം ക്വിസ്സ്, കൈയെഴുത്ത് മാസിക.

**3. കൈയ്യെഴുത്ത് മാസിക :** ഈ വർഷത്തെ കൈയെഴുത്ത് മാസികയുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയെഴുത്ത് മാസിക അതിരൂപതയിൽ എത്തിക്കേണ്ട അവസാന തീയതി 2025 ജനുവരി 26-ാം തീയതി ആണ്.

### 4. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2025 ജനുവരി 25 ന് നടത്തപ്പെടും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 56, നവംബർ മാസം ഗിരിദീപം പേജ് 40, കാണുക.) ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് രാവിലെ 10.30 ന് ആയിരിക്കും ടീം ക്വിസ്സ് മത്സരം നടക്കുന്നത്.

### 5. ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 25-ാം തീയതി ശാഖാ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. രാവിലെ 9.15 ന് ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വി. കുർബാന ഉണ്ടായിരിക്കും. അതിനുശേഷം നടക്കുന്ന മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ് ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയിക്കുന്നതായിരിക്കും.

### 6. പ്രേഷിതവാരം

2025 ജനുവരി 6 മുതൽ 12 വരെ പ്രേഷിതവാരമായി നാം ആചരിക്കുന്നു. മിഷൻ പ്രവർത്തനങ്ങളെ ഓർക്കുകയും എല്ലാ മിഷണറിമാർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. മിഷൻ വാരത്തോടനുബന്ധിച്ച് നമുക്ക് ചെയ്യാവുന്നകാര്യങ്ങൾ ഉടൻ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

### 7. Seven Months Challenge

2024 തലശ്ശേരി അതിരൂപത ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് **Seven Months Challenge** എന്ന പേരിൽ ജൂലൈ 1 മുതൽ മുതൽ ഡിസംബർ

31 വരെ എന്നും വി. കുർബാനയിൽ പങ്കെടുത്ത മിഷലീഗ് കുട്ടികൾക്ക് പ്രോത്സാഹനാർത്ഥം ചെറുപുഷ്പ മിഷൻലീഗ് പ്രശസ്തി പത്രം നൽകുന്നതിനെകുറിച്ച് അറിയിച്ചിരുന്നു. ഈ നാളുകളിൽ ഓരോ ശാഖയിൽ നിന്നും എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ ശാഖാ വൈസ് ഡയറക്ടേഴ്സ് മേഖല വൈസ് ഡയറക്ടേഴ്സിനെ 2025 ജനുവരി 10 ന് മുൻമ്പ് അറിയിക്കുമല്ലോ. ഓരോ മേഖലയിൽ നിന്നുള്ള ലിസ്റ്റ് മേഖല വൈസ് ഡയറക്ടേഴ്സ് രൂപതയിൽ അറിയിക്കുമല്ലാ.

**8. ശാഖാ സന്ദർശനങ്ങൾ :** അതിരൂപതാ ഭാരവാഹികൾ ജനുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**9. മേഖലാ സന്ദർശനം :** ജനുവരി മാസത്തിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തുന്നതായിരിക്കും എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**10. പുതിയ ശാഖ**

സി.എം.എൽ. തലശ്ശേരി അതിരൂപതയിലെ 212-ാമത്തെ ശാഖയായി പനത്തടി മേഖലയിലെ കുറ്റിക്കോൽ ശാഖയെ 22-11-2024 നു ചേർന്ന അതിരൂപതാ എക്സിക്യൂട്ടീവ് അംഗീകരിക്കുകയും ഡിസംബർ 8-ാം തീയതി അതിരൂപത ഡയറക്ടറും ഭാരവാഹികളും ശാഖ സന്ദർശിക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ശാഖാ ഡയറക്ടർ ബഹു. പ്രകാശ് കാഞ്ഞിരത്തിങ്കൽ OFM Cap, വൈസ് ഡയറക്ടർ സി. അൽഫോൻസ് CMC, ശാഖാഭാരവാഹികൾ, കുഞ്ഞുമിഷനറിമാർ, എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതിയ പ്രവർത്തനവർഷവും വിജയങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

**11. ഹൃദ്യമായ നന്ദി, സ്നേഹപൂർവ്വകമായ സ്വാഗതം**

കർമ്മനിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് നെല്ലിക്കാംപൊയിൽ മേഖലയിൽ ശുശ്രൂഷചെയ്ത് സ്ഥലം മാറിപോയ ഡയറക്ടർ ഫാ. എയ്ഷൽ ആനക്കല്ലിനും വൈസ് ഡയറക്ടർ സി. റെക്സിക്കും അതിരൂപത കുടുംബത്തിന്റെ ഹൃദ്യമായ നന്ദി. നെല്ലിക്കാംപൊയിൽ മേഖലയുടെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിക്കും വൈസ് ഡയറക്ടർ സി. അമല റോസിനും അതിരൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**12. ജീവകാരുണ്യ കൂപ്പൺ**

മിഷൻലീഗ് സംഘടനാപ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യ കൂപ്പൺ മേഖലകളുടെ നേതൃത്വത്തിൽ എല്ലാ ശാഖകളിലും എത്തിക്കാണുമല്ലോ. ഫെബ്രു

വരി 20-ാം തീയതി ആയിരിക്കും നറുക്കെടുപ്പ് നടത്തപ്പെടുക. ഫെബ്രുവരി 5-ാം തീയതി തുകയും മുഴുവൻ കുറ്റികളും ശാഖതിരിച്ച് മേഖലകളുടെ നേതൃത്വത്തിൽ അതിരൂപതയിൽ എത്തിക്കേണ്ടതാണ്. ഒരു ബുക്ക് മുഴുവൻ വിറ്റ് കഴിയുമ്പോൾ 40 രൂപ കുട്ടിക്കും, 40 രൂപ ശാഖയ്ക്കും, 40 രൂപ മേഖലയ്ക്കും മേഖലയുടെ നേതൃത്വത്തിൽ 80 രൂപ അതിരൂപതയിലും നൽകേണ്ടതാണ്.

**13. മിഷൻ പച്ചക്കറിത്തോട്ടം**

മിഷൻ പച്ചക്കറിത്തോട്ടമത്സരത്തിൽ രജിസ്റ്റർ ചെയ്ത ശാഖകളിൽ മേഖല ടീമിന്റെ നേതൃത്വത്തിൽ ഒന്നാംഘട്ട സന്ദർശനം പൂർത്തിയാക്കി. തിരഞ്ഞെടുത്ത ശാഖകളിൽ രണ്ടാംഘട്ട രൂപത റീജിയണൽ സന്ദർശനം നടത്തി. രണ്ടാം ഘട്ട സന്ദർശനത്തിൽ നിന്നും തിരഞ്ഞെടുക്കുന്ന ശാഖകളിൽ അതിരൂപത ടീം മൂന്നാം ഘട്ട സന്ദർശനം നടത്തുന്നതായിരിക്കും.

**15. നക്ഷത്രദൂത്**

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ് മെസേജ് "നക്ഷത്രദൂത്" എന്ന പേരിൽ വാട്സ് ആപ്പിലൂടെയും യൂട്യൂബിലൂടെയും അയച്ചിരുന്നു. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും പ്രത്യേകമായി പങ്കെടുത്ത് സഹകരിച്ചവർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**14. വചനമരം :** ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**15. ഉണ്ണീശോ കട്ടിൽ**

പഞ്ചാബ് മിഷനിലെ അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപ ചിലവാകും. ഏറ്റവും കുറഞ്ഞത് ഒരു കട്ടിലിനുള്ള തുകയോ ഭാഗികമായുള്ള തുകയോ നൽകാൻ പരിശ്രമിക്കുമല്ലോ.

**16. ആദരാഞ്ജലികൾ**

തളിപ്പറമ്പ് മേഖല പ്രസിഡന്റ് ശ്രീ. സുനിൽ ചുനയമ്മാക്കലിന്റെ മരണം മൂലം വേർപിരിഞ്ഞ് പോയ പിതാവ് മാത്യു ചാണ്ടി ചുനയമ്മാക്കലിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ധാരാളം കൃപകൾ സമ്മാനിച്ച വർഷമാണല്ലോ 2024. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2025 ലേയ്ക്ക് പ്രവേശിച്ചിരിക്കുമ്പോൾ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരുവാൻ ഉണ്ണീശോ അനുഗ്രഹിക്കട്ടെ. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

അനുസ്മരിക്കുന്ന തിരുനാൾ : ദനഹാതിരുന്നാൾ<br>
അനുസ്മരിക്കുന്ന വിശുദ്ധർ : വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ<br>
പ്രാർത്ഥനാനിയോഗം : നവവൈദികർക്കുവേണ്ടി<br>
സുകൃതംജപം : ദൈവമെ അങ്ങയുടെ സ്നേഹത്താൽ എന്നെ നിറയ്ക്കണേമേ.<br>
വചനം : ഒരു പുതിയ സൃഷ്ടിയാവുകയാണ് പരമ പ്രധാനം.<br>
എയ്ഞ്ചൽസ് ബീറ്റ്സ് : എയ്ഞ്ചൽ ഫെസ്റ്റ് – അതിരൂപതാ കലോത്സവം

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ബുധൻ : പുതുവർഷാരംഭം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.<br>
3 വെള്ളി : വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ<br>
6 തിങ്കൾ : ദനഹാതിരുനാൾ<br>
11 ശനി : എയ്ഞ്ചൽസ് ഫെസ്റ്റ്<br>
25 ശനി : ആനിമേറ്റേഴ്സ് മീറ്റിംഗ്

## 2. വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് – തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 25-ാം തീയതി ശാഖാ ആനിമെറ്റേഴ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് – തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

**3. ശാഖാ സന്ദർശനങ്ങൾ:** അതിരൂപതാ ഭാരവാഹികൾ ജനുവരി മാസം ഇനി സന്ദർശിക്കാത്ത ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമെറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**4. ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം എന്ന ആറാം അധ്യായം പഠിക്കാം. ഈശോ സംതൃപ്തിയോടെയാണ് എപ്പോഴും ജീവിച്ചിരുന്നത്. ഈശോയ്ക്ക് ഒന്നിനും പരാതിയില്ലാതിരുന്നു. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ എപ്പോഴും സംതൃപ്തിയോടെ ജീവിക്കാം.

**5. നിറം കൊടുക്കാമോ? :** പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം എന്ന ആറാം അധ്യായത്തിലെ പേജ് 33 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ജനുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. നിങ്ങൾക്കറിയാമോ? :** പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം എന്ന ആറാം അധ്യായത്തിലെ പേജ് 34 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ജനുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**7. എയ്ഞ്ചൽസ് ഫെസ്റ്റ് 2025 (കലോത്സവം)**

ഈ വർഷത്തെ തിരുബാലസഖ്യ കലോത്സവം നേരത്തെ അറിയിച്ചിരുന്നത് പോലെ 2025 ജനുവരി 11 ശനിയാഴ്ച ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ആയിരിക്കും. മത്സരങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒക്ടോബർ മാസത്തെ ഗിരിദീപത്തിലും വാട്സ് ആപ്പിലും നൽകിയിരിക്കുന്നത് നോക്കി മനസിലാക്കുമല്ലോ. മേഖലകളിൽ മത്സരങ്ങൾ നടത്തി മേഖല വിജയികളായവരാണ് അതിരൂപത മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിരൂപത മത്സരം രാവിലെ 9.15 ന് രജിസ്ട്രേഷനോടെ ആരംഭിക്കുന്നതാണ്. എല്ലാവരും കൃത്യസമയത്ത് വന്ന് മത്സരത്തിൽ പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**8. നിറംകൊടുക്കാമോ ? ഡിസംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | മരിയ മണ്ണംപ്ലാക്കൽ | - കനകപ്പള്ളി |
| II | റിച്ചാർഡ് കായ്ക്കാട്ടിൽ | - കടുമേനി |
| III | എയ്സൺ ചെറുകര | - പാടാംകവല |

**9. നിങ്ങൾക്കറിയാമോ ? ഡിസംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ജുവാന കിഴക്കേക്കര | - പാടാംകവല |
| II | റിസ തെരേസ ബിജു | - ചെടിക്കുളം |
| III | സഎലൈൻ എഴുപറ | - കടുമേനി |

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയ ത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം" (നിയമാവർത്തനം 6:5)

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

പുതുവർഷത്തിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു. പുതിയ വർഷം ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു. നവീനങ്ങളായ പ്രവർത്തനങ്ങളുമായി നമുക്കൊരുമിച്ച് മുന്നേറാം.

**മേഖലകൾ / യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

ജനുവരി 01 – പുതുവർഷാരംഭം
ജനുവരി 03 – വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ
ജനുവരി 06 – ദനഹാ തിരുനാൾ

## ബോൺനത്താലെ സംഘാടക സമിതി

ക്രിസ്തുമസ് സന്ദേശയാത്ര ബോൺ നത്താലെയുടെ സംഘാടക സമിതി രൂപീകരച്ചു. ഫൊറോന വികാരിമാർ, ഡയറക്ടർമാർ, പ്രസിഡണ്ടുമാർ എന്നിവർ അതിരൂപത സമിതിയോടൊപ്പം മീറ്റിംഗിൽ പങ്കെടുത്തു. എടൂർ ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കേമുറി ഉദ്ഘാടനം ചെയ്തു. ബോൺ നത്താലെ സീസൺ 4 മനോഹരമാക്കാൻ വിപുലമായ സംഘാടക സമിതിയെ രൂപപ്പെടുത്തി.

**നിവേദനം നൽകി**

ക്രൈസ്തവർ വിശുദ്ധമായി കാണുന്ന ഡിസംബർ 25 തിരുപ്പിറവി ദിനത്തിൽ നടത്തുന്ന എൻഎസ്എസ് ക്യാമ്പുകൾ ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിൻമേലുള്ള കടന്നുകയറ്റമാണ്. ഡിസംബർ 25 വിദ്യാർത്ഥികൾക്ക് വീടുകളിൽ ക്രിസ്മസ് സന്തോഷത്തിൽ പങ്കുചേരാൻ പറ്റുന്ന വിധത്തിൽ ക്യാമ്പ് ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെസിവൈഎം അതിരൂപതാ സമിതി വിദ്യാഭ്യാസ മന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷനും നിവേദനം നൽകി.

**മരിയൻ തീർത്ഥാടന വിളംബര യുവജന ബൈക്ക് റാലി**

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഡിസംബർ 06 വെള്ളിയാഴ്ച്ച രാത്രി എടൂരിൽ നിന്നും ആലക്കോട് നിന്നും ചെമ്പേരി ലൂർദ്ദ്

മാതാ ബസിലിക്കായിലേക്കുള്ള മരിയൻ തീർത്ഥാടന ജപമാല റാലിയുടെ വിളംബരത്തിന്റെ ഭാഗമായി കെസിവൈഎം തലശ്ശേരി അതിരൂപതാ സമിതി യുടെ നേതൃത്വത്തിൽ എടൂര് നിന്നും ആലക്കോട് നിന്നും ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കായിലേക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ ബൈക്ക് റാലി സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപതാ അധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി, കോഴിക്കോട് രൂപതാധ്യക്ഷൻ മാർ വർഗ്ഗീസ് ചക്കാലക്കൽ, തലശ്ശേരി അതി രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി എന്നിവർ യുവ ജന യാത്രയെ അഭിവാദ്യം ചെയ്യ്ത് സംസാരിച്ചു. ആലക്കോട്, ചെറുപുഴ, മേരിഗിരി, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി, എടൂർ, കുന്നോത്ത്, പേരാവൂർ, നെല്ലി ക്കാംപൊയിൽ, മണിക്കടവ്, പൈസക്കരി ഫൊറോനകളുടെ നേതൃത്വ ത്തിലാണ് ബൈക്ക് റാലി സംഘടിപ്പിച്ചത്.

**വടംവലി മത്സരം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ ഫാ. സാജു അറക്കൽ, ബാബു മാസ്റ്റർ പുളിക്കീൽ മെമ്മോ റിയൽ വടംവലി മത്സരം ചെമ്പേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ നെല്ലിക്കുറ്റിയിൽ വച്ച് സംഘടിപ്പിച്ചു. കെസിവൈഎം വെള്ളരിക്കുണ്ട് ടീം, എടൂർ ടീം, ചെറുപുഴ ടീം, ബദിയടുക്ക ടീം എന്നിവർ യഥാക്രമം വിജയിക ളായി. കെസിവൈഎം തലശ്ശേരി അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പ റമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങ് ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ഷൈബി ഉദ്ഘാടനം ചെയ്യ്തു. വടംവലി മത്സരം ചുരുങ്ങിയ ദിവസ ങ്ങൾകൊണ്ട് വിജയമാക്കി തീർത്ത കെസിവൈഎം ചെമ്പേരി ഫൊറോന സമിതിക്കും ഫൊറോന പ്രസിഡന്റ് അശ്വതി കുടിയിരിപ്പിലിനും ഫൊറോന ഡയറക്ടർ ഫാ.വിപിൻ ആനചാരിക്കും നെല്ലിക്കുറ്റി യൂണിറ്റിലെ സഹപ്ര വർത്തകർക്കും അതിരൂപതാ യുവജന കുടുംബത്തിന്റെ നന്ദി.

## U TALK

തോമാപുരത്തു വച്ചു നടത്തിയ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ യുവജ നങ്ങൾക്കായി സംഘടിപ്പിച്ച യൂത്ത് സിമ്പോസിയത്തിൽ ഏകദേശം 140 യുവ ജനങ്ങൾ പങ്കെടുത്തു. സിമ്പോസിയത്തിലേക്ക് യുവജനങ്ങളെ പറഞ്ഞുവിട്ട് U TALK വിജയകരമാക്കിത്തീർത്ത ബഹു. എല്ലാ വികാരിയച്ചൻമാർക്കും അതി രൂപതാ യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഫ്രീഡംവീൽ ക്യാമ്പയിൻ**

UNiTE - Invest to Prevent Violence Against Women & Girls # No Excuse. നവംബർ 25 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനുള്ള അന്താരാഷ്ട്ര ദിനത്തോടനുബന്ധിച്ച് VOICE OF WOMEN ന്റെ നേതൃത്വത്തിൽ ഫ്രീഡംവീൽ ക്യാമ്പയിൻ 17 ഫൊറോനകളിൽ നടത്തപ്പെട്ടു.

**അഭിവാദ്യങ്ങൾ**

ക്രിസ്മസ് ദിനത്തിൽ നടക്കുന്ന എൻഎസ്എസ് ക്യാമ്പ് ഒഴിവാക്കി വിദ്യാർത്ഥികൾക്ക് വീടുകളിൽ ക്രിസ്മസ് സന്തോഷത്തിൽ പങ്കുചേരാൻ ഉള്ള

സാഹചര്യം ഒരുക്കണം എന്ന തീരുമാനം പ്രാബല്യത്തിൽ വരുത്തിയ അധികാരികൾക്ക് അതിരൂപതാ യുവജന കുടുംബത്തിന്റെ അഭിവാദ്യങ്ങൾ

**അഭിനന്ദനങ്ങൾ**

ദിവ്യകാരുണ്യ കോൺഗ്രസ്സിനുള്ള ലോഗോ കോമ്പറ്റീഷനിൽ സമ്മാനർഹനായ തോമസ് പുതുവേലിക്ക് (മണിപ്പാറ യൂണിറ്റ്) അതിരൂപതാ യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

**ബോൺ നത്താലെ**

നഗരത്തെ പാപ്പാസാഗരമാക്കി മൂവായിരത്തോളം സാന്താക്ലോസുകൾ അണിനിരന്ന വൻ യുവജന ഘോഷയാത്രയോടെ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ, മണിക്കടവ് ഫൊറോനകളുടെ സഹകരണത്തോടെ ഇരിട്ടിയിൽ വച്ചു നടത്തിയ ബോൺ നത്താലെ ക്രിസ്മസ് സന്ദേശ യാത്രയും മെഗാ പാപ്പാ സംഗമവും നഗരത്തിന് കാഴ്ച കാഴ്ചവിരുന്നൊരുക്കി. ബാൻഡ് വാദ്യ മേളങ്ങളും നിശ്ചല ദൃശ്യങ്ങളും ഘോഷയാത്രയ്ക്കു കൂടുതൽ മിഴിവേകി. കരോൾ ഗാനത്തിനൊപ്പം നൃത്തച്ചുവടുകളുമായി ആയിരക്കണക്കിനു സാന്താക്ലോസുകൾ നീങ്ങിയതോടെ ഇരിട്ടി നഗരം പാപ്പാക്കടലായി. പുൽക്കൂട് - ക്രിസ്തുമസ് ഫ്ലോട്ടുകളും ശ്രദ്ധേയമായി. ഇരിട്ടി പയഞ്ചേരിമുക്കിന് സമീപം ആരംഭിച്ചു നഗരത്തിലൂടെ ഇരിട്ടി പാലം വഴി തന്തോട് സാൻജോസ് ക്ലോംപ്ലക്സ് പരിസരത്ത് അവസാനിച്ച ഘോഷയാത്ര കാണാൻ റോഡിനിരുവശവും ആളുകൾ നിറഞ്ഞിരുന്നു. പയഞ്ചേരിമുക്കിന് സമീപം തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സന്ദേശ യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ബോൺ നത്താലെ ക്രിസ്തുമസ് സന്ദേശരാവ് തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. എംഎൽഎമാരായ അഡ്വ. സണ്ണി ജോസഫ്, അഡ്വ. സജീവ് ജോസഫ്, വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയി കുര്യൻ, അതിരൂപത ഡയറക്ടർ ഫാ. മാത്യു മുക്കുഴി എന്നിവർ പ്രസംഗിച്ചു. ബോൺ നത്താലെ വിജയിപ്പിക്കാൻ സഹകരിച്ച എല്ലാ ഫൊറോന വികാരിമാർക്കും, ഡയറക്ടർമാർക്കും പ്രസിഡന്റുമാർക്കും എല്ലാ യുവജന സുഹൃത്തുക്കൾക്കും അതിരൂപതാ യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഫൊറോന വാർത്തകൾ**

**കുന്നോത്ത് ഫൊറോന**

- ഫൊറോനയിലെ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ജപമാല റാലി സംഘടിപ്പിച്ചു.
- മതാധ്യാപക ദിനത്തിന്റെ ഭാഗമായി വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ മതാധ്യാപകരെ ആദരിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്തു.

- വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഇടവകകളിലെ സെമിത്തേരി വൃത്തിയാക്കി.
- ഫൊറോനാസമിതിയുടെ നേതൃത്വത്തിൽ പാലത്തിൻകടവ് ബാലികാഭവൻ സന്ദർശിക്കുകയും കലാപരിപാടികൾ നടത്തുകയും ചെയ്തു.

**വെള്ളരിക്കുണ്ട് ഫൊറോന**

- ഫൊറോന നൈറ്റ് വിജിലും യൂണിറ്റ് വിസിറ്റുകളും നടന്നു.
- വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഇടവകകളിലെ സെമിത്തേരി വൃത്തിയാക്കി.
- വെള്ളരിക്കുണ്ട് KIDS CASTLE സന്ദർശിക്കുകയും മധുരവും കളർ ബുക്കുകളും നൽകുകയും ചെയ്തു.

**ചെമ്പന്തൊട്ടി ഫൊറോന**

- FIYAH - ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ നടത്തുന്ന പ്രതിമാസ നൈറ്റ് വിജിലിന്റെ ഉദ്ഘാടനം കരയത്തുംചാൽ യൂണിറ്റിൽ വച്ചു നടത്തപ്പെട്ടു.
- ഫൊറോനയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളുടെ സഹകരണത്തോടെ അംഗൻവാടികൾ സന്ദർശിച്ച് കുട്ടികൾക്ക് മധുരവിതരണം നടത്തി.
- ചെമ്പന്തൊട്ടി പള്ളിയിലെ തിരുവസ്ത്രത്തെ അവഹേളിച്ച സാമൂഹ്യ വിരുദ്ധരുടെ നടപെടിക്കെതിരെ ഫൊറോനയിലെ കെസിവൈഎം പ്രവർത്തകരുടെ നേതൃത്വത്തിൽ ചെമ്പന്തൊട്ടിയിൽ വച്ചു പന്തംകൊളുത്തി പ്രകടനവും പ്രതിഷേധ കൂട്ടായ്മയും സംഘടിപ്പിച്ചു.

**കാസറഗോഡ് ഫൊറോന**

- മതാധ്യാപക ദിനത്തിന്റെ ഭാഗമായി വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ മതാധ്യാപകരെ ആദരിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്തു.
- Elioenai ഫൊറോന നൈറ്റ് വിജിൽ നടത്തി.

**പൈസക്കരി ഫൊറോന**

- വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഇടവകകളിലെ സെമിത്തേരി വൃത്തിയാക്കി.
- Hesed ഫൊറോന നൈറ്റ് വിജിൽ ജോസ്മൗണ്ടിൽ വച്ചു നടത്തി.
- ഏഷ്യൻ റെസിലിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കുവേണ്ടി വെള്ളിമെഡൽ കരസ്ഥമാക്കിയ അനു തെരേസ് സജിയെ ആദരിച്ചു.

**ചെറുപുഴ ഫൊറോന**

- മതാധ്യാപക ദിനത്തിന്റെ ഭാഗമായി ഫൊറോനയുടെ നേതൃത്വത്തിൽ മതാധ്യാപകരെ ആദരിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്തു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്തൊലേറ്റ്

ഒരു പുതുവർഷം കൂടി നമ്മെ തേടിയെത്തിയിരിക്കുന്നു. പുതിയ പ്രതീക്ഷകളും സ്വപ്നങ്ങളുമായി ഈ നവവത്സരത്തെ നമുക്ക് വരവേൽക്കാം. ഏവർക്കും അനുഗ്രഹപ്രദമായ പുതുവർഷാശംസകൾ. സമുദായ ശക്തീകരണ വർഷമായി 2025 തലശ്ശേരി അതിരൂപത കൊണ്ടാടുമ്പോൾ സ്വന്തം സമുദായത്തെക്കുറിച്ച് അഭിമാനവും സന്തോഷവുമുള്ള കുടുംബങ്ങളെ രൂപപ്പെടുത്താനുള്ള ഉത്തരവാദിത്വം നെഞ്ചിലേറ്റാം. തനത് വിശ്വാസവും, പാരമ്പര്യങ്ങളും, കലകളും, വേഷവിധാനവും, ഭക്ഷണരീതികളും, പെരുമാറ്റശൈലികളുമാണ് ഒരു സമുദായത്തിന്റെ സ്വത്വബോധത്തെ ഉണർത്തുന്നതും വളർത്തുന്നതും. കുടുംബങ്ങൾ ശക്തിപ്പെടുമ്പോഴാണ് യഥാർത്ഥത്തിൽ സമുദായം ശക്തിപ്പെടുക. ദൈവം നല്കുന്ന ജീവനെ മഹത്തായ ദാനമായി സ്വീകരിക്കാനും സംരക്ഷിക്കാനും ത്യാഗത്തോടും ധീരതയോടും കൂടെ പ്രവർത്തിക്കാൻ കുടുംബങ്ങളെ നമുക്കൊരുക്കാം. പരസ്പരസ്നേഹത്തിലൂടെ ഉചിതമായ പങ്കുവയ്ക്കലിലൂടെ കൂട്ടായ്മ ശക്തിപ്പെടുത്താം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഡിസംബർ 19-21 തീയതികളിലായി സന്ദേശഭവനിൽ വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 145 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടു ക്കുന്നു.

| **MPC - 2025** | | | |
|---|---|---|---|
| January | 02-04 | (Thusday-Saturday) | Thalassery |
| January | 23-25 | (Thusday-Saturday) | Padannakkad |
| February | 13-15 | (Thusday-Saturday) | Thalassery |
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II. മാതൃവേദി

### (a) ജനറൽ ബോഡി

സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപത ജനറൽ ബോഡി യോഗം ഡിസംബർ 16ന് രാവിലെ 10.00 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഡയറക്ടർ സ്വാഗതവും, ശ്രീമതി മിനി മംഗലത്തിൽ റിപ്പോർട്ടും, ശ്രീമതി ഷാന്റി മാമ്മൂട്ടിൽ കണക്കും അവതരിപ്പിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീമതി ഷീബ തെക്കേടത്ത് അധ്യക്ഷയായ യോഗത്തിൽ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫൊറോന പ്രതിനിധികൾ ആശംസകൾ നേർന്നു. ആനിമേറ്റർ സി. ലിന്റ സിഎച്ച് എഫ് നന്ദിയും പറഞ്ഞു. 2025-2027 കാലഘട്ടത്തിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**പുതിയ രൂപതാ ഭാരവാഹികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | – | **സിസ്സി തൈപ്പറമ്പിൽ** (നിർമ്മലഗിരി) |
| **വൈസ് പ്രസിഡന്റ്** | – | **മേഴ്സി വാതപ്പള്ളിൽ** (പെരിയ) |
| **സെക്രട്ടറി** | – | **ലിൻസി കുന്നുപുറത്ത്** (വെള്ളരിയാനം) |
| **ജോ. സെക്രട്ടറി** | – | **വൽസമ്മ മുണ്ടിയാനിക്കൽ** (പൊയ്നാച്ചി) |
| **ട്രഷറർ** | – | **റജീന തെക്കെപ്പറമ്പിൽ** (തോമാപുരം) |
| **സെനറ്റ് മെമ്പർ** | – | **ജിജി ചാലിൽ** (കച്ചേരിക്കടവ്) |
| **സെനറ്റ് മെമ്പർ** | – | **ബീന പുത്തൂർ** (മാങ്ങോട്) |

**(b) വചനമെഴുത്ത് മത്സരം**

തലശ്ശേരി അതിരൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റും ഫാമിലി അപ്പൊസ്റ്റൊലേറ്റും സംയുക്തമായി അമ്മമാർക്കായി വചനം എഴുത്ത് മത്സരം നടത്തി. ഡിസംബർ 10ന് ചൊവ്വാഴ്ച്ച പടന്നക്കാട്, പനത്തടി, വെള്ളരിക്കുണ്ട്, മാലോം, തോമാപുരം എന്നീ കേന്ദ്രങ്ങളിലും ഡിസംബർ 11 ന് ആലക്കോട്, ചെറുപുഴ, ചെമ്പേരി, ഇരിട്ടി എന്നീ കേന്ദ്രങ്ങളിൽ മത്സരം നടത്തി. 650 പേർ പങ്കെടുത്തു.

**(c) മാതൃസംഗമം**

ഡിസംബർ 13–ാം തീയതി അതിരൂപതാ ഡയറക്ടർ കോളയാട് ഇടവകയിലെ മാതൃസംഗമത്തിൽ പങ്കുചേർന്ന്. വി. കുർബ്ബാനയർപ്പിച്ച് ക്ലാസ്സ് നല്കി.

**(d) വിവിധതരം മത്സരങ്ങൾ**

**1. അന്ത്യ അത്താഴ ടാബ്ലോ നിർമ്മാണ മത്സരം**

ദിവ്യകാരുണ്യവർഷത്തിൽ തലശ്ശേരി അതിരൂപത മാതൃവേദി, അമ്മമാർക്കായ് നടത്തിയ ഓൺലൈൻ അന്ത്യ അത്താഴ ടാബ്ലോ നിർമ്മാണ മത്സരത്തിൽ 50 ഓളം ടീമുകൾ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : മാലോം യൂണിറ്റ്
രണ്ടാം സമ്മാനം : അങ്ങാടിക്കടവ് യൂണിറ്റ്
മൂന്നാം സമ്മാനം : കോളയാട് യൂണിറ്റ്

**(e) ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

- ഡിസംബർ 27ന് ദിവ്യകാരുണ്യവർഷ പ്രതിമാസ ഓൺലൈൻ ആരാധന നടത്തി. ഇതോടെ ദിവ്യകാരുണ്യവർഷത്തിൽ സംഘടിപ്പിച്ച പ്രതിമാസ ഓൺലൈൻ ആരാധന സമാപിച്ചു. ഓരോ മാസത്തിലും സന്ദേശം നല്കിയ അഭിവന്ദ്യ പിതാക്കന്മാർക്കും ജനറാൾ അച്ചന്മാർക്കും വൈദികർക്കും ഹൃദയപൂർവ്വം നന്ദി. ആരാധനയ്ക്ക് നേതൃത്വം കൊടുത്ത ദിവ്യകാരുണ്യ സന്യാസിനി സമൂഹത്തിന് പ്രത്യേകം നന്ദി. ഞങ്ങളോട് ആത്മാർത്ഥമായി സഹകരിച്ച ജോൺ കൂവപ്പാറ അച്ചനും, Tellme Creations -നും കൃതജ്ഞത അർപ്പിക്കുന്നു.

**(f) ജനുവരി മാസത്തെ മാർഗ്ഗരേഖ**

1 – ദിവ്യകാരുണ്യ ആരാധനയിലും – വി. കുർബ്ബാനയിലും പങ്കെടുത്ത് പുതു വർഷം ആരംഭിക്കുന്നു. സമുദായ ശക്തീകരണ വർഷാരംഭം. ഈശോയുടെ നാമകരണതിരുനാൾ.

3 – വി. ചാവറകുര്യാക്കോസ് ഏലിയാസച്ചൻ – വിശുദ്ധന്റെ ചിത്രരചനാ മത്സരം – 9400206974 എന്ന നമ്പറിലേക്ക് മൂന്നാം തീയതി രാത്രി 12 മണിക്ക് മുമ്പാകെ അയക്കുക.

5 – ദൈവമാതൃത്വതിരുനാൾ – എല്ലാ അമ്മമാരെയും/സ്വന്തം അമ്മയെയും ആദരിക്കുക.

6 – ദനഹതിരുനാൾ ഈശോയുടെ മാമ്മോദീസ അനുസ്മരിച്ച് മാമ്മോദീസ നല്കിയ വൈദികൻ, തലതൊട്ടപ്പൻ, തലതൊട്ടമ്മ എന്നിവർ ആരാണെന്ന് അന്വേഷിച്ചറിഞ്ഞ് അവർക്കായ് പ്രാർത്ഥിക്കുക. ജ്ഞാനസ്നാന വ്രതനവീകരണം നടത്തുക.

7 – **മലർവാടി 2k25 – യൂണിറ്റിലെ മികച്ച പൂന്തോട്ടം കണ്ടെത്തി മേഖലയെ അറിയിക്കേണ്ട അവസാന ദിവസം**

8 – നേതൃസംഗമം @ ഇരിട്ടി
(മണിക്കടവ്, നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്)

9 – നേതൃസംഗമം @ പേരാവൂർ (പേരാവൂർ)

10 – നേതൃസംഗമം @ മാലോം (മാലോം, വെള്ളരിക്കുണ്ട്)

11 – നേതൃസംഗമം @ പടന്നക്കാട് (പനത്തടി, കാസറഗോഡ്, കാഞ്ഞങ്ങാട്)

12 – ദേശീയ യുവജനദിനത്തോടനുബന്ധിച്ച് യുവജനങ്ങൾക്ക് ആശംസകൾ നേരുക.

14 – വി. ദേവസഹായം പിള്ള – ക്രിസ്തീയ വിശ്വാസത്തിന് വേണ്ടി പീഢനം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കുക വിശ്വാസ പ്രമാണം – ഒരു പ്രാവശ്യം ചൊല്ലുക.

16 – നേതൃസംഗമം @ വായാട്ടുപറമ്പ് (തളിപ്പറമ്പ്, വായാട്ടുപറമ്പ്, ആലക്കോട്)

17 – നേതൃസംഗമം @ ചെറുപുഴ (മേരിഗിരി, തോമാപുരം, ചെറുപുഴ)

18 – നേതൃസംഗമം @ ചെമ്പേരി (പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി)
സഭൈക്യവാരം ആരംഭിക്കുമ്പോൾ ക്രിസ്തീയ സഭകളുടെ കൂട്ടായ്മയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലുക.

20 – വി. സെബസ്ത്യാനോസിന്റെ തിരുനാൾ ദിനം – എല്ലാ സെബാസ്റ്റ്യൻ നാമധാരികൾക്കും വേണ്ടി പ്രാർത്ഥിച്ച്, ആശംസകൾ നേരുക.

21 – വി. ആഗ്നസ് കന്യക രക്തസാക്ഷി – മക്കൾ ജീവിതവിശുദ്ധി അഭംഗുരം പാലിച്ച് ജീവിക്കാനായി പ്രാർത്ഥിക്കുക.

22 – **മലർവാടി 2k25 മേഖലാ വിധിനിർണ്ണയം.**
മേഖലയിലെ മികച്ച പൂന്തോട്ടം കണ്ടെത്തി രൂപതയിൽ അറിയിക്കേണ്ട അവസാന ദിനം. പൂന്തോട്ടത്തിന്റെ ഒരു വീഡിയോയും അയയ്ക്കണം.

24 – വി. ഫ്രാൻസീസ് സാലസ് – കുടുംബജീവിതത്തിലെ കൊച്ച് ജോലികൾ പോലും ആത്മാർത്ഥതയോടെ ചെയ്ത് വിശുദ്ധി പ്രാപിക്കാമെന്ന് പഠിപ്പിച്ച വിശുദ്ധന്റെ മാദ്ധ്യസ്ഥം തേടി കുടുംബാംഗങ്ങൾ തങ്ങളുടെ ദൈവവിളിയിൽ വളരാൻ പ്രാർത്ഥിക്കുക.

25 – വി. പൗലോസിന്റെ മാനസാന്തരം – ക്രിസ്തീയ വിശ്വാസത്തെ അവഹേളിക്കുന്നവരുടെ മാനസാന്തരത്തിന് വേണ്ടി പ്രാർത്ഥിക്കുക.
1 സ്വർഗ്ഗ : 1 നന്മ: 1 ത്രിത്വസ്തുതി ചൊല്ലി കാഴ്ചവെയ്ക്കുക.

26 – റിപ്പബ്ലിക്ക് ഡേ – ജന്മനാടിനുവേണ്ടി പ്രാർത്ഥിക്കുക.
സൈനികരെ ആദരിക്കുക

28 – വി. തോമസ് അക്വിനാസിന്റെ തിരുനാൾ

31 – വി. ഡോൺ ബോസ്കോയുടെ തിരുനാൾ.

**മലർവാടി 2k25 അതിരൂപതാതല വിധിനിർണ്ണയം**

**പ്രത്യേക പ്രവർത്തനങ്ങൾ**

1. മാതൃവേദി നേതൃത്വസ്ഥാനത്തുള്ളവർക്കായി കാര്യക്ഷമമായ നേതൃത്വപരിശീലനം
2. പ്രോലൈഫ് സഹായനിധി രൂപീകരണം
3. ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായോടൊപ്പം കേരളസഭയിലെ എല്ലാ വിശുദ്ധരും അണിചേരുന്ന ടാബ്ലോ മത്സരം. അമ്മമാർ തന്നെ തോമാശ്ലീഹായുടേയും വിശുദ്ധരുടേയും വേഷം ധരിച്ച് നിൽക്കുന്ന ടാബ്ലോ ഉചിതമായ പശ്ചാത്തലത്തിൽ സംഗീതമൊക്കെ ഉൾപ്പെടുത്തി വീഡിയോ എടുത്ത് 9400206974 ലേക്ക് ജനുവരി 31ന് രാത്രി 12.00 മണിക്ക് മുമ്പായി അയയ്ക്കുക.

## III. അമല പ്രോലൈഫ്

വലിയ കുടുംബങ്ങളുടെ സ്നേഹസംഗമം തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റും അമല പ്രോലൈഫും മാതൃവേദിയും സംയുക്തമായി സംഘടിപ്പിച്ചു. ജീവോത്സവം 2024 നവംബർ 23ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. 18 കുടുംബങ്ങൾ ഈ സംഗമത്തിൽ പങ്കെടുത്തു. വലിയ കുടുംബങ്ങളിൽ നിന്നു വന്ന കുട്ടികളുടെ ഈശ്വരപ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ഡയറക്ടർ ഏവർക്കും സ്വാഗതം ആശംസിച്ചു. അമല പ്രോലൈഫ് സെക്രട്ടറി ശ്രീമതി റൈനി കടവൻകുന്നേൽ റിപ്പോർട്ട് അവതരിപ്പിച്ചു. അനുഗ്രഹപ്രാഭാഷണം തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ നടത്തി. പ്രോലൈഫ് ക്രിസ്റ്റ്യൻ മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ പ്രതിനിധി ശ്രീ. സണ്ണി സെബാസ്റ്റ്യനും സന്യാസിനി സമൂഹങ്ങളുടെ പ്രിതിനിധി എന്ന നിലയിൽ എഫ്സിസി കൗൺസിലറും, മാതൃവേദി പ്രസിഡന്റും ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഷിനോജ് പുളിയ

നാട്ട് മറുപടി പ്രസംഗം നടത്തി. അമല പ്രോലൈഫ് ആനിമേറ്റർ സി. സ്റ്റെല്ല എംസ്എംഐ ഏവർക്കും നന്ദിയും പറഞ്ഞു. കുടുംബങ്ങൾക്ക് സഹായം നല്കുന്നതിനായി വിവിധ അപ്പൊസ്റ്റൊലേറ്റുകൾ, വിവിധ സന്യാസ സഭകൾ, അഭ്യുതയകാംക്ഷികൾ എന്നിവർ സംഭാവനകൾ നല്കി.. കുഞ്ഞുങ്ങൾക്ക് സമ്മാനങ്ങൾ നല്കിയും കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കിയും സഹായിച്ചു. കുട്ടികളുടേയും തളിപ്പറമ്പ് മാതൃവേദി യുണിറ്റിലെ അമ്മമാരുടെയും കലാപരിപാടികൾ സമ്മേളനത്തിന് മാറ്റുകൂട്ടി. ഉച്ചഭക്ഷണത്തോടെ സംഗമം അവസാനിപ്പിച്ചു.

**ജീവോത്സവത്തിൽ പങ്കെടുത്ത കുടുംബങ്ങൾ**

| നമ്പർ, പേര് | വീട്ടുപേര് | ഇടവക | കുട്ടികൾ |
|---|---|---|---|
| 1. ജോഷി & ട്രീസ | കാരംകുന്നേൽ | ആര്യപറമ്പ് | 4 |
| 2. ഷിനോജ് & നിഷ | പുളിയനാട്ട് | തോമാപുരം | 7 |
| 3. അജു & ആശ | നടുവിലേക്കുറ്റ് | തോമാപുരം | 4 |
| 4. സാബു & സബിത | മുരിയംവേലിൽ | പറമ്പ | 5 |
| 5. ബിനു& ത്രേസ്യാമ്മ | പേഴുംകാട്ടിൽ | പേരട്ട | 4 |
| 6. ജിജോ & ചഞ്ചൽ | രാജാക്കാട്ടിൽ | കൊട്ടിയൂർ | 6 |
| 7. ബിജോ & മിനി | മുതുപാറകുന്നേൽ | പുളിങ്ങോം | 4 |
| 8. വിനോദ് & സിഞ്ചു | വെട്ടംതടത്തിൽ | അട്ടേങ്ങാനം | 5 |
| 9. സുനിൽ & ജിജി | ചെറിയംകുന്നേൽ | ചീമേനി | 6 |
| 10. ബിനോജ് & ബിന്ദു | വാണിയംപുരയിടത്തിൽ | പരിയാരം | 7 |
| 11. ജോജോ & ടിമി | പാലിയേകുന്നേൽ | ചീമേനി | 4 |
| 12. ജിജോ & മഞ്ജു | ഇളംതോട്ടത്തിൽ | കരുവഞ്ചാൽ | 5 |
| 13 ജിജോ & ടീന | മുള്ളൻകുഴിയിൽ | മാങ്ങോട് | 4 |
| 14 വർഗ്ഗീസ് & ബിജി | മൈലാടുംപാറ | എടത്തൊട്ടി | 5 |
| 15 ടോണി & ആശ | മണിമല | വായാട്ടുപറമ്പ് | 4 |
| 16 ജോഷി & അഞ്ജലി | പാറത്തട്ടേൽ | തളിപ്പറമ്പ് | 4 |

### IV. പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. **Web Site: www.prolifemarry.com**

### V. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ **Mail ID: familytly92@gmail.com**

**Web Site: www.familytly.com**

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

ഒരു വർഷം കൂടി നാം പിന്നിട്ടു കഴിഞ്ഞു. പിന്നിട്ട വഴികളിലെ നന്മകളും പോരായ്മകളും കണ്ടെത്തി പുതിയ വർഷത്തിൽ കൂടുതൽ നന്മ ചെയ്യാനും വീഴ്ചകളിൽ കാലിടറാതിരിക്കാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് പുതുവർഷത്തെ നമുക്ക് വരവേൽക്കാം. ദൈവാനുഗ്രഹങ്ങൾ ഏറെ ചൊരിയപ്പെടുന്ന ഈ നാളുകളിൽ കഴിഞ്ഞ ഒരു വർഷം നമ്മെ വഴി നടത്തി അനുഗ്രഹിച്ച ദൈവത്തിന് നന്ദി പറഞ്ഞ് വരും വർഷം കൂടുതൽ ദൈവാനുഗ്രഹപ്രദമാകാൻ നമുക്ക് താഴ്മയോടെ പ്രാർത്ഥിക്കാം.

**എല്ലാവർക്കും ക്രിസ്തുമസിന്റെയും നന്മനിറഞ്ഞ പുതുവർഷത്തിന്റെയും മംഗളങ്ങൾ**!!!

### 1. അതിരൂപതാതല കരോൾഗാന മത്സരം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപക അനധ്യാപകർക്കായി കരോൾഗാന മത്സരം ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് ഡിസംബർ 14–ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു.

**1–ാം സ്ഥാനം** – സെന്റ് ജോസഫ്സ് യുപി സ്കൂൾ കുന്നോത്ത്

**2–ാം സ്ഥാനം** – ടീം ഇരിട്ടി

**3–ാം സ്ഥാനം** – സെന്റ് മേരീസ് എച്ച് എസ്എസ് എടൂർ

*വിജയികൾക്ക് അഭിനന്ദനങ്ങൾ!*

### 2. സദ്ഗമയ പിടി ചാക്കോ പ്രസംഗമത്സര വിജയികൾ

2024 നവംബർ 30–ാം തീയതി ശനിയാഴ്ച വിവിധ സെന്ററുകളിൽ നടന്ന പി.ടി. ചാക്കോ പ്രസംഗമത്സര വിജയികൾ. മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും അവരെ പരിശീലിപ്പിച്ച അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പ്രത്യേകം നന്ദി പറയുന്നു.

**തോമാപുരം സെന്റർ**

**എൽ.പി. വിഭാഗം**

1-ാം സ്ഥാനം - എയ്ഡൻ ജോസ് ലാലു, സെന്റ് അഗസ്റ്റിൻസ് LPS, കോഴിച്ചാൽ
2-ാം സ്ഥാനം - അഭിഷേക് ഇ.വി, സെന്റ് തോമസ് LPS, തോമാപുരം
3-ാം സ്ഥാനം - സാൻഡ്രിയ മറിയം ഷിജു, സെന്റ് തോമസ് LPS, തോമാപുരം

**യു.പി. വിഭാഗം**

1-ാം സ്ഥാനം - എമിൽഡ മരിയ ഷിബു, സെന്റ് ജോസഫ്സ് UPS, കാരുള്ളടക്കം
2-ാം സ്ഥാനം - നേഹ എലിസബത്ത് ഷിജു, സെന്റ് ജോസഫ്സ് UPS, ,,
3-ാം സ്ഥാനം - കൃഷ്ണപ്രിയ പി.എസ്, സെന്റ് ജോൺസ് HS, പാലാവയൽ

**എച്ച്.എസ്. വിഭാഗം**

1-ാം സ്ഥാനം - ജോൺ എൽസ് ടോം, സെന്റ് തോമസ് HS, തോമാപുരം
2-ാം സ്ഥാനം - ആൻ മരിയ തോമസ്, സെന്റ് ജോൺസ് HS, പാലാവയൽ
3-ാം സ്ഥാനം - മിഷൽ പ്രനേഷ്, സെന്റ് മേരീസ് HS, ചെറുപുഴ

**വായാട്ടുപറമ്പ് സെന്റർ**

**എൽ.പി. വിഭാഗം**

1-ാം സ്ഥാനം - ജോന്ന മേരി ബിനീഷ്, സെന്റ് മേരീസ് UPS, പൈസക്കരി
2-ാം സ്ഥാനം - ഹെന്ന റോസ് ജോമി, ചെറുപുഷ്പ UPS, ചെമ്പന്തൊട്ടി
3-ാം സ്ഥാനം - മാത്യൂസ് പ്രമീൻ, സെന്റ് ജോസഫ്സ് LPS, അരീക്കമല

**യു.പി. വിഭാഗം**

1-ാം സ്ഥാനം - ജുവൽ ജോസ്, നിർമ്മല UPS, ചെമ്പേരി
2-ാം സ്ഥാനം - എയ്ഞ്ചൽ മരിയ അനീഷ്, നിർമ്മല UPS, ചെമ്പേരി
3-ാം സ്ഥാനം - ആൻതെരേസ തോമസ്, സെന്റ് മേരീസ് UPS, പൈസക്കരി

**എച്ച്.എസ്. വിഭാഗം**

1-ാം സ്ഥാനം - ആൻഡ്രിയ ജോസ്, സെന്റ് ജോസഫ്സ് HS, വായാട്ടുപറമ്പ
2-ാം സ്ഥാനം - റിസ ഫാത്തിമ എസ്.വി, ബിവിജെഎം HS, പെരുമ്പടവ്
3-ാം സ്ഥാനം - ആൻ മരിയ ബെന്നി, ബിവിജെഎം HS, പെരുമ്പടവ്

**എടൂർ സെന്റർ**

**എൽ.പി. വിഭാഗം**

1-ാം സ്ഥാനം - ഇവാനിയ തെരേസ് ബിനു, വയത്തൂർ UPS.
2-ാം സ്ഥാനം -
എസ്തർ എലിസബത്ത് സെബാൻ, സെന്റ് ജോസഫ്സ് LPS, രണ്ടാംകടവ്
3-ാം സ്ഥാനം - ആൻഡ്രിയ റെജി, നിർമ്മല LPS, അടിച്ചുവാരി

**യു.പി. വിഭാഗം**

1-ാം സ്ഥാനം - ആൻഡ്രിയ ഷൈജു, കാരിസ് UPS, മാട്ടറ
2-ാം സ്ഥാനം - റെയ്ച്ചൽ മരിയ കെ, സേക്രട്ട് ഹാർട്ട് UPS, അങ്ങാടിക്കടവ്
3-ാം സ്ഥാനം -
ആൻസ്ബർട്ട് ജോൺ സോണി, സെന്റ് തോമസ് UPS, കരിക്കോട്ടക്കരി

**എച്ച്.എസ്. വിഭാഗം**

1-ാം സ്ഥാനം - എർലിൻ അന്ന ഷിബു, സെന്റ് തോമസ് HS, മണിക്കടവ്

2-ാം സ്ഥാനം - മിഷേൽ സാറ, സാന്തോം HS, കൊളക്കാട്

3-ാം സ്ഥാനം - ക്രിസ്റ്റീന ഷാജു, സെന്റ് തോമസ് HS, മണിക്കടവ്

**ഹയർസെക്കന്ററി**

1-ാം സ്ഥാനം - ആദിത്യൻ സുനിൽ, സെന്റ് ജോസഫ്സ് HSS, വായാട്ടുപറമ്പ

2-ാം സ്ഥാനം - മാളവിക പി.എ, സെന്റ് മേരീസ് HSS, എടൂർ

3-ാം സ്ഥാനം - അന്ന റോസ് സജി, നിർമ്മല HSS, ചെമ്പേരി

***വിജയികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.***

**3. റവ. ഫാ. ജോസഫ് വലിയ കണ്ടം മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് (ഡബിൾസ്)**

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപകർക്കും അനധ്യാപകർക്കുമായി ബാഡ്മിന്റൺ ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നു.

- **തീയതി - 04/01/2025 ശനിയാഴ്ച 2 PM ന്**
- **സ്ഥലം - ചെമ്പേരി വൈഎംസിഎ കോർട്ടിൽ**
- **രജിസ്ട്രേഷൻ സ്വീകരിക്കുന്ന അവസാന തീയതി *2025 ജനുവരി ഒന്ന്***
- **രജിസ്ട്രേഷൻ ഫീസ് - 400/-**

ഇരിട്ടി, ചെമ്പേരി, ചെറുപുഴ എന്നീ മേഖല അടിസ്ഥാനത്തിൽ എത്ര ടീമുകൾ വേണമെങ്കിലും രൂപീകരിക്കാം. അന്വേഷണങ്ങൾക്കും രജിസ്ട്രേഷനുമായി താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ഫോൺ : 9495461885, 7907114165, 9446964945.**

**4. റവ. ഫാ. ജോൺ വടക്കുംമൂലയിൽ മെമ്മോറിയൽ പ്രസംഗ മത്സരം**

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്തമായി തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപക - അനധ്യാപകർക്കായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു.

- **തീയതി : 11/01/2025 ശനിയാഴ്ച 10 am**
- ***സ്ഥലം : നിർമ്മല ഹയർസെക്കണ്ടറി സ്കൂൾ ചെമ്പേരി***
- ***രജിസ്ട്രേഷനുള്ള അവസാന തീയതി : 07/01/2025 (വ്യാഴം)***

സാധിക്കുന്നത്ര അധ്യാപക - അനധ്യാപകർ പ്രസംഗ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. അന്വേഷണങ്ങൾക്കും രജിസ്ട്രേഷനുമായി താഴെക്കാണുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ഫോൺ : 9562694583, 9846563135.**

**5. അധ്യാപക/അനധ്യാപക അവാർഡുകൾ**

നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ജോലി ചെയ്യുന്ന അധ്യാപക അനധ്യാപകരുടെ സേവനങ്ങളെ സഭയും സമൂഹവും നന്ദിയോടെ സ്മരിക്കുന്നു. ചിലർ വളരെ മാതൃകാപരവും ശ്രദ്ധേയവുമായ സേവനങ്ങൾ ചെയ്യുന്നുണ്ട്. സ്കൂൾ തലത്തിലും കോർപ്പറേറ്റ് തലത്തിലും അധ്യാപക രെയും അനധ്യാപകരെയും ആദരിക്കണം. എല്ലാവർക്കും അവാർഡുകൾ നൽകുക പ്രായോഗികമല്ലല്ലോ. പരമാവധി അന്വേഷണങ്ങൾ നടത്തി കോർപ്പ റേറ്റ് തലത്തിൽ മൂന്ന് തരത്തിലുള്ള അവാർഡുകൾ അധ്യാപകർക്കും അന ധ്യാപകർക്കും നൽകുന്നു. ഈ വർഷത്തെ അവാർഡുകൾക്ക് അർഹരായി ട്ടുള്ളവരുടെ പേരുകൾ ബഹു. വികാരിയച്ചന്മാരുടെയും മറ്റ് സ്റ്റാഫ് അംഗ ങ്ങളുടെയും വിശദമായ റിപ്പോർട്ടുകളോടെ **ജനുവരി 26-ാം** തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരണം. സത്യസന്ധമായും വസ്തുനിഷ്ഠമായും തയ്യാറാക്കിയ റിപ്പോർട്ടുകളാണ് അയച്ചുതരേണ്ടത്.

**6. സംസ്ഥാന അധ്യാപക അവാർഡ്**

കെ.സി.ബി.സി യും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡും സംയുക്ത മായി നൽകുന്ന അധ്യാപക അവാർഡിന് അപേക്ഷ ക്ഷണിക്കുന്നു. **ജനു വരി 26-ാം** തീയതി തയ്യാറാക്കിയ അപേക്ഷ ഫോം കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. കോർപ്പറേറ്റ്തല വിലയിരുത്തൽ സമിതിയുടെ ശുപാർശയുള്ള അപേക്ഷകൾ മാത്രമേ കെ.സി.ബി.സിക്ക് നൽകുകയുള്ളൂ എന്ന കാര്യം അറിയിക്കുന്നു. സത്യസന്ധമായും വ്സതുനിഷ്ഠമായും തയ്യാ റാക്കിയ റിപ്പോർട്ടുകളാണ് അയച്ചുതരേണ്ടത്.

**7. വിദ്യാലയ വിലയിരുത്തൽ**

ഓരോ വിദ്യാലയത്തെയും വിലയിരുത്തി അവാർഡ് നൽകുന്നതിനായി സ്കൂൾ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണ്. സ്കൂൾ വാർഷിക റിപ്പോർട്ട് കൃത്യമായ ഒരു വിലയിരുത്തലിന്റെ ബാക്കി പത്രമാകണം. വിദ്യാലയ പ്രവർത്തനങ്ങളെ വിലയിരുത്തി കൃത്യമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഒരു മാർഗ്ഗരേഖ എല്ലാ വർഷവും കോർപ്പറേറ്റിൽ നിന്ന് അയക്കാറുണ്ട്. ഈ ഫോർമാറ്റ് അവാർഡ് ലഭിക്കുന്നതിനുവേണ്ടി മാത്രമല്ല, വിദ്യാലയത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനുവേണ്ടിയാണ്. അതു കൊണ്ട് കോർപ്പറേറ്റ് ഓഫീസിൽ നിന്നയക്കുന്ന സ്കൂൾ പെർഫോമയെ അടി സ്ഥാനമാക്കി പ്രധാനധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയ പ്രവർത്തന ങ്ങൾ യഥാവിധി വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി കോർപ്പറേറ്റ് ഓഫീസി ലേക്ക് അയച്ചു തരണം. സത്യസന്ധമായും വ്സതുനിഷ്ഠമായും തയ്യാറാ ക്കിയ റിപ്പോർട്ടുകളാണ് അയച്ചു തരേണ്ടത്.

**8. പി. ടി. എ. അവാർഡ്**

നമ്മുടെ വിദ്യാലയങ്ങൾക്ക് പി.ടി.എ. നൽകുന്ന പിൻതുണയും പ്രോത്സാഹനവും ശ്രദ്ധേയമാണ്. വിദ്യാലയങ്ങളെ സ്നേഹിക്കുകയും തങ്ങളുടെ സമയവും അദ്ധ്വാനവും സ്കൂളിനുവേണ്ടി മാറ്റിവെക്കുകയും

ചെയ്യുന്ന രക്ഷിതാക്കളോട് പ്രത്യേകം നന്ദി പറയുന്നു. ഓരോ വർഷവും പി.ടി.എ.യുടെ നേതൃത്വത്തിൽ ഒരു വികസന പദ്ധതിയെങ്കിലും ലക്ഷ്യമിട്ട് മാനേജ്മെന്റിനെ സഹായിക്കണം. **2024–25** അധ്യയന വർഷത്തിൽ പി.ടി.എ.യുടെ നേതൃത്വത്തിൽ ചെയ്ത പ്രവർത്തനങ്ങൾ വാർഷിക വിലയിരുത്തൽ റിപ്പോർട്ടിന്റെ ഭാഗമാകണം. ഈ അധ്യയന വർഷം പി.ടി.എ.യുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ വിദ്യാലയ പ്രവർത്തനങ്ങളെയും വികസന പദ്ധതികളെയും വിലയിരുത്തി മികച്ച പി.ടി.എ.യ്ക്കുള്ള അവാർഡുകൾ നൽകുന്നു. റിപ്പോർട്ട് **2025 ജനുവരി 30–ാം** തീയതിക്കു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കണം.

**9. മാസ്റ്റർ മൈൻഡ് 2K 24**

മികവ്, അറിവ്, കൈത്തിരി എന്നിവയുടെ സ്കൂൾതല പരീക്ഷ **2024 ഡിസംബർ 31 തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക്** നടത്തുന്നു. സ്കൂൾതല പരീക്ഷയിൽ 75 ശതമാനത്തിൽ കൂടുതൽ മാർക്ക് കിട്ടിയ കുട്ടികളുടെ ലിസ്റ്റ് ക്ലാസ് തിരിച്ച് കോർപ്പറേറ്റ് ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. കോർപ്പറേറ്റ് തല പരീക്ഷ **2025 ജനുവരി 10–ാം തീയതി 2 മണി** മുതൽ നടത്തുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**10. മതബോധനം, സന്മാർഗ പാഠ വാർഷിക പരീക്ഷ**

മതബോധനം, സന്മാർഗശാസ്ത്രം എന്നിവയുടെ വാർഷിക പരീക്ഷ **2025 ജനുവരി 6, 7** (തിങ്കൾ, ചൊവ്വ) തീയതികളിലായി സ്കൂൾ തലത്തിൽ നടത്തുന്നു. വാർഷിക പരീക്ഷയ്ക്ക് 1 മുതൽ 12 വരെ ക്ലാസുകളിൽ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.

**പരീക്ഷയുടെ സമയം**

**തിങ്കൾ (06/01/2025) ക്ലാസ് 1 മുതൽ 12 വരെ**
**– ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ സന്മാർഗശാസ്ത്രം**

**ചൊവ്വ (7/01/2025) ക്ലാസ് 1 മുതൽ 10 വരെ**
**– ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.30 വരെ മതബോധനം**

സെന്ററുകളും അതിനോടനുബന്ധിച്ച സ്കൂളുകളും താഴെ കൊടുക്കുന്നു. ചോദ്യപേപ്പറുകൾ അതത് സെന്ററുകളിൽ **2025 ജനുവരി 4–ാം** തീയതി എത്തിക്കുന്നു. അവിടെ നിന്ന് ചോദ്യപേപ്പറുകൾ സ്കൂളുകൾക്ക് എടുക്കാവുന്നതാണ്.

**11. യാത്രയയപ്പ് സമ്മേളനവും അവാർഡ് ദാനവും**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ **2024–2025** അധ്യയനവർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനവും മികച്ച സ്കൂളുകൾക്കും അധ്യാപക-അനധ്യാപകർക്കുള്ള അവാർഡ് ദാനവും **2025 ഫെബ്രുവരി 26–ാം** തീയതി **ബുധനാഴ്ച** നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### വിമൽജ്യോതി കോളജ് ചാരിറ്റി പിൽഗ്രിം നടത്തി

ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളജ് 1–ാം വർഷ ബിടെക് വിദ്യാർഥികൾ കണ്ണൂർ, കാസർകോട് ജില്ലകളിലെ 12 വൃദ്ധസദനങ്ങൾ സന്ദർശിച്ചു. കോളജിന്റെ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന ഈ ദൗത്യം ജീവിതത്തെക്കുറിച്ചുള്ള അവബോധവും സഹാനുഭൂതിയും വിദ്യാർഥികളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ്. കോളജ് മാനേജർ ഫാ. ജയിംസ് ചെല്ലങ്കോട്ട് ഫ്ളാഗ് ഓഫ്ചെയ്തു. 1–ാം വർഷ കോഴ്സ് കോഓർഡിനേറ്റർ പ്രഫ. കെ.വി. ജോർജ് വിദ്യാർഥികൾക്ക് മാർഗനിർദേശം നൽകി. എൻഎസ്എസ് കോർഡിനേറ്റർമാരായ റിജോയ്, അഖിൽ, ജോമി ജോസ് എന്നിവർ ചാരിറ്റി യാത്ര ഏകോപിപ്പിച്ചു. എല്ലാ കേന്ദ്രങ്ങളിലേക്കും 10000/രൂപ വില വരുന്ന പലവ്യഞ്ജനങ്ങളുടെ ഒരു കിറ്റ് സ്നേഹോപഹാരമായി നൽകി. അധ്യാപകരും വിദ്യാർഥികളുമടങ്ങുന്ന സംഘം വിവിധ കേന്ദ്രങ്ങൾ സന്ദർശിച്ചു.

### പ്ലേസ്മെന്റ് വാർത്തകൾ ഡിസംബർ 2024

- Structural Engineering രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ **Aarbee Structures** വിമൽജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. സെലക്ഷൻ ലിസ്റ്റ്, ജനുവരി അവസാനത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- ഇന്ത്യയിലെ ഏറ്റവും വലിയ Mobile Tower Installation കമ്പനിയായ INDUS TOWERS അവരുടെ Diversity hiring ന്റെ ഭാഗമായി Mechanical, Electrical, Electronics എന്നീ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിൽ പഠനം പൂർത്തിയാക്കിയ Female Engineers നെ റിക്രൂട്ട് ചെയ്യുന്നു. ഫെബ്രുവരി ആദ്യ വാരത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുമെന്ന് കരുതുന്നു.
- Micro finance രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ ESAF Small Finance ബാങ്ക് ഡിസംബർ മാസത്തിൽ ക്യാംപസ് റിക്രൂട്ട്മെന്റ് നടത്തുകയുണ്ടായി. Group Discussing, Written Test എന്നിവ പൂർത്തിയാക്കി. 17 വിദ്യാർത്ഥികൾ അവസാന റൗണ്ടിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുത്തിട്ടുണ്ട്. Final Interview, ജനുവരി 10 ന് കോളേജ് ക്യാമ്പസിൽ വച്ച് നടത്തപ്പെടുന്നു.

- Litmus 7, Workcohol, Axess.10 എന്നീ IT കമ്പനികൾ ജനുവരി മാസത്തിൽ ക്യാംപസ് റിക്രൂട്ട്മെന്റിനായി വിമൽജ്യോതിയിൽ എത്തുന്നു.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

---

## സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

### IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777.

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ:** ജർമൻ ഭാഷയുടെ ജനുവരി ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**സൗജന്യ ജർമൻ ബാച്ചുകൾ:** നേഴ്സുമാർക്കുവേണ്ടിയുള്ള സൗജന്യ ജർമൻ ബാച്ചുകൾ ഫെബ്രുവരി മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. Ph : 82817507777, 8281730777.

**ഫാ. സ്കറിയ വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്സ്റ്റോലേറ്റ്
## എ. കെ. സി. സി.

### തലശ്ശേരി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

10.12.24ന് നെല്ലിക്കംപൊയിൽ സെൻ്റ് സെബാസ്റ്റ്യൻസ് ഫൊറോന പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്ത യോഗ ത്തിൽ അതിരൂപത പ്രസിഡൻ്റ് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു. നെല്ലിക്കാം പൊയിൽ ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട ഫാ. ജോസഫ് കാവനാടി മുഖ്യഭാഷണവും കത്തോലിക്കാ കോൺഗ്രസ് ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് കളരിക്കൽ അനുഗ്രഹഭാഷണ വും നടത്തി. ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം റിപ്പോർട്ട് അവതരി പ്പിച്ചു.

### തീരുമാനങ്ങൾ

1) 2025 ഫെബ്രുവരി എട്ടിന് ചെമ്പേരി ലൂർദ് മാതാ ബസിലിക്ക പാരീഷ് ഹാളിൽ വച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി ഭാരവാഹികൾക്ക് സ്വീകരണം നൽകുന്നതിന് തീരുമാനിച്ചു.
2) കാർഷിക വിഷയങ്ങൾ, വൈദ്യുതിചാർജ് വർദ്ധനവ് എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കി കണ്ണൂർ കലക്ടറേറ്റിനു മുൻപിൽ സമീപഭാവിയിൽ ധർണ്ണ സമരം നടത്തുന്നതിന് തീരുമാനിച്ചു.
3) കത്തോലിക്ക കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവിൽ ഫൊ റോന സെക്രട്ടറിമാരെ കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.
4) ജനുവരി മാസത്തെ അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് തളിപ്പറമ്പ് ഫൊറോനയിൽ പരിയാരം ഇടവകയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

### പൊതു പ്രവർത്തനങ്ങൾ

1) കത്തോലിക്ക കോൺഗ്രസ് ആലക്കോട് മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ കാർഷിക വിഷയങ്ങളുന്നയിച്ചും മേഖലയിലെ

തകർന്ന റോഡുകൾ നന്നാക്കുക, മൂരികടവ് പാലം നിർമ്മിക്കുക. എന്നീ ആവശ്യങ്ങൾ ഉയർത്തികൊണ്ട് നവംബർ 25-ാം തീയതി നടത്തിയ പ്രതിഷേധാഗ്നിയുടെ വിജയത്തിനായി ആലക്കോട് മേഖലാ പ്രസിഡണ്ട് ബേബി കോയിക്കൽ നയിച്ച വിളംബരജാഥ 22-ാം തീയതി രാവിലെ ഒറ്റത്തൈയിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത വൈസ് പ്രസിഡണ്ട് ടോമി കണയങ്കൽ ഉദ്ഘാടനം ചെയ്തു. വിളംബര ജാഥയിൽ ആലക്കോട് ഫൊറോന വികാരി പെരിയ ബഹു. ഫാ. ആന്റണി പുന്നൂര്, കത്തോലിക്കാ കോൺഗ്രസ് ആലക്കോട് മേഖല ഡയറക്ടർ ഫാ. ജിബിൻ വട്ടംകാട്ടേൽ, അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, രൂപത സെക്രട്ടറിമാരായ സിജോ കണ്ണേഴത്ത്, സെബാസ്റ്റ്യൻ ജാതികുളം, ബിനോയ് തോമസ്, തോമസ് ഒഴുകയിൽ എന്നിവർ ആലക്കോട് മേഖല യിലെ വിവിധ സ്ഥലങ്ങളിൽ നൽകിയ സ്വീകരണങ്ങളിൽ സംസാരിച്ചു.

2) കത്തോലിക്ക കോൺഗ്രസ് ആലക്കോട് മേഖല കമ്മിറ്റി മലയോര മേഖലയോടുള്ള അവഗണനയിലും കർഷകദ്രോഹ നടപടിയിലും പ്രതിഷേധിച്ച് നവംബർ 25ന് പ്രതിഷേധാഗ്നി റാലിയും പൊതുസമ്മേ ളനവും ആലക്കോട് ടൗണിൽ നടത്തി. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത പ്രസിഡണ്ട് ശ്രീ. ജോർജ് കോയിക്കൽ ആമുഖഭാഷണം നടത്തി. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷ ണവും ആലക്കോട് ഫൊറോന വികാരി പെരിയ ബഹു. ഫാ. ആന്റണി പുന്നൂര് അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് മേഖലാ ഡയറക്ടർ ഫാ. ജിബിൻ വട്ടംകാട്ടേൽ ഗ്ലോബൽ ട്രഷറർ അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജിമ്മി ആയിത്തമറ്റം, ടോമി കണയങ്കൽ, മേഖലാ പ്രസിഡന്റ് ബേബി കോയിക്കൽ എന്നിവർ സംസാരിച്ചു.

3) കത്തോലിക്കാ കോൺഗ്രസ് പാലാവയൽ യൂണിറ്റ് കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് ഡിസംബർ എട്ടിന് പാലാവയലിൽ വച്ച് നടത്തി. പാലാവയൽ ഇടവക വികാരി ഫാ. ജോസ് മാണിക്കത്താഴെ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ കത്തോലിക്കാ കോൺഗ്രസ് രൂപത സെക്രട്ടറി ജോയ് കൊച്ചു കുന്നത്തുപറമ്പിൽ അധ്യക്ഷത വഹിച്ചു.

4) അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാരെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി ബന്ധപ്പെട്ടവർക്ക് നിവേദനം നൽകി.

5) ഡിസംബർ 6,7 തീയതികളിലായി ചെമ്പേരി ലൂർദ് മാതാ ബസിലിക്കയിൽ നടന്ന മരിയൻ തീർത്ഥാടനത്തിൽ കത്തോലിക്ക കോൺഗ്രസ് പ്രവർത്ത കർ സജീവമായി പങ്കെടുത്തു. എടൂർ ഫൊറോനയിൽ നിന്നും ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നയിച്ച മരിയൻ തീർത്ഥാടന ത്തിൽ കത്തോലിക്കാ കോൺഗ്രസ് നെല്ലിക്കാംപൊയിൽ മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ മൊബൈൽ ക്ലിനിക്കും ആംബു ലൻസ് സൗകര്യവും ആവശ്യമുള്ളവർക്ക് ചികിത്സ സൗകര്യങ്ങളും ഒരുക്കി.

6) ശാസ്ത്രീയ കൃഷിക്ക് ദേശീയ അവാർഡ് നേടിയ അനീഷ് താബോറിനെ കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയ ത്തും ചെറുപുഴ മേഖല ഡയറക്ടർ ഫാ. തോമസ് പൂവൻപുഴയും ചേർന്ന് ആദരിച്ചു.

7) വൈദ്യുതി വില വർധനയിൽ കുന്നോത്ത് ഫൊറോന യൂണിറ്റ് മെഴുകു തിരി കത്തിച്ച് പ്രതിഷേധിച്ചു. ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. തോമസ് പാണാക്കുഴി ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഗ്ലോബൽസമിതി അംഗം ബെന്നി പുതിയപുറം, യൂണിറ്റ് പ്രസിഡണ്ട് എൻ.വി. ജോസഫ് എന്നിവർ സംസാരിച്ചു.

8) റബർ മേഖലയിലെ കൃഷിക്കാരുടെ പ്രതിസന്ധികൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ റബ്ബർ ബോർഡ് അധികാരികൾക്ക് നിവേദനം നൽകി.

   റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ടി. സിജു, റബ്ബർ ബോർഡ് അംഗം എം.പി. രാജീവൻ, ജോയിന്റ് റബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സാലി എന്നിവർ അടങ്ങിയ ഉദ്യോഗസ്ഥ സംഘത്തിന് ബഹു. ഫാ. ജോസഫ് തേനംമാക്കൽ, ബെന്നിച്ചൻ മഠത്തിനകം, ബെന്നി പുതിയാമ്പുറം, അൽഫോൻസ് കളപ്പുര, ജോർജ് കാനാട്ട്, തോമസ് വർഗീസ്, സാജു ഇടശ്ശേരി എന്നിവർ ചേർന്ന് നിവേദനം നൽകി.

**സംഘടനാ പ്രവർത്തനങ്ങൾ**

1) ചെമ്പേരി ലൂർദ് മാതാ ബസിലിക്ക പള്ളി ഓഡിറ്റോറിയത്തിൽ നടന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത യൂത്ത് കൗൺസിൽ യോഗം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

   തലശ്ശേരി അതിരൂപതയിൽ കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ ശക്തമാക്കുന്നതിന്റെ ഭാഗമായി 19 മേഖലകളിൽ നിന്നുള്ള യുവജന പ്രതിനിധികൾ പങ്കെടുത്തു.

   ചെമ്പേരി ലൂർദ് മാതാ ബസിലിക്കാ റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിര

ക്കാട്ട്, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ യൂത്ത് കോഡിനേറ്റർ സിജോ കണ്ണേഴത്ത് എന്നിവർ സംസാരിച്ചു.

2) നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വിളമനയിൽ കത്തോലിക്ക കോൺഗ്രസിന്റെ പുതിയ യൂണിറ്റ് രൂപീകരിച്ചു. പ്രസിഡണ്ടായി ബിനോയ് തോമസിനെ തിരഞ്ഞെടുത്തു.

   ഇടവക വികാരി ഫാ. സന്തോഷ്, ബെന്നിച്ചൻ മടത്തിനകം, ഫൊറോനാ പ്രസിഡന്റ് തോമസ് വർഗീസ് വരമ്പുങ്കൽ എന്നിവർ സംസാരിച്ചു.

3) കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ മലബാർ റീജിയൻ നേതൃത്വസംഗമം തലശ്ശേരി സന്ദേശഭവനിൽ വച്ച് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

   തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപത കമ്മിറ്റികളുടെ കീഴിലുള്ള യുവജന നേതാക്കൾ പങ്കെടുത്തു. തലശ്ശേരി അതിരൂപത യുവജന ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോക്ടർ ജോസുകുട്ടി ഒഴുകയിൽ, ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നേൽ, തലശ്ശേരി അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത്, ട്രീസ ലിസ് സെബാസ്റ്റ്യൻ, സിജോ കണ്ണേഴത്ത് തുടങ്ങിയവർ സംസാരിച്ചു.

4) തലശ്ശേരി അതിരൂപതയിലെ ദിവ്യകാരുണ്യ വർഷത്തിന്റെ സമാപനവും തോമാപുരം ഫൊറോനയിൽ വെച്ച് നടന്ന ദിവ്യകാരുണ്യ കൺവെൻഷനും ഏറ്റവും ഭക്തിനിർഭരമാക്കുന്നതിനും വിജയിപ്പിക്കുന്നതിനും വേണ്ടി കത്തോലിക്കാ കോൺഗ്രസ് ഫൊറോന, യൂണിറ്റ് ഭാരവാഹികളും പ്രവർത്തകരും ആത്മാർത്ഥമായി സഹകരിച്ചു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

**1. കുടുംബകൂട്ടായ്മ**

ഇടവക കോഡിനേറ്റർമാരുടെ സമ്മേളനം 2025 ഫെബ്രുവരി 01 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ തളിപ്പറമ്പ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. അഭി. പിതാവിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിലേയ്ക്ക് എല്ലാ ഇടവക കോഡിനേറ്റർമാരും കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്. ബഹു. വികാരിയച്ചൻമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കോഡിനേറ്റർക്ക് അസൗകര്യം വന്നാൽ പകരം ഒരാളെ നിർബന്ധ മായും വിടേണ്ടതാണ്.

**2. പ്രോത്സാഹനസമ്മാനം**

ഇതിനോടകം അറിയിച്ചിരുന്നതുപോലെ, 2024 ൽ നൽകപ്പെട്ട നിർദ്ദേശങ്ങൾ പാലിച്ചും മാതൃകാപരമായും കുടുംബകൂട്ടായ്മകൾ നടത്തിയ ഇടവകകൾക്കുള്ള സമ്മാനം 2025 ഫെബ്രുവരി 01 ശനിയാഴ്ച നടത്തപ്പെടുന്ന ഇടവക കോഡിനേറ്റർമാരുടെ സമ്മേളനത്തിൽവച്ച് നൽകുന്നതാണ്. ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അതിരൂപതാതല സമ്മാനങ്ങളും ഫൊറോനാതല ഒന്നും രണ്ടും സ്ഥാന ങ്ങൾക്കുള്ള സമ്മാനങ്ങളും നൽകുന്നതാണ്.

**3. സമ്മാനാർഹമായ ഇടവകകൾ**

2024-ൽ അതിരൂപതതലത്തിൽ ഏറ്റവും നന്നായി കുടുംബ കൂട്ടായ്മകൾ നടത്തിയ അഞ്ച് ഇടവകകൾ.

1. സെന്റ് മേരിസ് ചർച്ച്, മാട്ടറ
2. സെന്റ് തോമസ് ഫൊറോന ചർച്ച്, മണിക്കടവ്
3. സെന്റ് മേരിസ് ഫൊറോനാ ചർച്ച്, എടൂർ
4. ക്രൈസ്റ്റ് ദി കിങ് ചർച്ച്, ഭീമനടി
5. സെന്റ് ജോസഫ് ചർച്ച്, ഇരിട്ടി

**ഫൊറോനതലസമ്മാനത്തിന് അർഹമായ ഇടവകകൾ**

**1. ആലക്കോട് ഫൊറോന**

I. സെന്റ് ആന്റണീസ് ചർച്ച്, ജയഗിരി
II. സെന്റ് മേരിസ്ചർച്ച്, ഉദയഗിരി

**2. ചെമ്പന്തൊട്ടി ഫൊറോന**
I. സെന്റ് ജോർജ് ഫൊറോന ചർച്ച്, ചെമ്പന്തൊട്ടി
II. സെന്റ് ആന്റണീസ് ചർച്ച്, വെണ്ണക്കല്ല്
**3. ചെമ്പേരി ഫൊറോന**
I. സെന്റ് ഫുസ്കോ ചർച്ച്, പൂപ്പറമ്പ്.
II. സെന്റ് അഗസ്റ്റിൻ ചർച്ച്, നെല്ലിക്കുറ്റി
**4. ചെറുപുഴ ഫൊറോന**
I. ഹോളി ഫാമിലി ചർച്ച്, കോലുവള്ളി
II. സെന്റ് അൽഫോൻസാ ചർച്ച്, മുളപ്ര
**5. എടൂർ ഫൊറോന**
I. സെന്റ് മേരീസ് ഫൊറോന ചർച്ച്, എടൂർ
II. സെന്റ് മേരീസ് ചർച്ച്, ഉരുപ്പൻകുറ്റി
**6. കാഞ്ഞങ്ങാട്ഫൊറോന**
I. ഇൻഫന്റ് ജീസസ് ചർച്ച്, കാഞ്ഞങ്ങാട്
II. ഹോളിസ് പിരിറ്റ് ചർച്ച്, എണ്ണപ്പാറ
**7. കാസർഗോഡ് ഫൊറോന**
I. ഇൻഫന്റ് ജീസസ് ചർച്ച്, ഹൊസങ്കടി
II. ഇൻഫന്റ് ജീസസ് ചർച്ച്, മുള്ളേരിയ
**8. കുന്നോത്ത് ഫൊറോന**
I. സെന്റ് ജോസഫ് ചർച്ച്, രണ്ടാംകടവ്
II. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, മാടത്തിൽ
**9. മാലോം ഫൊറോന**
I. സെന്റ് ജോർജ് ചർച്ച്, മാലോം
II. സെന്റ് അൽഫോൻസാ ചർച്ച്, പുല്ലടി
**10. മണിക്കടവ് ഫൊറോന**
I. സെന്റ്മേരിസ് ചർച്ച്, മാട്ടറ
II. സെന്റ് തോമസ് ഫൊറോന ചർച്ച്, മണിക്കടവ്
**11. മേരിഗിരി ഫൊറോന**
I. സെന്റ് മേരീസ് ചർച്ച്, പച്ചാണി
II. ചെറുപുഷ്പം ഫൊറോന ചർച്ച്, മേരിഗിരി
**12. നെല്ലിക്കാംപൊയിൽ ഫൊറോന**
I. സെന്റ് ജോസഫ് ചർച്ച്, ഇരിട്ടി
II. സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ചർച്ച്, നെല്ലിക്കാംപൊയിൽ
**13. പൈസക്കരി ഫൊറോന**
I. മാർസ്ലീവാ ചർച്ച്, വെമ്പുവ, II. ചെറുപുഷ്പം ചർച്ച്, ചന്ദനക്കാംപാറ
**14. പനത്തടി ഫൊറോന**
I. സെന്റ് മേരീസ് ചർച്ച്, പാണത്തൂർ II. സെന്റ് ജോർജ് ചർച്ച്, പടുപ്പ്
**15. പേരാവൂർ ഫൊറോന**
I. സെന്റ് ജോർജ് ചർച്ച്, കണിച്ചാർ II. ഫാത്തിമ മാതാ ചർച്ച്, പെരുമ്പുന്ന
**16. തളിപ്പറമ്പ് ഫൊറോന**
I. സെന്റ് മദർ തെരേസ ചർച്ച്, പരിയാരം
II. സെന്റ് മേരീസ് ഫൊറോന ചർച്ച്, തളിപ്പറമ്പ്

**17. തോമാപുരം ഫൊറോന**

I. സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കണ്ണിവയൽ

II. സെന്റ് കുര്യാക്കോസ് ഏലിയാസ് ചർച്ച്, ചാവറഗിരി

**18. വായാട്ടുപറമ്പ് ഫൊറോന**

I. സെന്റ് ജോസഫ് ഫൊറോന ചർച്ച്, വായാട്ടുപറമ്പ്

II. സെന്റ് അൽഫോൻസാ ചർച്ച്, അൽഫോൻസാഗിരി

**19. വെള്ളരിക്കുണ്ട് ഫൊറോന**

I. ക്രൈസ്റ്റ് ദി കിംഗ് ചർച്ച്, ഭീമനടി II. സെന്റ് ജൂഡ് ചർച്ച്, ആട്ടേയങ്ങാനം

## 4. ദിയാക്കോണിയ

അതിരൂപതാതല ദിയകോണിയാ സംഗമം 2025 ഫെബ്രുവരി 01 ന് ശനിയാഴ്ച രാവിലെ 11 മണിക്ക് തളിപ്പറമ്പ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത സമ്മേളനത്തിൽ എല്ലാ അപ്പൊസ്റ്റോലേറ്റുകളുടെയും അതിരൂപതാതല ഭാരവാഹികൾ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതത് ഓഫീസിൽ നിന്നും അറിയിക്കുന്നതാണ്.

## 5. പ്രത്യേക ശ്രദ്ധയ്ക്ക്

1. 2025 സമുദായ ശാക്തീകരണ വർഷമായി ആചരിക്കുമ്പോൾ കുടുംബ ക്കൂട്ടായ്മകൾ കൂടുതൽ ഫലവത്തായും സജീവമായും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.
2. കുടുംബ കൂട്ടായ്മയിൽ പ്രാർത്ഥനാ പുസ്തകവും റിപ്പോർട്ട് ബുക്കുകളും കൃത്യമായി ഉപയോഗിക്കുക.
3. മുഴുവൻ ജനപങ്കാളിത്തത്തോടെ കൂട്ടായ്മകൾ നടത്തുവാൻ ഭാരവാഹി കൾ ശ്രദ്ധിക്കുക.
4. ഇടവകാതല കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി അതിരൂപത ടീം വലിയ നോമ്പിൽ എല്ലാ ഇടവകകളും സന്ദർശിക്കുന്നതാണ്.
5. അതിരൂപത ടീം സന്ദർശിക്കുമ്പോൾ എല്ലാ യൂണിറ്റുകളും റിപ്പോർട്ട് ബുക്കുകൾ സമാഹരിച്ച് പരിശോധനയ്ക്കായി ഹാജരാക്കാൻ ശ്രദ്ധി ക്കുമല്ലോ.
6. ഓരോ മാസവും റിപ്പോർട്ടുകൾ കൃത്യതയോടെ അതിരൂപത ഓഫീസി ലേക്ക് അയയ്ക്കുക.

## 3. റിപ്പോർട്ട് – 2024

ഇടവകാതല റിപ്പോർട്ടുകൾ അയക്കേണ്ട മേൽവിലാസവും വാട്സാപ്പ് നമ്പറും ശ്രദ്ധിക്കുക.

a) വാട്സാപ്പ് നമ്പർ : 8330 870228.

b) Postal Address: Director, FRUITS
Archbishop's House
Thalassery - 670101, PB No. 70, Kannur

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**ലോകഭിന്നശേഷി ദിനാചരണങ്ങൾ**

**ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി**

ഡിസംബർ ഒന്നാം തീയതി ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ലോകഭിന്നശേഷി ദിനാചരണം വിശുദ്ധ ബലിയോട് ചേർന്ന് ആഘോഷമായി നടത്തപ്പെട്ടു. ഭിന്നശേഷി കൂട്ടായ്മയിൽ വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന വ്യക്തികളെ ആദരിച്ചു. കുട്ടികളുടെ കലാപരിപാടികളും മധുര വിതരണവും ഭിന്നശേഷി ദിനാചരണത്തിന് തിളക്കമേകി. ദൈവപരിപാലനയിൽ കുറവുകളെ മറികടക്കുമെന്ന ഉത്തമ ബോധത്തോടെ ആഘോഷങ്ങൾ സമാപിച്ചു.

**സ്നേഹസദൻ ഷെൽട്ടർ ഹോം**

ഡിസംബർ മൂന്ന് ലോകഭിന്നശേഷി ദിനത്തിൽ പടന്നക്കാട് സ്നേഹസദൻ ഷെൽട്ടർ ഹോമിൽ ആദം മിനിസ്ട്രിയുടെയും റേഡിയോ ഫോർ യുവിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ലോക ഭിന്നശേഷി ദിനാചരണം നടത്തി. ഫാ. ജിബിൻ കളത്തിൽ റേഡിയോ, ക്യാമറ, ടിവി തുടങ്ങിയ മേഖലകളിലെ അറിവ് അന്തേവാസികൾക്ക് പകർന്നു നൽകി. കുട്ടികൾക്ക് ഫോട്ടോഗ്രാഫി ചെയ്യുവാനുള്ള അവസരം നൽകി. ഭിന്നശേഷി ദിനാചരണത്തിന്റെ സന്ദേശം ഫാ. പ്രിയേഷ് നൽകി. മാനേജർ സി. ആൽഫിൻ എസ്. ഡി ഏവരെയും സ്വാഗതം ചെയ്തു. കുട്ടികളുടെ കലാപരിപാടിയും മധുര വിതരണവും ദിനത്തെ ഏറെ മനോഹരമാക്കി.

**ആംഗ്യഭാഷ പരിശീലനം ദേവഗിരി കോളേജ്**

ഡിസംബർ 6–ാം തീയതി ലോക ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് ഒരുക്കിയ ആംഗ്യഭാഷാ വർക്ക്ഷോപ്പിൽ പങ്കുചേർന്ന് പരിശീലനം നൽകി. ആദം മിനിസ്ട്രി ടെക്നിക്കൽ വിഭാഗം മാനേജർ ശ്രീ. അൻസൽ രാജ് ക്ലാസുകൾക്ക് സാങ്കേതിക സഹായം നൽകി.

### ദിവ്യകാരുണ്യ കോൺഗ്രസ് ചിറ്റാരിക്കൽ

തലശ്ശേരി അതിരൂപത ആദ്യമായി ഒരുക്കിയ ദിവ്യകാരുണ്യ കോൺഗ്രസിൽ അതിരൂപത ഭിന്നശേഷി വിഭാഗം ആദം മിനിസ്ട്രിയും അംഗങ്ങളും ഭാഗഭാക്കുകളായി. പതിനായിരക്കണക്കിന് വിശ്വാസസമൂഹം ഒന്നിച്ച്ചേർന്ന ദിവ്യകാരുണ്യ നഗറിൽ പ്രത്യേകം സജ്ജമാക്കിയ സ്ഥലത്ത് അതിരൂപതയിലെ കേൾവി പരിമിതരായ വിശ്വാസികളും ദിവകാരുണ്യനാഥനെ വണങ്ങി ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ പങ്കുവെച്ച് ദൈവവചനത്തെ ദിവ്യകാരുണ്യ ചിന്തകളെ തങ്ങളുടെ മാതൃഭാഷയായ ആംഗ്യഭാഷയിൽ ഡയറക്ടർ ഫാ. പ്രിയേഷ് നൽകിയ പരിഭാഷ വഴി ദൈവകൃപയിൽ അഭിഷിക്തരായി. വിശുദ്ധ ബലിയിലും, ജപമാലയിലും, പ്രാർത്ഥനയിലും ഏകാഗ്രതയോടെ ഭക്തിയോടെ അവർ പങ്കുചേരുന്നു. ആലക്കോട് ബൈബിൾ സൊസൈറ്റി സെക്രട്ടറി ശ്രീ. ആന്റണി വെട്ടിക്കാട്ട് ജപമാലകൾക്ക് നേതൃത്വം കൊടുത്തു. ദിവ്യകാരുണ്യ കോൺഗ്രസ് സമാപന ദിനത്തിൽ ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ അതിരൂപതയിലെ ബധിര വിശ്വാസസമൂഹത്തിന്റെ പങ്കുചേരൽ പ്രത്യേകത ഉളവാക്കി.

### നന്ദിയുടെ ഒരു വാക്ക്

ദൈവത്തിന്റെ പ്രിയപ്പെട്ടവരായ ഭിന്നശേഷിക്കാരായ മക്കളെ ചേർത്തു പിടിക്കുവാൻ, ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പ്രാധാന്യമുള്ളവരായി കണക്കാക്കി മുൻപന്തിയിൽ തന്നെ വേദിയൊരുക്കുവാൻ അവസരം ഒരുക്കിയ, നിർദ്ദേശം നൽകിയ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും, പെരിയ ബഹു. മാണി മേൽവട്ടം അച്ചനും കൺവെൻഷൻ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

### ക്രിസ്തുമസ് ആഘോഷങ്ങൾ

### ഡിസംബർ 7 ബാംഗ്ലൂർ

ബാംഗ്ലൂർ എഫാത്ത കൂട്ടായ്മയുടെ ക്രിസ്തുമസ് ആഘോഷങ്ങൾ വിശുദ്ധ കുമ്പസാരത്തോടും, ബലിയോടും കൂടെ നടത്തപ്പെട്ടു. ബാംഗ്ലൂർ കമ്മ്യൂണിറ്റിയിലെ അംഗങ്ങളുടെ ക്രിസ്തുമസ് അവതരണവും കലാപരിപാടികളും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. മത്സരങ്ങൾക്കും സമ്മാനദാനത്തിനുംശേഷം സെന്റ് പാട്രിക്ക് വികാരി റവ. ഫാ. ക്രിസ്തുരാജ് ക്രിസ്തുമസ് സന്ദേശം നൽകി.

### ഡോൺ ബോസ്കോ കാരക്കുണ്ട്

**ഡിസംബർ 14:** ഗുഡ്നെസ്സ് ടിവി, ദീനസേവ സന്യാസ സമൂഹത്തിന്റെ ആതുര ആലയങ്ങൾ കേന്ദ്രീകരിച്ച് ഒരുക്കുന്ന ടിവി പ്രോഗ്രാമിലേക്ക് കുഞ്ഞുങ്ങൾക്ക് ആംഗ്യഭാഷയിൽ വിശുദ്ധ ബലി, പ്രാർത്ഥനകൾ, കുമ്പസാരം, ഗാനങ്ങൾ എന്നിവ നൽകി. ക്രിസ്തുമസ് സന്ദേശം നൽകി കുഞ്ഞുങ്ങളെ ലോക രക്ഷകനായ ഉണ്ണി മിശിഹായുടെ തിരുപ്പിറവിക്കായി ഒരുക്കി.

### തൃശ്ശൂർ എഫാത്ത

**ഡിസംബർ 15:** തൃശ്ശൂർ പാലക്കാട് റീജനിലെ ബധിര വിശ്വാസ

സമൂഹത്തിനായി ഒരുക്കപ്പെട്ട ക്രിസ്മസ് ആഘോഷത്തിൽ 165ഓളം അംഗങ്ങൾ പങ്കുചേർന്നു. തൃശൂർ പുത്തൻപള്ളി വികാരി റവ. ഫാ. വിൽസൺ ആഘോഷങ്ങൾക്ക് തിരി തെളിച്ചു. ശ്രീ ജോഷി ഏവരെയും സ്വാഗതം ചെയ്തു. കുട്ടികളുടെയും മുതിർന്നവരുടെയും ക്രിസ്തുമസ് അവതരണ ങ്ങളും, ഗാനങ്ങളും, നൃത്തങ്ങളും ആഘോഷത്തെ മനോഹരമാക്കി. ലക്കി കൂപ്പൺ നറുക്കെടുപ്പ് നടത്തി. കുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ നൽകി. സ്നേഹവിരുന്ന് വിവിധ മത്സരങ്ങളുടെയും നാലുമണിയോടുകൂടി ആഘോഷങ്ങൾ സമാപിച്ചു. വിശുദ്ധ കുർബാന അർപ്പിച്ചും വിശുദ്ധ കുമ്പസാരത്തിന് അവസരം ഒരുക്കിയും ആദം മിനിസ്ട്രി ഡയറക്ടർ തൃശൂർ വിശ്വാസ സമൂഹത്തിന്റെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേർന്നു.

**എഫാത്ത വയനാട്**

വയനാട് കത്തോലിക്ക കൂട്ടായ്മയുടെ ക്രിസ്തുമസ് ആഘോഷവും വിശുദ്ധ കുർബാനയും ബത്തേരി ഫൊറോന ദേവാലയത്തിൽ ഡിസംബർ 22 ഞായറാഴ്ച നടന്നു. വികാരി തോമസ് മണക്കുന്നേൽ ഏവരെയും സ്വാഗതം ചെയ്യുന്നു കുമ്പസാരത്തിനും വിശുദ്ധ കുർബാനയ്ക്കും ഫാ. പ്രിയേഷ് കളരിമുറിയിൽ, ഫാ. ജെറി ഓണമ്പിള്ളി എന്നിവർ നേതൃത്വം നൽകി. ഇടവക അംഗങ്ങൾ സ്നേഹവിരുന്ന് ക്രിസ്തുമസ് സന്തോഷം പങ്കുവെച്ചു.

**മൃതസംസ്കാര ശുശ്രൂഷ തൃശൂർ**

തൃശ്ശൂർ അതിരൂപത, എറവ് സെന്റ് തെരേസാസ് ചർച്ച് അംഗവും, ആദം മിനിസ്ട്രിയുടെ ആദ്യകാലം മുതലുള്ള സജീവ പ്രവർത്തകനുമായ ശ്രീ. പൂപ്പാടി തോമസിന്റെ നിര്യാണത്തിൽ 21 ശനിയാഴ്ച ഭവനം സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിക്കുകയും, സംസ്കാര ശുശ്രൂഷകൾക്ക് ആംഗ്യ ഭാഷയിൽ പരിഭാഷ നൽകുകയും ചെയ്തു.

**എഫാത്താ ധ്യാനം മദർ ഹോം**

ഡിസംബർ 27, 28, 29 തീയതികളിലായി മദർ ഹോം ധ്യാനകേന്ദ്രത്തിൽ കേൾവി പരിമിതരായ കുട്ടികൾക്കും മുതിർന്നവർക്കും ആയി വിശ്വാസ പരിശീലനവും ധ്യാനവും നൽകി. അതിരൂപത വിശ്വാസ പരിശീലന വിഭാഗം ഡയറക്ടർ ഫാ. ജേക്കബ് വെണ്ണയിപ്പിള്ളിൽ ധ്യാനം ഉദ്ഘാടനം ചെയ്തു. മദർ ഹോം ഡയറക്ടർ ഫാ. ബെന്നി പുത്തൻനടയിൽ ക്രിസ്തുമസ് ആഘോ ഷങ്ങൾക്ക് നേതൃത്വം കൊടുത്തു. ക്രിസ്തുമസ് സുഹൃത്തുക്കൾക്കുള്ള സമ്മാനങ്ങൾ കൈമാറിയും, ധ്യാനചിന്തകളിൽ ദൈവകൃപ സ്വീകരിച്ചും, കത്തോലിക്ക വിശ്വാസത്തിൽ ആഴപ്പെട്ടും അംഗങ്ങൾ ദിനങ്ങൾ അനുഗ്ര ഹീതമാക്കി. കണ്ണൂർ രൂപതാംഗം ഫാ. ജോളി, ആദം മിനിസ്ട്രി ഡയറക്ടർ ഫാ. പ്രിയേഷ് എന്നിവർ ധ്യാനങ്ങൾക്കും ക്ലാസുകൾക്കും നേതൃത്വം നൽകി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

### മദ്യത്തിന്റെ കുത്തൊഴുക്ക് കേരളത്തിൽ വ്യാപിക്കുന്നു

കേരള സർക്കാർ മദ്യപാനം പ്രോത്സാഹിപ്പിക്കുകയും, ലൈസൻസില്ലാത്ത അബ്കാരി കോൺട്രാക്ടർ ആയി മാറുകയും ചെയ്യുന്ന കാഴ്ചയാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നതെന്ന് കെ.സി.ബി.സി. മദ്യ വിരുദ്ധ സമിതി – മുക്തിശ്രീ അതിരൂപതാ കമ്മിറ്റി കുറ്റപ്പെടുത്തി.

സാംസ്കാരിക അധഃപതനത്തിന് സർക്കാർനയം കാരണമായി തീരുന്നുവെന്നും യോഗം ചൂണ്ടിക്കാട്ടി. മദ്യപാനം മൂലം തകർന്നടിയുന്ന കുടുംബങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ സർക്കാരിന് ആവില്ല. വിവാഹബന്ധം വേർപെടുത്തുന്നവരുടെ എണ്ണം കേരളത്തിൽ പെരുകി വരുന്നു. യുവജനങ്ങൾ മദ്യത്തിനും ലഹരി വസ്തുക്കൾക്കും അടിമകളാക്കുന്നു. ഈ അധഃപതനങ്ങൾ കണ്ട് കയ്യും കെട്ടി നോക്കി നിൽക്കാൻ ഒരു സഭാസ്നേഹിക്കും സാധിക്കില്ല. മദ്യനയത്തിനെതിരെ പ്രാർത്ഥനയിലൂടെ വിജയം കൈവരിക്കാൻ സാധിക്കും എന്ന് യോഗം ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു. മണിക്കടവ് ഫൊറോന പള്ളിയിൽ ചേർന്ന യോഗത്തിൽ മദ്യവിരുദ്ധ സമിതി അതിരൂപതാ പ്രസിഡന്റ് ടോമി സാർ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ വികാരി വെരി. റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ യോഗം ഉദ്ഘാടനം ചെയ്തു. മദ്യപാനത്തിനെതിരെ സ്ത്രീശാക്തീകരണം അനിവാര്യമാണെന്ന് അദ്ദേഹം ചൂണ്ടികാട്ടി. വളർന്നുവരുന്ന യുവതലമുറയുടെ കാര്യത്തിൽ മാതാപിതാക്കളുടെ ശ്രദ്ധ പതിയേണ്ട കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും പാടില്ലെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കി. മേഖല ഡയറക്ടർ ഫാ. ജെയ്സ് കുരിശുംമൂട്ടിൽ ആമുഖ പ്രഭാഷണം നടത്തി. ഫൊറോനയിലെ മുഴുവൻ ഇടവകകളിലും യൂണിറ്റ് പ്രവർത്തനം സജീവമാണെന്ന് അദ്ദേഹം യോഗത്തെ അറിയിച്ചു.

അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് പൂവത്തോലിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ആനിമേറ്റർ സി. ജോസ് മരിയ സി.എം.സി., മുക്തി ശ്രീ പ്രസിഡന്റ് ശ്രീമതി ഷിനോപാറക്കൽ, പൈലി വലിയകണ്ടം, ചാക്കോച്ചൻ ഇളംതുരുത്തിപടവിൽ, സോയി പുറവക്കാട്ട്, റ്റി. ഡി. ദേവസ്യ, മേരിക്കുട്ടി പാലക്കലോടി, സോളി രാമച്ചനാട്ട്, ഷെൽസി കാവനാടി. വിൻസെന്റ് മുണ്ടാട്ടുചുണ്ടയിൽ എന്നിവർ പ്രസംഗിച്ചു. ശ്രീമതി. പുഷ്പ വെള്ളാപ്പാടം യോഗത്തിന് നന്ദി പറഞ്ഞു.

ജോസ് ശാശ്ശേരി, സെബാസ്റ്റ്യൻ പെരുമ്പുഴ, തങ്കമ്മ പാലമറ്റം, ജോസ് ചിറ്റേട്ട്, ജിൻസി കുഴിമുള്ളിൽ, സിനി കൊച്ചു പുറത്താനത്ത്, ജോളി ബിജു എന്നിവർ നേതൃത്വം നൽകി.

## ഉണ്ണീശോയ്ക്കൊരു മുത്ത്

ക്രിസ്തുമസ് കാലഘട്ടത്തിൽ മദ്യപിക്കുന്ന വ്യക്തികളെ കണ്ടെത്തി അവർക്കു വേണ്ടി പ്രാർത്ഥിച്ച്, നിരന്തര സമ്പർക്കം നടത്തി, ആവശ്യമെങ്കിൽ ചികിത്സയ്ക്ക് വിധേയമാക്കി രക്ഷിച്ചെടുത്ത് ഉണ്ണീശോയ്ക്കൊരു മുത്ത് സമർപ്പിക്കാൻ മദ്യ വിരുദ്ധ സമിതി പ്രവർത്തകർ നോമ്പുകാലത്ത് പ്രതിജ്ഞ യെടുത്തു പ്രവർത്തിക്കണമെന്നു എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. സമർപ്പണ പ്രാർത്ഥനയിലൂടെ മദ്യപാനം എന്ന പൈശാചിക വലയത്തിൽ നിന്നും കുടുംബങ്ങളെ രക്ഷിച്ചെടുക്കാം എന്ന് അംഗങ്ങൾ ചൂണ്ടികാട്ടി.

## നെല്ലിക്കാംപൊയിൽ മേഖലാ മീറ്റിങ്ങ്

മദ്യവിരുദ്ധ പ്രവർത്തകരുടെ നെല്ലിക്കാംപൊയിൽ മേഖലാ മീറ്റിങ്ങ് 2025 ജനുവരി 3 ന് ഉളിക്കൽ ഉണ്ണിമിശിഹാ പള്ളി ഓഡിറ്റോറിയത്തിൽ ചേരും. ഉച്ചയ്ക്ക് 12.00 മണിക്ക് അതിരൂപതാ കമ്മിറ്റിയും ഉച്ചകഴിഞ്ഞ് 2.00 മണിക്ക് മേഖലാ സമ്മേളനവും നടക്കും. പുതുവർഷത്തെ പ്രവർത്തന കലണ്ടറിന് യോഗം രൂപം നല്കും.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

## ക്രിസ്തുമസ് - പുതുവത്സരാശംസകൾ

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും, മുൻ മെത്രാപ്പോലീത്തമാരായ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും, മാർ ജോർജ് വലിയമറ്റം പിതാവിനും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധ മേഖലകളിലായി സേവനം ചെയ്തുവരുന്ന പ്രിയപ്പെട്ട TSSS റീജിയണൽ ഡയറക്ടറച്ചന്മാർക്കും, സ്റ്റാഫ് അംഗങ്ങൾക്കും, നാനാജാതി മതസ്ഥരായ എല്ലാ TSSS പ്രവർത്തകർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഹൃദയം നിറഞ്ഞ ക്രിസ്തുമസ് - പുതുവത്സരാശംസകൾ.

## വായിലെ കാൻസർ പരിശോധനയും, സ്ത്രീകൾക്ക് സ്തന പരിശോധനാ പരിശീലനവും

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ കാൻസർ സെന്ററും സംയുക്തമായി സൗജന്യ കാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. വായിലെ കാൻസർ പരിശോധനയും, സ്ത്രീകൾക്ക് സ്തനാർബുദ പരിശോധനാ പരിശീലനവുമാണ് പ്രസ്തുത ക്യാമ്പിൽ നടത്തി വരുന്നത്. കാൻസർ രോഗത്തെ ഫലപ്രദമായി ചെറുക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രത്യേക പദ്ധതിയിലൂടെയാണ് ഇത്തരം ക്യാമ്പുകൾ വിവിധ യൂണിറ്റുകളിലായി സംഘടിപ്പിക്കുവാൻ നമുക്ക് സാധിക്കുന്നത്. 1500/- രൂപ മുതൽ മുകളിലേക്ക് ചികിത്സയ്ക്ക് ഈടാക്കി വരുന്ന വായിലെ കാൻസർ പരിശോധനയാണ് തികച്ചും സൗജന്യമായി TSSS-ന്റെ ഇത്തരം ക്യാമ്പുകളിലൂടെ നൽകി വരുന്നത്. മലബാർ കാൻസർ സെന്ററിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനവും ക്യാമ്പുകളിൽ ഉറപ്പുവരുത്തുവാൻ നമുക്ക് സാധിക്കുന്നു.

2024 ഡിസംബർ മാസത്തിൽ ചെമ്പേരി, പൈസക്കരി മേഖലകൾ സംയുക്തമായി ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽ വച്ചും, അരവഞ്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ യൂണിറ്റ് ഓഫീസിൽ വച്ചും ഇത്തരത്തിൽ രണ്ട് ക്യാമ്പുകൾ സംഘടിപ്പിക്കുകയും 200-ലധികം പേർ ക്യാമ്പുകളുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തു. 2025

മാസത്തിൽ ഇത്തരം രണ്ട് ക്യാമ്പുകൾക്കുകൂടി നമുക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കാൻസർ പരിശോധനാക്യാമ്പിന്റെ വിശദാംശങ്ങൾ വാട്സ്ഗ്രൂപ്പുകൾ വഴി അറിയിക്കുന്നതായിരിക്കും. നമ്മോടൊപ്പം നമ്മുടെ കുടുംബങ്ങളിലും പരിചയത്തിലുമുള്ള എല്ലാവരെയും പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുപ്പിച്ചു കൊണ്ട് സ്വയം സുരക്ഷിതരായിരിക്കുവാനും ക്യാമ്പിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുവാനും ഏവരെയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## പ്രതിമാസ പ്രവർത്തനങ്ങൾ

2025 ജനുവരി മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1). ജനുവരി 01**

### ആഗോള കുടുംബദിനം (Global Family Day)

**പ്രവർത്തനം:**

* സെൽഫി കോമ്പറ്റീഷൻ (അതാത് യൂണിറ്റുകളിൽ നടത്തേണ്ടത്)

*നിബന്ധനകൾ:*

1) യൂണിറ്റ് മെമ്പർമാർ അവരുടെ കുടുംബാംഗങ്ങളോടൊപ്പമുള്ള ഫോട്ടോ ആയിരിക്കണം.

2) ചുരുങ്ങിയത് മൂന്ന് പേരെങ്കിലും ഫോട്ടോയിൽ ഉണ്ടായിരിക്കണം.

3) എഡിറ്റ് ചെയ്യാത്തതും പുതിയതുമായ ഫോട്ടോ ആയിരിക്കണം.

* മറ്റു നിബന്ധനകൾ അതാത് യൂണിറ്റുകൾക്ക് നിർദ്ദേശിക്കാവുന്നതാണ്. മത്സരത്തിനായി ലഭിക്കുന്ന ഫോട്ടോകൾ ദുരുപയോഗപ്പെടാതിരിക്കാൻ യൂണിറ്റ് അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**2). ജനുവരി 24**

### ദേശീയ ബാലികാദിനം (National Girl Child Day)

**പ്രവർത്തനങ്ങൾ :**

* സമൂഹത്തിൽ പെൺകുട്ടികളുടെ പ്രാധാന്യം, അവരുടെ വിദ്യാഭ്യാസം, ആരോഗ്യം, ഉന്നമനം എന്നീ ലക്ഷ്യത്തോടെ ബോധവത്ക്കരണക്ലാസ്സുകൾ, റാലികൾ, വിവിധ പ്രോത്സാഹന മത്സരങ്ങൾ, വിദ്യാഭ്യാസ സഹായനിധികൾ തുടങ്ങിയവയിൽ ഏതെങ്കിലും ഒരു പ്രവർത്തനം യൂണിറ്റിൽ സംഘടിപ്പിക്കുക.

**3). ജനുവരി 25**

### ദേശീയ വിനോദസഞ്ചാരദിനം (National Tourism Day)

**പ്രവർത്തനം:**

* എല്ലാ യൂണിറ്റിൽ നിന്നും ചുരുങ്ങിയത് അഞ്ച് പേരെ ഉൾപ്പെടുത്തി മേഖലാ തലത്തിൽ ആ പ്രദേശത്തെ ഏതെങ്കിലുമൊരു വിനോദസഞ്ചാരകേന്ദ്രം സന്ദർശിക്കുകയും, അവിടെ മേഖലയുടെ നേതൃത്വത്തിൽ പരിസര ശുചീകരണം നടത്തുകയും, **പ്ലാസ്റ്റിക് മുക്ത - പരിസ്ഥിതി സൗഹൃദ ബോർഡുകൾ** സ്ഥാപിക്കുകയും ചെയ്യുക (ബോർഡിന്റെ മാതൃക TSSS കേന്ദ്ര ഓഫീസിൽ നിന്നും നൽകുന്നതായിരിക്കും).

## യൂണിറ്റ് രൂപീകരണം

മേരിഗിരി മേഖലയിലെ വിമലശ്ശേരിയിലും, വെള്ളരിക്കുണ്ട് മേഖലയിലെ

ബിരിക്കുളത്തും പുതിയ TSSS യൂണിറ്റുകൾ ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ചേർന്നുനിന്നുകൊണ്ട് പുതിയ തുടക്കം കുറിച്ച യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**വിമലശ്ശേരി**

| | |
|---|---|
| *യൂണിറ്റ് ഡയറക്ടർ* | : ഫാ. ജോസഫ് കൊട്ടാരത്തിൽ |
| *പ്രസിഡണ്ട്* | : തോമസ് പി.വൈ. പുത്തൻപുരക്കൽ |
| *വൈസ് പ്രസിഡണ്ട്* | : ഹെയ്സൽ ഷാജി കോടിയാട്ട് |
| *സെക്രട്ടറി* | : കെ.ജെ. ടോമി കിളിച്ചുണ്ടൻമാക്കൽ |
| *ജോ. സെക്രട്ടറി* | : ഷെർലി മാപ്പലകയിൽ |
| *ഓഡിറ്റേഴ്സ്* | : വർഗ്ഗീസ് ആനിതോട്ടം |
| | : സുനിൽ പുത്തൻപുരക്കൽ |
| *കമ്മിറ്റി അംഗങ്ങൾ* | : ബെന്നി (ആന്റണി) പുത്തൻപുരക്കൽ |
| | : ജോർളി എളൂകുന്നേൽ |
| | : ജോളി പെരുമ്പുഴ കടവിൽ |

**ബിരിക്കുളം**

| | |
|---|---|
| *യൂണിറ്റ് ഡയറക്ടർ* | : ഫാ. വിപിൻ വെമ്മേനിക്കട്ടിയിൽ |
| *പ്രസിഡണ്ട്* | : സജി ചേമ്പുകണ്ടത്തിൽ |
| *വൈസ് പ്രസിഡണ്ട്* | : തോമസ് പതിയിൽ |
| *സെക്രട്ടറി* | : ബെന്നി മടുക്കാക്കുഴി |
| *ജോ. സെക്രട്ടറി* | : ബീന തെക്കേമുറി |
| *ഓഡിറ്റേഴ്സ്* | : ജോസ് പന്തമ്മാക്കൽ |
| | : ടിൻസി ആലയ്ക്കൽ |
| *കമ്മിറ്റി അംഗം* | : ബിൻസി കുഴിയാറ |

## കാൻസർ പരിശോധനാക്യാമ്പ്

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചു വരുന്നത്. 2024 ഡിസംബർ മാസത്തെ ക്യാമ്പ് 3–ാം തീയതി ചൊവ്വാഴ്ച നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത മാസത്തെ ക്യാമ്പ് **2025 ജനുവരി 06 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ചിറ്റാരിക്കാൽ മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ചിറ്റാരിക്കാൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

## RADIO 4U 89.6 - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ RADIO 4U 89.6 വ്യത്യസ്തങ്ങളായ മേഖലകളിലെ പരിപാടികൾ കോർത്തി

ണക്കിക്കൊണ്ട് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. റേഡിയോയിൽ പരസ്യങ്ങൾ നൽകുന്നതിനും, മികച്ച സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ സംവിധാനമുപയോഗിച്ച് ഗാനങ്ങളും മറ്റു പ്രോഗ്രാമുകളും റെക്കോർഡ് ചെയ്യുന്നതിനും +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**കാഞ്ഞങ്ങാട് BNI മീറ്റിംഗ്:** ബിസിനസ്സുകാരുടെ കൂട്ടായ്മയായ കാഞ്ഞങ്ങാട് BNI കൂട്ടായ്മ സംഘടിപ്പിച്ച മീറ്റിംഗിൽ RADIO 4U സ്റ്റേഷൻ ഡയറക്ടർ ഫാ. ജിതിൻ കളത്തിൽ പങ്കെടുത്തു. ഇന്നത്തെകാലത്ത് റേഡിയോ വഴി പരസ്യം ചെയ്യുന്നതിലൂടെ എങ്ങനെയെല്ലാം തങ്ങളുടെ ബിസിനസ്സ് വർദ്ധിപ്പിക്കാമെന്നും, റേഡിയോ യുടെ പ്രാധാന്യത്തെക്കുറിച്ചും പ്രസ്തുത മീറ്റിംഗിൽ സംസാരിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു.

**സ്റ്റുഡിയോ റെക്കോർഡിംഗ്**

തോമാപുരത്ത് നടന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെയും, മരിയൻ തീർത്ഥാടനത്തിന്റെയും, ക്രിസ്തുമസിനോടനുബന്ധിച്ച് വിവിധ ഫൊറോന കളിൽ യുവജനപ്രസ്ഥാനമായ കെ.സി.വൈ.എം. നടത്തുന്ന കരോൾ സന്ദേശ യാത്രയുടെയും അനൗൺസ്മെന്റുകളും, അതിരൂപതയിൽ വിവിധ പരിപാടി കളുടെ ഓഡിയോ റെക്കോർഡിംഗുകളും RADIO 4U റേഡിയോ റെക്കോർഡിംഗ് സ്റ്റുഡിയോയിൽ നിന്നും മികച്ച രീതിയിൽ പൂർത്തീകരിച്ചു നൽകുവാൻ സാധിച്ചു. കൂടാതെ, ഇവിടെ നിന്നും ആദ്യമായി മൾട്ടി ക്യാം റെക്കോർഡിംഗ് നടത്തി വീഡിയോ എഡിറ്റ് ചെയ്തു നൽകുവാനും നമുക്ക് സാധിച്ചു.

**ബേക്കൽ ബീച്ച് ഫെസ്റ്റ്**

വിവിധങ്ങളായ പരിപാടികൾ കോർത്തിണക്കി സംഘടിപ്പിച്ചു കൊണ്ടി രിക്കുന്ന ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവലിൽ RADIO 4U 89.6 ഭാഗമാവുന്നു. ഈ വർഷം കാഞ്ഞങ്ങാട് വച്ച് സംഘടിപ്പിക്കുന്ന ഫെസ്റ്റിന്റെ മീഡിയ പാട്ണർ ആയാണ് RADIO 4U കാർണിവലിൽ പങ്കാളിയാവുന്നത്.

**റേഡിയോ പരസ്യങ്ങൾ:** സ്വർണ്ണ വ്യാപാരരംഗത്തെ അതികായരായ മലബാർ ഗോൾഡ് & ഡയമണ്ട് സുമായി അടുത്ത ഒരു വർഷത്തേക്കുള്ള പരസ്യ കരാറിൽ ഏർപ്പെടു വാനും, കൂടാതെ, 2024 ഡിസംബർ മാസത്തിൽ ഏകദേശം ഒരു ലക്ഷം രൂപയോളം സമാഹരിക്കുവാനും RADIO 4U 89.6-ന് സാധിച്ചു.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

**ദേശീയ കർഷകദിനം**

വെമ്പുവ, പൈസക്കരി, മണിക്കടവ്, അറബി, കാലാങ്കി, രാജമുടി, പൂളക്കുറ്റി, മാട്ടറ, കോളയാട്, കൊളക്കാട്, മണക്കടവ്, പേരാവൂർ, ചുണ്ടപറമ്പ, ചെമ്പന്തൊട്ടി, പൊട്ടംപ്ലാവ്, കുടിയാന്മല എന്നീ യൂണിറ്റുകളിൽ ദേശീയ കർഷകദിനത്തോടനുബന്ധിച്ച് മികച്ച കർഷകരെയും, കുട്ടികർഷകരെയും ആദരിക്കൽ, ക്വിസ് മത്സരങ്ങൾ, കുട്ടികളിൽ കൃഷിയുമായുള്ള അഭിരുചി വളർത്തിയെടുക്കുന്നതിനായി പ്രോത്സാഹന പ്രവർത്തനങ്ങൾ, വിത്ത് വിതര ണം, കുട്ടികൾക്ക് കാർഷിക ചിത്രരചനാമത്സരങ്ങൾ തുടങ്ങിയ വിവിധങ്ങ ളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**ക്രിസ്തുമസ്**

വെമ്പുവ, പൈസക്കരി, മണിക്കടവ്, രാജമുടി, പൂളക്കുറ്റി, വായാട്ടുപ്പറമ്പ്, കനകപ്പള്ളി, നാട്ടക്കൽ, പുഞ്ച, ചുള്ളി, പുന്നക്കുന്ന്, മാട്ടറ, ചൂരപ്പടവ്, കൊളക്കാട്, കോളയാട്, മണക്കടവ്, മേരിഗിരി, നെല്ലിക്കാംപൊയിൽ, പേരാവൂർ തുടങ്ങി വിവിധ യൂണിറ്റുകളിൽ ക്രിസ്തുമസിനോടനുബന്ധിച്ച് രോഗീ സന്ദർശനം, അഗതിമന്ദിരങ്ങൾ സന്ദർശിക്കൽ, അന്നദാനം, ഭക്ഷ്യധാന്യകിറ്റ് വിതരണം, കേക്ക് വിതരണം, കരോൾഗാന മത്സരങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തികൊണ്ട് ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കാളികളായി.

**മെഡിക്കൽ ക്യാമ്പ് :** കാഞ്ഞിരക്കൊല്ലി യൂണിറ്റിന്റെ നേതൃത്വത്തിൽ കണ്ണൂർ ആസ്റ്റർ മിംസ് ഹോസ്പിറ്റലും, ഉളിക്കൽ ജെയ്സൺസ് അക്കാദമിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വരക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ ജീവിതശൈലീ രോഗനിർണയ ക്യാമ്പ് നടത്തി.

**കേശദാനം :** കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണത്തിനായി കേശദാനം - സ്നേഹ ദാനം പദ്ധതിയിലേക്കായി പുഞ്ച, മണിപ്പാറ എന്നീ യൂണിറ്റുകളിൽ കേശദാനം നടത്തുകയും, കാൻസർ ബോധവൽക്കരണക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു.

**അഗതിമന്ദിരം സന്ദർശനം**

അറബി, നെല്ലിക്കാംപൊയിൽ, കനകപ്പള്ളി, നാട്ടക്കൽ, പുന്നക്കുന്ന്, പുല്ലടി, മുണ്ടാനൂർ, കമ്പല്ലൂർ, കോളയാട്, വരക്കാട്, കാലിച്ചാനടുക്കം, രയറോം, കുടിയാന്മല തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

**പഠനസഹായവും അനുമോദനവും**

ആലക്കോട്, മുണ്ടാനൂർ, മണിപ്പാറ, പൊട്ടംപ്ലാവ്, കുടിയാന്മല, ചെമ്പേരി, പൊട്ടംപ്ലാവ്, നാട്ടക്കൽ തുടങ്ങിയ യൂണിറ്റുകളിൽ വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ ലഭ്യമാക്കൽ, വിവിധ മേഖലകളിൽ മികവ് പുലർത്തിയ വിദ്യാർത്ഥികളെ ആദരിക്കൽ, ക്യാഷ് പ്രൈസ് വിതരണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്തി.

**യൂണിറ്റ് തിരഞ്ഞെടുപ്പ്**

വായാട്ടുപ്പറമ്പ്, ആലക്കോട്, മാവുംചാൽ, കരുണാപുരം, കരുവഞ്ചാൽ, കൊന്നക്കാട്, കനകപ്പള്ളി, പരപ്പ, വെള്ളരിക്കുണ്ട്, നാട്ടക്കൽ, പുന്നക്കുന്ന്, മാലോം, കാഞ്ഞങ്ങാട്, പടിമരുത്, കള്ളാർ, മണിക്കടവ്, പാണത്തൂർ, പടുപ്പ്, കാഞ്ഞിരടുക്കം, മുണ്ടാനൂർ, അരവഞ്ചാൽ, പുളിങ്ങോം, കൊളക്കാട്, മണക്കടവ്, ചേപ്പറമ്പ, നടുവിൽ, അരീക്കമല, ചെമ്പേരി, വെള്ളരിക്കുണ്ട് തുടങ്ങിയ യൂണിറ്റുകളിൽ തിരഞ്ഞെടുപ്പ് നടത്തി.

| | |
|---|---|
| **ഫാ. ലൂക്കോസ് മാടശ്ശേരി** | **ഫാ. സ്കറിയ വരമ്പകത്ത്** |
| *അസോ. ഡയറക്ടർ* | *ഡയറക്ടർ* |

# ഇൻഫാം

കർഷകരോടുള്ള സമീപനത്തിലും നിലപാടിലും യാതൊരു മാറ്റവുമില്ലാതെ അവരുടെ പ്രശ്നങ്ങളെ ഗൗനിക്കാതെ ചർച്ചകൾപോലും നടത്താതെ അനുദിനം പ്രതിസന്ധികളിലേക്ക് തള്ളിയിടുകയാണ് കാർഷിക-വനം വകുപ്പിലെ പല ഉദ്യോഗസ്ഥരും ഭരണാധികാരികളും. പ്രത്യേകിച്ച് കേരളത്തിലെ കർഷകരോട്. അനുദിനം വർദ്ധിച്ചു വരുന്ന വന്യമൃഗശല്യവും വിലത്തകർച്ചയും കർഷകരെ ദുരിതത്തിൽ ആഴ്ത്തിയിരിക്കുകയാണ്. കർഷകന്റെ അവകാശങ്ങൾ നേടിയെടുക്കാൻ രാഷ്ട്രീയത്തിനതീതമായി ഒരുമയോടെ പ്രവർത്തിച്ചേ മതിയാകൂ. നമുക്ക് ഒന്നിച്ച് കൈകൾ കോർത്ത് മുന്നേറാം, കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി...

## ദേശീയ കർഷകദിനം

ദേശീയ കർഷകദിനത്തോടനുബന്ധിച്ച് ഇൻഫാമിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനവും ഭാരവാഹികളുടെ സമ്മേളനവും നെല്ലിക്കാംപൊയിലിൽ വച്ച് നടത്തപ്പെട്ടു. ഇൻഫാം തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി അധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനകർമ്മം ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി റവ. ഫാ. ജോസഫ് കാവനാടി നിർവ്വഹിച്ചു. ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡണ്ട് ശ്രീ. സ്കറിയ നെല്ലംക്കുഴിയിൽ ചടങ്ങിന് സ്വാഗതം ആശംസിച്ചു. പ്രസ്തുത യോഗത്തിൽ മൂന്ന് കുട്ടികർഷകരെ കണ്ടെത്തി ആദരിക്കുകയും, കുട്ടികളിൽ കൃഷിയോടുള്ള അഭിരുചി വളർത്തിയെടുക്കുന്നതിനായി വിത്തുവിതരണം സംഘടിപ്പിക്കുകയും ചെയ്തു.

## റീജിയണൽ ബിഷപ്പ്സ് കോൺഫറൻസ്

മലബാർ റീജിയണിൽ എല്ലാ രൂപതകളിലും ഇൻഫാമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും, കർഷകരുടെ പ്രശ്നങ്ങളിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിനുമായി തലശ്ശേരി ബിഷപ്സ്ഹൗസിൽ സംഘടിപ്പിച്ച റീജിയണൽ ബിഷപ്പ്സ് കോൺഫറൻസിൽ ഇൻഫാമിനെ പ്രതിനിധീകരിച്ച്, ദേശീയ ജനറൽ സെക്രട്ടറി വെരി റവ. ഫാ. ജോസഫ് കാവനാടി, ഇൻഫാം മലബാർ

റീജിയണൽ ഡയറക്ടർ റവ. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഇൻഫാം തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി എന്നിവർ പങ്കെടുത്തു.

## എക്സിക്യൂട്ടീവ് മീറ്റിംഗ്

ഇൻഫാം കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് മീറ്റിംഗ് 2024 ഡിസംബർ 7 ശനിയാഴ്ച നെല്ലിക്കാംപൊയിലിൽവച്ച് സംഘടിപ്പിച്ചു. പ്രസ്തുത മീറ്റിംഗിൽ തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി അധ്യക്ഷത വഹിച്ചു. വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കർഷക സമൂഹത്തിന് പിന്തുണയേകുന്നതിനായി ഇൻഫാം എക്സിക്യൂട്ടീവ് മീറ്റിംഗിൽ ചർച്ച നടത്തുകയും, പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ചുവടെ നൽകിയിരിക്കുന്ന തീരുമാനങ്ങൾ കൈകൊള്ളുകയും ചെയ്തു.

1. ഇൻഫാമിലേക്ക് കൂടുതൽ മെമ്പർമാരെ ചേർക്കുന്നതിനായി മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിക്കുക.
2. ദേശീയ കർഷകദിനം വിപുലമായ രീതിയിൽ നടത്തുക.
3. കർഷകരുടെ പ്രശ്നങ്ങളിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുക.
4. നിലവിലുള്ള യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുക.

## ഡയറക്ടറുടെ യൂണിറ്റ് സന്ദർശനങ്ങൾ

വിമലശ്ശേരി, നെടുവാലൂർ, നെല്ലിക്കാംപൊയിൽ എന്നീ യൂണിറ്റുകൾ ഇൻഫാം തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി സന്ദർശിക്കുകയും യൂണിറ്റുകളിലെ ഇൻഫാമിന്റെ ഭാരവാഹികളുമായി ചർച്ചകൾ നടത്തുകയും ചെയ്തു. യൂണിറ്റുകളിലെ നിലവിലുള്ള പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും, ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ കർഷകരെ സംഘടനമായി ചേർത്തു നിർത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## വന നിയമഭേദഗതി മനുഷ്യാവകാശലംഘനം

ഇൻഫാം മലയോരമേഖലയിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന നിരവധി പാവപ്പെട്ട കർഷകരെ പ്രതിസന്ധിയിലാക്കുന്നതും, ചൂഷണത്തിനും അഴിമതിക്കും ഉദ്യോഗസ്ഥർക്ക് സഹായകരമാവുന്ന വിധം വന നിയമത്തിൽ ഭേദഗതി വരുത്താനുമുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നീക്കം കടുത്ത മനുഷ്യാവകാശലംഘനമാണെന്നും, ജനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഈ വിഷയങ്ങളിൽ ഇടപെട്ട് കർഷകരുടെയും പ്രാദേശികജനങ്ങളുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന നിലപാട് സ്വീകരിക്കാൻ തയ്യാറാകണമെന്നും ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി ആവശ്യപ്പെട്ടു. നെടുവാലൂർ സെന്റ് ജോസഫ്സ് പാരിഷ്ഹാളിൽ ചേർന്ന യോഗത്തിൽ ഇൻഫാം കണ്ണൂർ

ജില്ലാ പ്രസിഡന്റ് ശ്രീ. സ്കറിയ നെല്ലംകുഴിയിൽ അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. ലൂക്കോസ് മാടശ്ശേരി വിഷയാവതരണം നടത്തി. ശ്രീ. സണ്ണി തുണ്ടത്തിൽ, ശ്രീ. ടോമി നടുവിൽ, ശ്രീ. ഷാജി തെക്കേക്കര, ശ്രീ. ജോസ് തോണിക്കൽ, ശ്രീ. ലാലിച്ചൻ കുഴിയാത്ത്, ശ്രീ. ടോമി കീഴ്പ്പള്ളി എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

**ആഴ്ച ചന്ത**

മാർക്കറ്റുകളിൽ കാർഷികവിളകളുടെ വിലക്കുറവ് ഇന്ന് കർഷകർ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്ന ഒരു മേഖലയാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി ആലക്കോട് യൂണിറ്റിന്റെ നേതൃത്വത്തിൽ ന്യായമായ വിലയിൽ കർഷകരുടെ ഉത്പന്നങ്ങൾ അവരിൽ നിന്നും നേരിട്ട് സംഭരിച്ചു കൊണ്ട് ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കൊപ്പം കർഷകർക്കും ലാഭകര മായ രീതിയിലുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നു. ആലക്കോട്, എന്നീ ഇടവകകളിൽ ആഴ്ച്ചന്തകൾ ആരംഭിക്കുന്നതിനും, തുടർ പ്രവർത്തനഗങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ബഹു. വികാരിയച്ചനും യൂണിറ്റ് ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**കർഷകസംഗമം - സ്വാഗതസംഘം രൂപീകരണയോഗം**

2025 ജനുവരി 14 മുതൽ 16 വരെ ആലക്കോട് വച്ച് ബഹു. കേരള കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ സാന്നിധ്യത്തിൽ, ഇരിക്കൂർ നിയോജ കമണ്ഡലം എം.എൽ.എ. അഡ്വ. സജീവ് ജോസഫിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കർഷകസംഗമത്തിന്റെ സ്വാഗതസംഘ രൂപീകരണയോഗം നടത്തി. ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി, TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, ഇൻഫാം പ്രതിനി ധികൾ തുടങ്ങിയവർ സ്വാഗതസംഘ രൂപീകരണയോഗത്തിൽ പങ്കെടുത്തു.

**റബ്ബർ ഗ്രോവേഴ്സ് കോൺഫറൻസ്**

2024 ഡിസംബർ 17 ചൊവ്വാഴ്ച ഇരിട്ടി ഗ്രാൻഡ് റിവർസൈഡ് ഓഡി റ്റോറിയത്തിൽ വച്ച് റബ്ബർ ഗ്രോവേഴ്സ് കോൺഫറൻസ് സംഘടിപ്പിച്ചു. റബ്ബർ കർഷകരോടുള്ള ഭരണ നേതൃത്വത്തിന്റെ നിശബ്ദത നിലപാടിലും സമീപന ത്തിലും കർഷകർ നേരിടുന്ന പ്രതിസന്ധികൾക്ക് ക്രിയാത്മകമായ ഇടപെടൽ ആവശ്യപ്പെട്ട് നടത്തിയ കോൺഫറൻസിൽ ഇൻഫാമിനെ പ്രതിനിധീകരിച്ച് ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡണ്ട് ശ്രീ. സ്കറിയ നെല്ലംക്കുഴിയിൽ സംസാരിച്ചു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 ജനുവരി

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | | |
|---|---|---|---|
| ജനുവരി | 04, 11, | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 05-09 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 12-15 | : | കന്നഡ ധ്യാനം |
| | 18, 25 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 16-19 | : | ശുശ്രൂഷകരുടെ ധ്യാനം |
| | 19-23 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 24-27 | : | ഇംഗ്ലീഷ് ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | | |
|---|---|---|---|
| ജനുവരി | 07,21 | : | ഏകദിന ധ്യാനം |
| | 07-11 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 20 | : | പ്രേഷിത കൂട്ടായ്മ |
| | 26-30 | : | അഗ്നി അഭിഷേക ധ്യാനം (Dr. John D.) |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | | |
|---|---|---|---|
| ജനുവരി | 04 | : | ഏകദിന ധ്യാനം (9 am - 2 pm) |
| | 05-08 | : | ആന്തരിക സൗഖ്യാനുഭവ ധ്യാനം |
| | 10 | : | ജാഗരണ പ്രാർത്ഥന (06 pm - 09 pm) |
| | 10-12 | : | ജീസസ്സ് യൂത്ത് ധ്യാനം |
| | 10 | : | മദ്ധ്യസ്ഥ പ്രാർത്ഥന (02 pm - 04 pm) |

**4. മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, പേരാവൂർ, ഫോൺ : 9446687556**

| | | | |
|---|---|---|---|
| ജനുവരി | 10-12 | : | ആന്തരീക സൗഖ്യ - ആത്മാഭിഷേക ധ്യാനം |
| | 24-26 | : | ആന്തരീക സൗഖ്യ - ആത്മാഭിഷേക ധ്യാനം |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | | |
|---|---|---|---|
| ജനുവരി | 07 | : | ജാഗരണ പ്രാർത്ഥന (06 am - 10.30 pm) |
| | 12-16 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 18 | : | അഖണ്ഡ ജപമാല (09 am - 05 pm) |
| | 19 | : | ശുശ്രൂഷകരുടെ കൂട്ടായ്മ |
| | 25 | : | സിയോൺ വിംഗ്സ് |
| | 27-30 | : | ആന്തരീക സൗഖ്യ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### നവംബർ 2024

21 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഇന്റർ കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ചെമ്പേരിയിൽവച്ച് ജെസ് സണ്ണിയുടെയും പ്രീതാ അൽഫോൻസായുടെയും മനസമ്മതം നടത്തി. തുടർന്ന് കരുണാപുരത്തെത്തി സി. അമലാ എസ്.എം.എസിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 രാവിലെ മേലേചൊവ്വയിലെത്തി എഫ്.സി.സി പ്രൊവിൻഷ്യൽ ഇലക്ഷനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് സന്ദേശഭവനിൽവച്ച് സംഘടിപ്പിച്ച കരിസ്മാറ്റിക് വചനപ്രഘോഷകരുടെയും കൗൺസലിംഗ് ടീം അംഗങ്ങളുടെയും സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ചേർന്ന ഹാപ്പി വില്ലേജ് പ്രൊജക്ട് അവലോകന യോഗത്തിന് അധ്യക്ഷത വഹിച്ചു.

23 രാവിലെ അമ്മംകുളം ഇടവകാംഗമായ ബ്രദർ എബിൻ പുതിയാപറമ്പിലിന്റെ ഭവനം വെഞ്ചരിച്ചു. തുടർന്ന് തളിപ്പറമ്പിൽവച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജീവോത്സവം ഉദ്ഘാടനം ചെയ്തു. കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഫാ. ജോൺ മുല്ലക്കര അച്ചനെ സന്ദർശിച്ചു. തുടർന്ന് കരുണാപുരത്ത് ദീപികയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച റബ്ബർ കർഷക സെമിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം അതിരുമാവിൽ പുതുതായി നിർമ്മിച്ച നിത്യാരാധനാ ചാപ്പലിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. തുടർന്ന് മേച്ചേരിൽ ജോബി – ജെസ്സി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ഓസ്റ്റിന് മാമ്മോദീസാ നൽകി. വൈകുന്നേരം മാവുള്ളാൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തോമാപുരത്ത് വച്ച് ദിവ്യകാരുണ്യ കോൺഫറൻസിനോടനുബന്ധിച്ച് പുറത്തിറക്കിയ ഷോർട്ട് ഫിലിം പ്രകാശനം ചെയ്തു. തുടർന്ന് പുളിങ്ങോത്തെത്തി ഫാ. വർഗ്ഗീസ് ചെരിപുറത്ത് അച്ചന്റെ അമ്മയെ സന്ദർശിച്ചു.

24 ചങ്ങനാശ്ശേരിയിൽവച്ച് കാർഡിനൽ ജേക്കബ് കൂവക്കാട്ട് പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

25 ശ്രീകണ്ഠാപുരം ഇടവകാ ദൈവാലയത്തിനായി നിർമ്മിച്ച പുതിയ കവാടം വെഞ്ചരിച്ചു. തുടർന്ന് പൂപ്പറമ്പ് ഫുസ്കോ സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം

എ.കെ.സി.സിയുടെ നേതൃത്വത്തിൽ ആലക്കോടുവച്ച് സംഘടിപ്പിച്ച പ്രതിഷേധാഗ്നി ഉദ്ഘാടനം ചെയ്തു.

26 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

27 പഞ്ചാബ് മിഷനുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം പാലാവയൽ ഇടവകാംഗമായ റോസ ജോസഫ് പടിഞ്ഞാത്തിന്റെ മൃതസംസ്കാരശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരി ഹോംഡേ സമ്മേളനം ഉദ്ഘാടനം ചെയ്തു.

28 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് മൈനർ സെമിനാരിയിലെ മൂന്നാംവർഷ വിദ്യാർത്ഥികളുടെ മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഒൻപതുമണിയോടെ ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം എടത്തൊട്ടി ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമുറി വെഞ്ചരിച്ചു. തുടർന്ന് എടത്തൊത്തിട്ടിയിൽ പുതുതായി നിർമ്മിച്ച എസ്.എച്ച് കോൺവെന്റ് വെഞ്ചരിച്ചു. വൈകുന്നേരം മണിക്കടവ് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന മുണ്ടാനൂർ, മണിപ്പാറ, ആനറ, മണിക്കടവ് ഇടവകകൾ സന്ദർശിച്ചു.

29 കീഴ്പ്പള്ളി ഇടവകയിൽ നിര്യാതയായ റോസമ്മ ഐപ്പംപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽവച്ച് ബഹു. ജോസഫ് കാരക്കുന്നേൽ അച്ചന്റെ ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ഡീക്കൻ ബോഡ്വിൻ അട്ടാറക്കലിന്റെയും ഡീക്കൻ നിധിൻ ചെറുനിലത്തിന്റെയും ഭവനങ്ങൾ സന്ദർശിച്ചു. വൈകുന്നേരം മണിക്കടവ് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന കാലാങ്കി, മാട്ടറ, ശാന്തിനഗർ, കാഞ്ഞിരക്കൊല്ലി ഇടവകകൾ സന്ദർശിച്ചു.

30 ചെമ്പേരിയിൽവച്ച് ചേർന്ന അതിരൂപതാ വൈദിക സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ദീപിക കണ്ണൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ തളിപ്പറമ്പിൽ സംഘടിപ്പിച്ച വാർഷികവും അവാർഡ് നിശയും ഉദ്ഘാടനം ചെയ്തു.

## ഡിസംബർ 2024

1–4 പരിയാരം മദർഹോമിൽവച്ച് നടത്തിയ കുന്നോത്ത് സെമിനാരിയിലെ ഡീക്കന്മാരുടെ ധ്യാനം നയിച്ചു.

05 കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു.

06 എടൂർ സെന്റ് മേരീസ് ദൈവാലയം മരിയൻ തീർത്ഥാടന ദൈവാലയമായി

ഉയർത്തുന്ന ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് എടൂരിൽ നിന്നും ചെമ്പേരിയിലേക്കുള്ള തീർത്ഥാടന യാത്രയ്ക്ക് നേതൃത്വം നൽകി.

07 തീർത്ഥാടന യാത്ര ചെമ്പേരി ബസിലിക്കയിലെത്തിയപ്പോൾ ദൈവജന ത്തിനായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം കുട്ടാപറമ്പ് ഇടവകയിൽ നിര്യാതനായ ടോമി കാരിക്കാട്ടിന്റെ ഭവനത്തി ലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം കാഞ്ഞങ്ങാട് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ചീമേനി, ചായോത്ത്, നീലേശ്വരം, കാഞ്ഞങ്ങാട്, പടന്നക്കാട് ഇടവകകൾ സന്ദർശിച്ചു.

08 മേരിപുരം ഇടവകയിൽ ദിവ്യബലിയർപ്പിക്കുകയും പുതിയ ദൈവാലയം നിർമ്മിക്കുന്നതിനുള്ള തറക്കല്ലിടൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. വൈകുന്നേരം നവീകരണ ധ്യാനം നടക്കുന്ന കാസർഗോഡ്, ഉദയപുരം, കാഞ്ഞിരടുക്കം, എണ്ണപ്പാറ, കാലിച്ചാനടുക്കം, നെല്ലിയടുക്കം ഇടവകകൾ സന്ദർശിച്ചു.

09 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകു ന്നേരം കരുണാപുരം ഇടവകയിൽവച്ച് നടത്തിയ ദിവ്യകാരുണ്യ പ്രദക്ഷി ണത്തിന് സമാപന സന്ദേശം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

10 തോട്ടത്താടിയിൽവച്ച് നടത്തിയ ബൽത്തങ്ങാടി രൂപതാ ബൈബിൾ കൺവെൻഷനിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

11 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന നിർമ്മലഗിരി കോളേജ് ഗവേർണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പുതുതായി സ്ഥാപിച്ച ഓസ്തി നിർമ്മാണ യൂണിറ്റിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ചിറ്റാരിക്കാലിൽവച്ച് നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസ് ഉദ്ഘാടനം ചെയ്തു.

12 കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു.

13 ദിവ്യകാരുണ്യ കോൺഗ്രസിന്റെ ഭാഗമായി നടത്തിയ യുവജന സിമ്പോസി യത്തിൽ ക്ലാസ്സ് നയിച്ചു. തുടർന്ന് ദിവ്യകാരുണ്യ കൺവെൻഷനിൽ വചന പ്രഘോഷണം നടത്തി.

14 രാവിലെ ചരൾ ഇടവകയിൽ നിര്യാതനായ പാംപ്ലാനിയിൽ ജെയിംസ് സാറിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ദിവ്യകാരുണ്യ കൺവെൻഷന്റെ ഭാഗമായി ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിന് നേതൃത്വം നൽകുകയും ചെയ്തു.

15 കാസർഗോഡ് ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ഹൊസങ്കടി, പെർള, ബദിയടുക്ക, പൊയിനാച്ചി ഇടവകകൾ സന്ദർശിച്ചു.

16 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് തലശ്ശേരി അതിരൂപതയുടെയും സാമന്ത രൂപതകളുടെയും സോഷ്യൽ സർവ്വീസ് ഡയറക്ടർമാരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം സാൻജോസ് സ്കൂൾ അധ്യാപകരുടെ ക്രിസ്തുമസ് ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം തലശ്ശേരിയിൽവച്ച് സംഘടിപ്പിച്ച ടൗൺ കരോൾ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

17 രാവിലെ കിളിയന്തറ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് എസ്.എ.ബി.എസ് സന്യാസസഭാംഗങ്ങൾക്കായി ക്ലാസ്സ് നയിച്ചു. തുടർന്ന് ഇരിട്ടി അമല ഹോസ്പിറ്റലിൽ നവീകരിച്ച സി.റ്റി. സ്കാൻ യൂണിന്റെ വെഞ്ചരിപ്പ്കർമ്മം നിർവ്വഹിച്ചു. ഉച്ചയോടെ ഗുണ്ടൽപേട്ടിലെത്തി അതിരൂപത പുതുതായി നിർമ്മിക്കുന്ന നഴ്സിംഗ് കോളേജിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം നെല്ലിക്കാംപൊയിൽ ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന ഇരിട്ടി, പടിയൂർ, കല്ലുവയൽ, നെല്ലിക്കാംപോയിൽ, വിളമന ഇടവകകൾ സന്ദർശിച്ചു.

18 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് നടന്ന ട്രൈബ്യൂണൽ മീറ്റിംഗിനും കൂരിയാ മീറ്റിംഗിനും അധ്യക്ഷത വഹിച്ചു. വൈകുന്നേരം നെല്ലിക്കാംപോയിൽ ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന അറബി, പുറവയൽ, ഉളിക്കൽ, തേർമല, തിരൂർ ഇടവകകൾ സന്ദർശിച്ചു. രാത്രി ഒൻപതുമണിയോടെ ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

19 പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ഡീക്കൻ ജുബിൻ കണിപറമ്പിൽ, ഡീക്കൻ ബിനീഷ് വലിയപറമ്പിൽ എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു. വൈകുന്നേരം പടന്നക്കാട് സ്റ്റെല്ലാമാരിസ് സ്കൂളിന്റെ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

20 എറണാകുളത്ത് വച്ച് സംഘടിപ്പിച്ച കെ.സി.ബി.സി. മീഡിയാ കമ്മീഷൻ അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

**JANUARY 2025**

# ENGAGEMENTS
## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Engaged |
| 02 | 09:00 am | - | Nattackal: Ordination |
| | 02:30 pm | - | Koluvally: Jubilee |
| 03 | 09:00 am | - | Chedikkulam: Ordination |
| | 02:30 pm | - | Vayattuparamba: Ordination |
| 04 | 09:00 am | - | Palavayal: Ordination |
| | 02:30 pm | - | Iritty: Help Desk Meeting |
| | 04:00 pm | - | Angadikkadavu |
| 05 | 09:00 am | - | Alakode |
| | 04:00 pm | - | Chemperi |
| 06-11 | | - | Syro-Malabar Synod |
| 12-24 | | - | Engaged |
| 25 | 11:00 am | - | Minor Seminary Benefactors Meeting |
| | 06:00 pm | - | Peravoor: Navajyothi School |
| 26 | 10:30 am | - | Nellickampoil |
| | 04:00 pm | - | Mundanoor |
| 27-28 | | - | New Priest Day |
| 29 | 09:12 pm | - | Thalassery: Visitors Day |
| 30 | 10:00 am | - | Consultors Meeting |
| 31 | 10-1.00 pm | - | Padannakkad: Visitors Day |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഡിസംബർ 2024

01 കുടുംബാംഗമായ സെബാസ്റ്റ്യൻ ഞറളക്കാട്ടിനുവേണ്ടി ചാലക്കുടി ഇലഞ്ഞിപ്രാ പള്ളിയിൽ വച്ച് വി. ബലിയർപ്പിച്ചു.

05 ഉച്ചകഴിഞ്ഞ് കുന്നോത്ത് GSMS -ൽ വച്ച് നടന്ന കരോൾ ഗാനമത്സരം ഉദ്ഘാടനം ചെയ്തു.

06 രാവിലെ കുന്നോത്ത് GSMS -ൽ ക്ലാസ് എടുത്തു.

07 രാവിലെ കുന്നോത്ത് GSMS -ൽ ക്ലാസ് എടുത്തു.

09 രാവിലെ കുന്നോത്ത് GSMS -ൽ ക്ലാസ് എടുത്തു.

10 നെല്ലിക്കാംപൊയിൽ C.M.C പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് GSMS -ൽ ബാസ്ക്കറ്റ് ബോൾ മാച്ച് ഉദ്ഘാടനം ചെയ്തു.

11 ഉച്ചകഴിഞ്ഞ് തോമാപുരത്ത് വച്ച് നടന്ന ദിവ്യകാരുണ്യ കൺവെൻഷനിൽ വി. കുർബാനക്ക് നേതൃത്വം നൽകി.

14 ഉച്ചകഴിഞ്ഞ് തോമാപുരത്ത് വച്ച് നടന്ന ദിവ്യകാരുണ്യ കൺവെൻഷനിൽ സംബന്ധിച്ചു.

15 രാവിലെ കിളിയന്തറ SABS -ൽ ചേർന്ന സിനാക്സിസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഇരിട്ടി ഇടവകയിലെ തന്തോട് പ്രദേശത്ത് നിർമ്മിച്ച പുതിയ കപ്പേളയുടെ വെഞ്ചരിപ്പ് നടത്തി.

16 ഉച്ചയ്ക്ക് കർണാടക ബേഗുരിൽ ഒരു ഭവനത്തിന്റെ വെഞ്ചരിപ്പ് നടത്തുകയും അവിടെയുള്ള ചില സ്ഥാപനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

18 രാവിലെ കുന്നോത്ത് GSMS -ൽ ക്ലാസ് എടുത്തു. വൈകുന്നേരം കരുവഞ്ചാലിലെ ശാന്തിഭവനിൽ പോയി വൈദികരെ സന്ദർശിച്ചു.

20 വൈകുന്നേരം കണ്ണൂര് വച്ച് നടന്ന എക്യൂമെനിക്കൽ ക്രിസ്തുമസ് സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

22 രാവിലെ ശാന്തിനാഗറിലെ നവീകരിച്ച ഇടവക പള്ളിയുടെ വെഞ്ചരിപ്പ് നടത്തി വി. കുർബാന അർപ്പിച്ചു. വൈകുന്നേരം മണിപ്പാറ ഇടവകയിൽ SVDP പ്രവർത്തകർ നിർമിച്ച വീടിന്റെ വെഞ്ചിരിപ്പ്കർമ്മം നടത്തി. തുടർന്ന് മാട്ടറയിൽ വച്ച് നടന്ന ക്രിസ്തുമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

26 രാവിലെ പാലാവയലിൽ വച്ച് പുല്ലോളിക്കൽ ആനി എലിസബത്ത് കുര്യന് പ്രാരംഭകൂദാശകൾ നൽകി.

27 രാവിലെ അങ്ങാടിക്കടവിൽ വച്ച് ഡീക്കൻ അജിത്ത് തടത്തിൽ MST –ക്ക് തിരുപ്പട്ടം നൽകി. ഉച്ചയ്ക്ക് തൊണ്ടിയിൽ വച്ച് നടന്ന തോട്ടത്തിൽ കുടുംബയോഗത്തിൽ സംബന്ധിച്ച് ആശംസ നൽകി. ഉച്ചകഴിഞ്ഞ്

പാലാവയൽ ഇടവകയുടെ പ്ലാറ്റിനം ജൂബിലിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

28 രാവിലെ രാജഗിരി ഇടവകയിൽവച്ച് ഡീക്കൻ ഷെബിൻ പന്തക്കൽ C.S.T-ക്ക് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് കാപ്പിമല ഇടവകയിൽ കൊല്ലകൊമ്പിൽ ടോണി – സോണിയ ദമ്പതികളുടെ വീട് വെഞ്ചിരിപ്പ് കർമ്മം നടത്തി.

29 രാവിലെ തിരുകുടുംബ തിരുനാളിനോട് അനുബന്ധിച്ച് കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് തിരൂർ ദൈവാലയത്തിൽ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

---

## JANUARY 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 9:00 am | - | Ordination, Dn. Augustine Ettackal, Chemperi |
| | 12:15 pm | - | House Blessing, Pulikurumba |
| 02 | 09:00 am | - | Ordination, Dn. Joseph Kappukatt MI, Pulikurumba |
| 03 | 4:30 pm | - | Festal Mass, Keezhpally |
| 04 | 09:00 am | - | Ordination, Dn. Jobins Thazhathuveettil RCJ, Nellikutty |
| | 04:30 pm | - | Festal Mass, Kunnoth |
| 05 | 10:00 am | - | Festal Mass, Vaniyappara |
| 06-11 | | - | Synod |
| 16 | 09:00 am | - | Ordination, Dn. Sijo Varghese Thazhathuruthel (Holy Spirit Fathers), Rajagiri |
| | 06:00 pm | - | NKBC @ Sreepuram |
| 17 | 06:00 am | - | NKBC @ Sreepuram |
| | 04:30 pm | - | Holy Mass @ Madathil |
| 18 | 04:30 pm | - | Festal Mass, Pariyaram |
| 19 | 04:30 pm | - | Feast @ Vazhavatta |
| 25 | 08:30 am | - | First Communion, Chemperi |
| | 05:30 am | - | Holy Mass, Valavayal |
| 26 | 10:00 am | - | Festal Mass, Arinchermala |

**Secretary to the Archbishop Emeritus**

## നവംബർ 2024

23 തലശ്ശേരി സന്ദേശം ഭവനത്തിൽ വെച്ച് നടന്ന കരിസ്മാറ്റിക് അംഗങ്ങളുടെ പരിശീലന പരിപാടിയിൽ സമാപന സന്ദേശവും ആശീർവാദവും നൽകുകയും ചെയ്തു.

25 പെരുമ്പുന്ന ഫാത്തിമ മാതാ ദേവാലയത്തിൽ നിര്യാതനായ തെങ്ങുംപള്ളി ജോണിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

26 ചെമ്പേരിയിൽ വച്ച് നടന്ന ദേവാലയ ശുശ്രൂഷകളുടെ സംഗമത്തിൽ അധ്യക്ഷ സ്ഥാനവും 50 വർഷവും (ശ്രീ ജോയ് കണ്ണേഴുത്ത്, ശ്രീ ജോസഫ് പിണക്കാട്ടുപറമ്പിൽ) 25 വർഷവും ശുശ്രൂഷകരായി (ശ്രീ. സ്റ്റീഫൻ കൊയിത്തടത്തിൽ) സേവനം ചെയ്തവരെ ആദരിക്കുകയും അവാർഡുകൾ നൽകുകയും ചെയ്തു.

29 രാവിലെ 10 മണിക്ക് കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് നടന്ന ഫാ. ജോസഫ് കാരക്കുന്നേൽ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് നടന്ന ദിവ്യബലിയിൽ കാർമികത്വം വഹിച്ചു. വൈകിട്ട് 4:00 മണിക്ക് പുല്ലെടി സെന്റ് അൽഫോൻസാ ദൈവാലയത്തിൽ വെച്ച് നിര്യാതനായ പി.കെ. സ്റ്റീഫൻ പിണക്കാട്ടിന്റേ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

30 പുൽപ്പള്ളിയിൽ വച്ച് പെരുംകാട്ടിൽ ബിബിൻ – ബ്ലെസ്സി ദമ്പതികളുടെ ഇരട്ടക്കുട്ടികളായ മാത്യു, മരിയ എന്നിവർക്ക് പ്രഥമ കൂദാശ നൽകി.

## ഡിസംബർ 2024

07 മരിയൻ തീർത്ഥാടനത്തോടനുബന്ധിച്ച് ചെമ്പേരിയിൽ ലൂർദ് മാതാ ബസിലിക്കയിൽ തീർത്ഥാടകർക്കായി നടത്തിയ വിശുദ്ധ കുർബാനയിലും മരിയൻ സന്ധ്യയോട് അനുബന്ധിച്ച് നടന്ന ജപമാല റാലിയിലും പങ്കെടുത്തു.

14 ദിവ്യകാരുണ്യ വർഷത്തിന്റെ സമാപന പരിപാടിയോട് അനുബന്ധിച്ച് നടന്ന ദിവ്യകാരുണ്യ കോൺഗ്രസിലും ദിവ്യകാരുണ്യ പ്രദർശനത്തിലും പങ്കെടുത്തു.

22 തലശ്ശേരിയിൽ ബിഷപ്പ് ഹൗസിൽ ക്രിസ്തുമസിനോട് അനുബന്ധിച്ച് നടന്ന 'നോയൽ ടെലി'യിൽ പങ്കെടുത്തു.

**JANUARY 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 09 | - | Marriage Peravoor |
| 16 | - | Jubilee Kodanchery |
| 18 | - | Golden Jubilee Pattaram |
| 19 | - | Golden Jubilee Karayathumchal |
| 24 | - | Jubilee St. Joseph's Forane Church |
| 25 | - | Marriage Chundaparamba. |

**Secretary to the Archbishop Emeritus**








# തലശേരി അതിരൂപത
# മരിയൻ തീർത്ഥാടനം



RNI Reg. No. 5910 Date of Publication: 28/12/2024
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 08 ലക്കം : 01 വില : ₹10

## ജനുവരി 03
## വി. ചാവറ കുര്യാക്കോസ് ഏലിയാസ്



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.